

യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ

മാഗസിൻ 2021-22



*Flower in the crannied wall,*
*I pluck you out of the crannies,*
*I hold you here, root and all, in my hand,*
*Little flower—but if I could understand*
*What you are, root and all, and all in all,*
*I should know what God and man is.*

*Alfred Lord Tennyson*

# സമർപ്പണം

എൻ.ആർ. ബ്ലോക്കിന്റെ ചുമരിൽ
പൊട്ടിമുളച്ച പുൽനാമ്പിന്

BRAILLE MAGAZINE IS
AVAILABLE
AT COLLEGE LIBRARY.

SPONSORED BY UCCAANA



സ്വാതി സുഭാഷ്

# സ്നേഹസ്മരണകളിൽ



സല്ലാപ് പ്രദീപ്കുമാർ





Scan this to
download Ecosia

Future of Automation 166
സ്വാതന്ത്ര്യത്തിന്റെ പുതിയ ആകാശങ്ങൾ: ഗാന്ധിയുടെ യു.സി.കോളേജ് സന്ദർശനത്തിന്റെ 97 വർഷങ്ങൾ 155
സത്യാനന്തരകാലത്തെ മാധ്യമ ധാർമികത 68
സിനിമയുടെ കുതിപ്പും കിതപ്പും 182
ശുദ്ധികലശം ദുരന്തം വൈരുദ്ധ്യമോ വൈരൂപ്യമോ? 61
നിർമ്മിക്കപ്പെട്ട പൊതുബോധവും സൗന്ദര്യ സങ്കല്പങ്ങളും 14
കെനിറ്റ് സാഫോ ആധുനിക കാലത്തെ ജാതി പറവി 25
My First Day 30
വെള്ളിലവ 10
Rightfully Rooted 45



Politics of Rainbow 56
ഭരണി, തെറിപ്പാട്ട്, തെറി 32
पुस्तक समीक्षा 159
കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാകാം
മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ;
എണ്ണീടുകാർക്കുമിതുതാൻ ഗതി! സാധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്‌വു കിനാവു, കഷ്ടം!
Brain Drain in India 20
Obstructed Dreams 170

ഓർമയിൽ നൂറു പിറന്നാളുകളുടെ
സുഗന്ധവുമായി 'വെള്ളിരേഖ ' നമ്മെ
വരവേൽക്കുന്നു.

ഒരു കലാലയത്തിന്റെ നിർവചനങ്ങൾക്കപ്പുറം
ഈ സരസ്വതീക്ഷേത്രത്തിലെ യുവ
ഹൃദയങ്ങളിൽ പ്രതിഫലിക്കുന്ന ഒരു കുടന്ന
വെളിച്ചമാണിത്. അതിഭൗതികതയുടെ
മായക്കാഴ്ചകൾക്കപ്പുറം അകക്കണ്ണുകൾ
നൽകുന്ന ഉൾക്കാഴ്ച. ഉണ്മയുടെയും
പാരമ്പര്യത്തിന്റെയും കരുത്തിൽ പുതിയ
കാലത്തെയും ലോകത്തെയും പ്രത്യാശയോടെ
വരവേൽക്കാൻ നമുക്ക് കഴിയട്ടെ.

എല്ലാ മംഗളങ്ങളും നേരുന്നു.



സ്നേഹാശംസകളോടെ

ഡോ. താര കെ. സൈമൺ
(പ്രിൻസിപ്പൽ )

ഏകാധിപത്യ ഭരണകൂടങ്ങൾക്കുമേൽ
പുരുഷാധിപത്യ സമൂഹത്തിനുമേൽ
അനൗചിത്യ മതാധിപത്യത്തിനുമേൽ
വിള്ളലേൽപ്പിക്കുന്ന മിന്നലിന്റെ നേർത്ത
വെള്ളിരേഖ ആയി പ്രഹരിക്കട്ടെ ഇത്.

എമിൽ എൽദോ
(മാഗസിൻ എഡിറ്റർ)







അച്ഛൻ എന്നോ
വാക്കുകൊടുത്തിരുന്നതാണ് നെറ്റിപ്പട്ടം
കെട്ടിയ ആനക്കൊമ്പന്മാരും
ചെണ്ടമേളവും വെടിക്കെട്ടും എല്ലാമുള്ള
പൂരം കാണിക്കാൻ
കൊണ്ടുപോകാമെന്ന്. മൂന്ന് കൊല്ലം
മുമ്പു തന്ന വാക്ക് അച്ഛൻ ഇന്ന് പാലിച്ചു.
പുത്തനുടുപ്പും, നിറഞ്ഞ ചിരിയുമായി
പറഞ്ഞു കേട്ടിട്ട് മാത്രം ഉള്ള പൂരം
കാണാനായി അവൾ അച്ഛന്റെ
കൈപിടിച്ച് ഇറങ്ങുകയായി.

# വെള്ളിരേഖ

സിബൂ മോടയിൽ



ആടുകളുമായി ഒരു ഇടയൻ
മല ഇറങ്ങുന്നുണ്ട്,
താഴ്‌വരപ്പാടത്ത് കർഷകൻ
ഉഴുതുകൊണ്ടിരിക്കുന്നു,
മലമുകളിലെ കുടിലിൽ
പുക ഉയരുന്നുണ്ട്,
വറ്റൽമുളകു ചുട്ട മണം
കാറ്റുവണ്ടിയിലേറി
കുതിക്കുന്നു പാടം നോക്കി.

മാനത്തു ത്രികോണം
വരച്ചുകളിച്ചു കുരുവികൾ,
മണ്ണിൽ കുത്തിവരച്ചു
കോഴിക്കുരുന്നുകൾ,
മീതേ വലയം വരച്ചെടുത്തു
ക്വൊട്ടേഷൻ പരുന്തുകൾ,
എല്ലാത്തിനും മീതേ കഴുകൻ
ഒരു വെള്ളിരേഖ വരഞ്ഞു,
അലങ്കോലമായിപ്പോയി
ഉറുമ്പിൻ പാതപോലും!



# സാഹിത്യത്തിലെ ജനാധിപത്യ ഇടങ്ങൾ

എം.ജെ. ജിൻസ്
മലയാളം ഗവേഷണം

എന്തുകൊണ്ടാണ് ഒരാൾക്കിഷ്ടമുള്ള പാട്ട് മറ്റൊരാൾക്ക് അസഹനീയമാകുന്നത്? ഒരാൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചലച്ചിത്രം മറ്റൊരാൾക്ക് ബോറൻ പടമാകുന്നത്? ബഹുജനം പലവിധം എന്നതാണ് ഒറ്റ വാക്കിലുള്ള ഉത്തരം. നമുക്ക് പരിചിതരും അപരിചിതരുമായ ഭൂമിയിലെ അനേകകോടി മനുഷ്യരുടെ അഭിരുചികളും ആഗ്രഹങ്ങളും ഇഷ്ടാനിഷ്ടങ്ങളും ഒന്നും ഒരുപോലെയല്ല. അതിൽ പ്രത്യേകിച്ചൊരു പ്രശ്നവും ഇല്ലതാനും. എന്നാൽ നമുക്കിഷ്ടമില്ല എന്നതുകൊണ്ടുമാത്രം ഒരു പാട്ടിനെ മോശം പാട്ടെന്നു വിധിയെഴുതേണ്ടതുണ്ടോ? നമുക്ക് ബോറായിത്തോന്നിയതുകൊണ്ടുമാത്രം ഒരു സിനിമ മോശം സിനിമയായി മാറുമോ?

ഇതേ ചോദ്യം സാഹിത്യത്തെ സംബന്ധിച്ചും പ്രസക്തമാണ്. നമ്മുടെ അഭിരുചികൾക്കിണങ്ങുന്നില്ല എന്ന ഒറ്റക്കാരണംകൊണ്ട് ഒരു കഥയോ കവിതയോ നോവലോ മോശമാണ് എന്ന് തീർപ്പുകൽപ്പിക്കേണ്ടതുണ്ടോ? ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണെന്നതുപോലെതന്നെ സാഹിത്യവും ഒരു ജനാധിപത്യഭൂമികയാണ്. അവിടെ നമ്മൾക്കിഷ്ടമുള്ള എഴുത്തുകാരെ മാത്രമേ എല്ലാവരും ഇഷ്ടപ്പെടാവൂ എന്നു വാശിപിടിക്കുന്നതിൽ അർഥമില്ല. മുറകാമിയെക്കാൾ മുട്ടത്തുവർക്കിയെയാണ് ഒരാൾക്കിഷ്ടമെങ്കിൽ അതു ചോദ്യം ചെയ്യുവാൻ മറ്റൊരാൾക്കും അവകാശമില്ല. ആ ഇഷ്ടത്തിന്റെ കാരണം അയാൾ ഒരാളെയും ബോധിപ്പിക്കുകയും വേണ്ട. കാരണം ഈ ലോകം ഒരാളുടെയും സ്വന്തമല്ലാത്തതുപോലെ സാഹിത്യലോകവും ആരുടെയും അധീനതയിലല്ല.

ലോകത്തിൽ വലിയവരുടെ കല, ചെറിയവരുടെ കല എന്നിങ്ങനെ രണ്ടുതരം കലയില്ല എന്ന് ബെനഡിക്ടോ ക്രോച്ചേ എഴുതുന്നുണ്ട്. ചെമ്പൈയുടെ സംഗീതം പോലെതന്നെ വിലയുള്ളതാണ് നാടോടിപ്പാട്ടുകളും. ഖസാക്കിന്റെ ഇതിഹാസം പോലെ മനോഹരമാണ് പാടാത്ത പൈങ്കിളിയും. എഴുത്തുകാർ പ്രശസ്തരോ പുതുമുഖങ്ങളോ ആകട്ടെ, രചനകൾ പ്രശസ്തങ്ങളോ അപ്രശസ്തങ്ങളോ ആകട്ടെ അവ നിങ്ങളുടെ ഹൃദയത്തെ തൊടുന്നവെ





ങ്കിൽ, ചുണ്ടിലൊരു പുഞ്ചിരി വിടർത്തുന്നുവെങ്കിൽ അറിയാതെ കണ്ണൊന്നു നിറയുന്നുവെങ്കിൽ ആ കൃതി ജീവസ്സുറ്റ കൃതിയാണ്. നിങ്ങൾക്കുണ്ടായ ഈ വികാരവിക്ഷോഭങ്ങൾ ഇതേ കൃതി വായിക്കുന്ന മറ്റൊരാൾക്ക് ഉണ്ടാകണമെന്നുമില്ല. ലോകത്തിലെ എല്ലാ മനുഷ്യർക്കും ഒരേപോലെ ഇഷ്ടപ്പെട്ട ഒരു വസ്ത്രമോ  വിഭവമോ വാഹനമോ ഒന്നുമില്ലാത്തതുപോലെതന്നെ അങ്ങനെ ഒരു സാഹിത്യകൃതിയുമില്ല. ഈ അനന്യതയും വൈവിധ്യവുമാണ് ജീവിതത്തിന്റേതെന്നതുപോലെതന്നെ സാഹിത്യത്തിന്റെയും സൗന്ദര്യവും സൗഭാഗ്യവും.

"യത്രവിശ്വം ഭവത്യേകനീഡം" എന്നാണ് ടാഗോർ ശാന്തിനികേതനിൽ കുറിച്ചിട്ടത്. ഈ ലോകം മുഴുവൻ എന്റെ വീടാണ് എന്നർഥം. നമ്മുടെ വായനയെയും ഇങ്ങനെയൊരു ശാന്തിനികേതനാക്കുവാൻ കഴിഞ്ഞാൽ  ആസ്വാദനത്തിന്റെ ചക്രവാളങ്ങൾ ഏറെ വിസ്തൃതമാകും. ടോൾസ്റ്റോയും ദസ്തയേവ്സ്കിയും മുതൽ ഷരമാഗുവും യോസയും വരെയുള്ളവർ എഴുതിയ വിഖ്യാതഗ്രന്ഥങ്ങളുടെ വിവർത്തനങ്ങൾ നമ്മുടെ സാഹിത്യലോകത്തെ എത്രമാത്രം വികസ്വരമാക്കിയെന്നത്  സാഹിത്യപ്രേമികൾക്കറിയാം. സ്വഭാഷാകൃതികൾക്ക് പുറമേ ഇത്തരം വിവർത്തനകൃതികളിലേക്കും വായനാവഴി തുറക്കുന്നത് നമ്മുടെ ലോകബോധത്തെയും ജീവിതകാഴ്ചപ്പാടുകളെയും കൂടുതൽ വികസ്വരമാക്കുവാൻ സഹായിക്കും. സാഹിത്യത്തിന്റെ ഭൂമികയിൽ കാലദേശാതിർത്തികളൊന്നും തടസ്സമല്ല.

ഇനി വായനവിട്ട് എഴുത്തിലേക്ക് വന്നാലോ? 'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജയേത്" തുടങ്ങിയ മനുഷ്യത്വമില്ലാത്ത ജാതിനിയമങ്ങളൊക്കെയും മണ്ണടിഞ്ഞു കഴിഞ്ഞു. ഇന്നിവിടെ  ജീവിക്കുന്ന ഓരോ മനുഷ്യനും അവന്റെ (അവളുടെയും) ജീവിതത്തെ, ഭാവനയെ അവർക്കിഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കുവാനുള്ള ഇടവും സ്വാതന്ത്ര്യവുമുണ്ട്. അങ്ങനെയാണ് കള്ളനും ലൈംഗികത്തൊഴിലാളിക്കുംവരെ ആത്മകഥയുണ്ടാകുന്നത്. അങ്ങനെയാണ് അന്നോളം കാണാത്ത ലോകങ്ങളും അതുവരെയറിയാത്ത ജീവിതങ്ങളും വായനക്കാരന്റെ മാംസം തുളച്ച് ഉള്ളിലേക്ക് കടക്കുന്നത്.

ആരൊക്കെയെഴുതണം എന്ന ചോദ്യം അപ്രസക്തമായതുപോലെതന്നെ എങ്ങനെ എഴുതണമെന്ന ചോദ്യത്തിനും പുതിയ കാലത്ത് ലിഖിതമായ നിയമങ്ങളൊന്നുമില്ല. "നിൻ വഴി കാണുക നിൻ കണ്ണാൽ തന്നെ നീ" എന്ന കവിവാക്യംപോലെ സ്വന്തം എഴുത്തുവഴി സ്വയം തന്നെ നിർമിച്ചെടുക്കുന്നതാകും ഉചിതം. അനുകരണങ്ങളോ അമിതമായ പാണ്ഡിത്യപ്രയോഗങ്ങളോ എഴുത്തിനു തിളക്കം നൽകില്ല. ഹൃദയത്തിനു കാതോർക്കുക. ശേഷം ഭയലേശമില്ലാതെ എഴുതിത്തുടങ്ങുക. സാഹിത്യം ഇനിയും കൂടുതൽ തെളിച്ചവും വെളിച്ചവുമുള്ള ഒരു ജനാധിപത്യ ഇടമായി പ്രശോഭിക്കട്ടെ.

# നിർമ്മിക്കപ്പെട്ട പൊതുബോധവും സൗന്ദര്യസങ്കൽപങ്ങളും

അശ്വിനി ടി.ടി.
എക്കണോമിക്സ് ബിരുദം

സമൂഹം നിർണയിച്ചെടുത്ത സൗന്ദര്യസങ്കൽപങ്ങൾക്കനുസരിച്ചാണ് ഇന്ന് ഓരോ മനുഷ്യനും ജീവിക്കുന്നത്. ഇടുന്ന വസ്ത്രം മുതൽ ഒരു ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ വരെ സമൂഹം നിർണയിച്ചെടുത്ത ഈ പൊതുബോധം നല്ല രീതിയിൽ പ്രതിഫലിക്കുന്നത് കാണാം. ശരീരത്തിന് സ്വാഭാവികമായി കിട്ടിയ ഇരുണ്ട നിറം, ശരീരത്തിന്റെ സ്വാഭാവികവണ്ണത്തിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ തുടങ്ങിയവയെ അസ്വാഭാവികമായാണ് പൊതുസമൂഹം കണക്കാക്കുന്നത്.

പൊതുസമൂഹത്തിൽ ഇത്തരത്തിലുള്ള പൊതുബോധം സൃഷ്ടിക്കുന്നതിൽ കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, നവമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിവയ്ക്ക് വലിയപങ്കുണ്ട്. "കറുപ്പാണെങ്കിലും നീ സുന്ദരിയല്ലേ/സുന്ദരനല്ലേ" ജനിച്ച കാലം മുതൽ നമ്മളിൽ പലരും കേട്ടുകൊണ്ടിരിക്കുന്ന ഒന്നാണിത്. അതെന്തേ കറുപ്പാണെങ്കിലും...? ഒരു കുഞ്ഞ് ജനിക്കുന്ന കാലം മുതൽ കറുത്ത നിറത്തിലാണെങ്കിൽ അതിനെ ചൊല്ലി ഏറ്റവുമധികം വേവലാതിപ്പെടുന്നത് അവരുടെ മാതാപിതാക്കളാണ്. എന്തുകൊണ്ടാണ് ഈ നിറത്തെ നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയാത്തത്?

ജനിക്കുന്ന കുട്ടിക്ക് നിറം കുറഞ്ഞുപോയാൽ അത് വെളുപ്പിക്കാൻ വേണ്ടി അച്ഛനമ്മമാർ നടത്തുന്ന പെടാപാടുകൾ ഒരുതരത്തിൽ അരക്ഷിത ബോധമാണ് കുട്ടികളിൽ സൃഷ്ടിക്കുന്നത്. നിന്റെ നിറം കറുപ്പായതുകൊണ്ട് നീ ഈ നിറത്തിലുള്ള വസ്ത്രം ധരിച്ചാൽ മതി എന്ന തരത്തിലുള്ള സംസാരങ്ങൾ തനിക്കെന്തോ വലിയ കുറവുണ്ട് എന്നുള്ള തോന്നലുകൾ മനുഷ്യരിൽ ഉണ്ടാക്കുന്നുണ്ട്.

വിദ്യാഭ്യാസമേഖലകളിൽ ചെറിയ ക്ലാസ്സ് മുതലുള്ള പാഠപുസ്തകങ്ങളിൽ ഇത്തരത്തിലുള്ള വർണബോധം കുത്തിനിറയ്ക്കുന്നത് കാണാം. വെളുപ്പ് നന്മയും കറുപ്പ് തിന്മയും എന്ന അറിവാണ് അവിടെനിന്നും നൽകുന്നത്. മാത്രമല്ല സ്കൂളുകളിൽ നടത്തുന്ന പല പരിപാടികളിൽനിന്നും ഇത്തരം പ്രവണത മൂലം പല കുട്ടികളും പിൻനിരയിലേക്ക് തള്ളപ്പെടാറുമുണ്ട്. നിറം കറുപ്പായതുകൊണ്ട് പല അവസരങ്ങൾ നഷ്ടപ്പെട്ടവരും പല തരത്തിലുള്ള അധിക്ഷേപങ്ങൾ നേരിടേണ്ടി വന്നിട്ടുള്ളവരും ഇപ്പോഴും നമുക്ക് ചുറ്റുമുണ്ട്.

തൊലിനിറം നോക്കി അവന്റെ ജാതിയും സ്വഭാവവും പറയുന്ന ഒരു പ്രവണതയുള്ള ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന വസ്തുത ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ടതുണ്ട്. സമൂഹത്തിന്റെ പൊതുബോധത്തിന്റെ ഭാഗമായി സ്വന്തം ശരീരത്തിന്റെ സ്വാഭാവികമായ ഏറ്റക്കുറച്ചിലുകൾ മൂലം പല തരത്തിലുള്ള അരക്ഷിതാവസ്ഥയനുഭവിക്കുന്ന മനുഷ്യരും നമുക്ക് ചുറ്റുമുണ്ട്. മനുഷ്യരിൽ ഇത്തരത്തിലുള്ള അരക്ഷിതബോധം ഉണ്ടാക്കിയെടുക്കുന്നതിൽ കുടുംബമുൾപ്പെടെ മനുഷ്യരിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന എല്ലാത്തിനും വലിയ പങ്കുണ്ട്.



ഇത്തരത്തിലുള്ള വർണബോധവും മനുഷ്യശരീരത്തിനെക്കുറിച്ചുള്ള അരക്ഷിതബോധവും സമൂഹത്തിൽ ഉണ്ടാക്കുന്നതിൽ നവമാധ്യമങ്ങളും ഒട്ടും പുറകിലല്ല.

ടെലിവിഷനിൽ വരുന്ന സൗന്ദര്യവർധകവസ്തുക്കളുടെ പരസ്യങ്ങൾ കണ്ടാൽ 'വെളുപ്പിച്ചാലേ' ഈ ലോകത്ത് ജീവിക്കാൻ കഴിയുകയുള്ളൂ എന്ന തോന്നലുകൾ മനുഷ്യരിൽ ഉണ്ടാകും. സ്വാഭാവികമായി ലഭിക്കുന്ന ശരീരത്തിന്റെ ഇരുണ്ട നിറത്തെ ഒരു തരത്തിലും അംഗീകരിക്കാൻ പൊതുസമൂഹത്തിനു കഴിയില്ല എന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് ഇത്തരത്തിൽ വർധിച്ചുവരുന്ന സൗന്ദര്യവർധകവസ്തുക്കളുടെ പരസ്യങ്ങൾ.

ഇതെല്ലാം കറുപ്പ് എന്തോ വലിയ പ്രശ്നമാണ് എന്ന പൊതുബോധം സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല 'അമിതവണ്ണം കുറയ്ക്കാൻ', 'കഷണ്ടിക്ക് പരിഹാരം' എന്നുള്ള പരസ്യങ്ങളും ഇതേ പൊതുബോധം തന്നെയാണ് ഉണ്ടാക്കുന്നത്.

The Drugs and Magic Remedies (Objectionable Advertisements) Act, 1954 പ്രകാരം ഇത്തരത്തിലുള്ള പരസ്യപ്രചാരങ്ങൾ നിയമവിരുദ്ധമായിട്ടുകൂടി പൊതുസമൂഹത്തിൽ ഇതിന് വലിയ മാർക്കറ്റും പ്രേക്ഷകരും ഉപഭോക്താക്കളും ഉണ്ടാകുന്നത് ഇത്തരത്തിൽ നിർമിച്ചെടുത്ത പൊതുബോധവും അരക്ഷിതാവസ്ഥയുമാണ് എന്നത് ഒരു യാഥാർഥ്യമാണ്.

ഇന്ന് ടെലിവിഷനിലൂടെ കാണിക്കുന്ന പല റിയാലിറ്റി ഷോകളും കറുപ്പ് നിറത്തിലുള്ള മനുഷ്യരെയും, വണ്ണം കൂടുതലുള്ളതും വണ്ണം കുറഞ്ഞതുമായ മനുഷ്യരെയും, കഷണ്ടിയുള്ള മനുഷ്യരെയും കോമാളികളായി ചിത്രീകരിക്കുകയും പരസ്യമായി അധിക്ഷേപിക്കുകയും ചെയ്യാറുണ്ട്. നവമാധ്യമങ്ങളിൽ ട്രോളുകളായും സ്റ്റിക്കറുകളായും ഇത്തരം അധിക്ഷേപങ്ങൾ ദിനംപ്രതി കണ്ടുവരുന്നു. ഇതെല്ലാം നിർമിക്കുന്ന പൊതുബോധത്തിലാണ് ഇന്നത്തെ സമൂഹം മുന്നോട്ട് പോകുന്നത്.

ഇന്ന് നമ്മളിൽ പലരുടെയും ഫേസ്ബുക് ഇൻസ്റ്റാഗ്രാം പേജുകൾ

എടുത്തു നോക്കിയാൽ അറിയാം നമ്മൾ എത്രത്തോളം നമ്മുടെ പ്രകൃതിദത്തമായ സൗന്ദര്യത്തെ അംഗീകരിക്കുന്നുവെന്ന്. ഫിൽറ്റർ ഇട്ടു വെളുപ്പിച്ച് മുഖംമൂടികൾ അണിഞ്ഞാണ് നമ്മളിൽ പലരും നമ്മുടെ ചിത്രങ്ങൾ പങ്കുവെക്കുന്നത്.

നമ്മുടെ പ്രകൃതിദത്തമായ സൗന്ദര്യം നമ്മുടെയുള്ളിൽ ഒരു അരക്ഷിതബോധം ഉണ്ടാക്കുന്നുവെങ്കിൽ തീർച്ചയായും അത് സമൂഹത്തിൽ ഇത്തരത്തിൽ നിർമിച്ചെടുത്ത പൊതുബോധത്തിന്റെ ഭാഗം തന്നെയാണ്. ബ്യൂട്ടി ടിപ്സ് പറഞ്ഞുതരുന്ന യൂട്യൂബ് ചാനലുകൾ കൂടിവരുന്നതും അതിന് നിരവധി പ്രേക്ഷകർ ഉണ്ടാകുന്നതും ഇത്തരത്തിൽ സമൂഹം നിർമിച്ചെടുത്ത സൗന്ദര്യബോധംകൊണ്ടാണ് എന്നതിന് യാതൊരു സംശയവുമില്ല.

ഇതെല്ലാം പറയുമ്പോഴും ഇതൊക്കെ ഓരോരുത്തരുടെ താല്പര്യമാണ് എന്ന് പറയുന്നവരോട്: എന്തുകൊണ്ട് കറുപ്പ് നിങ്ങളുടെ താല്പര്യം ആകുന്നില്ല? എന്തുകൊണ്ടാണ് ശരീരത്തിൽ ഉണ്ടാകുന്ന സ്വാഭാവികവണ്ണം നിങ്ങളെ അസ്വസ്ഥരാക്കുന്നത്?

ഇന്ന് പലരും തങ്ങളുടെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോഴും ഇത്തരത്തിലുള്ള പൊതുബോധം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് പലപ്പോഴായും തോന്നിയിട്ടുണ്ട്. മാത്രമല്ല വണ്ണം കൂടുതലുള്ള സ്ത്രീയും മെലിഞ്ഞ പുരുഷനും തമ്മിലുള്ള വിവാഹം വളരെ വിചിത്രമായിട്ടാണ് ചുറ്റുമുള്ളവർ നോക്കിക്കാണുന്നത്. ഇതേ വിചിത്രഭാവത്തിലാണ് പൊക്കമുള്ള സ്ത്രീക്ക് പൊക്കം കുറഞ്ഞ പുരുഷനെ കിട്ടുമ്പോൾ എന്നതും എടുത്തു പറയേണ്ടതുണ്ട്. പല വിവാഹച്ചടങ്ങുകളിലും വർണബോധവും ശരീരത്തിന്റെ സ്വാഭാവിക ഏറ്റക്കുറച്ചിലുകളും ഉണ്ടാക്കുന്ന അസ്വസ്ഥതകളിൽ നിന്നുകൊണ്ട് "ഇവന് ഇവളെക്കാൾ നല്ലൊരു പെണ്ണിനെ കിട്ടുമായിരുന്നു" എന്ന സംസാരം ഒളിഞ്ഞും തെളിഞ്ഞും കേൾക്കാറുണ്ട്. നേരെ തിരിച്ചും സംഭവിക്കാറുണ്ട്. എങ്കിലും സ്ത്രീകളെ ആ രീതിയിൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് എടുത്തു പറയേണ്ട ഒന്നാണ്.

ഫേസ്ബുക്ക് ഇൻസ്റ്റഗ്രാം പോലുള്ള മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള പോസ്റ്റുകൾക്ക് കീഴിൽ വരുന്ന കമെന്റുകൾ നോക്കിയാൽ ഈ പൊതുബോധം എത്രത്തോളം ഉണ്ടെന്ന് മനസ്സിലാവും.



വർണ്ണവിവേചനവും ബോഡി ഷെയ്മിങ്ങും നല്ലരീതിയിൽ കാണാൻ പറ്റും. ഈ പൊതുബോധത്തെ മറികടന്നു മുന്നോട്ട് വരുന്ന മനുഷ്യരെ ഒരു തരത്തിലും പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ല. എന്തോ വൈചിത്ര്യമായാണ് സമൂഹം അതിനെയെല്ലാം നോക്കിക്കാണുന്നത്.

പൊതുസമൂഹം കൊണ്ടുനടക്കുന്ന സൗന്ദര്യബോധം സൃഷ്ടിക്കുന്നതിൽ സിനിമകൾക്കുള്ള പങ്കിനെക്കുറിച്ചും എടുത്തു പറയേണ്ടതുണ്ട്. സിനിമയ്ക്കകത്തും പുറത്തും വർണ്ണവിവേചനം നല്ല രീതിയിൽ ഉണ്ട്. പലസിനിമകളിലും കറുത്ത മനുഷ്യരെ അധിക്ഷേപിക്കുന്ന തരത്തിൽ കോമാളികളായും ചിത്രീകരിക്കാറുണ്ട്. പ്രത്യേക ജാതിയെ കാണിക്കാൻ വേണ്ടിമാത്രം കറുത്ത മനുഷ്യരെ സിനിമയിൽ ഉപയോഗിക്കാറുണ്ട്. അതുമല്ല സിനിമയിലെ 'പ്രിവിലേജ്ഡ്' ആയിട്ടുള്ള കഥാപാത്രങ്ങളുടെ വേലക്കാരായും ഇത്തരം മനുഷ്യരെ ഉൾപ്പെടുത്താറുണ്ട്. ഇതെല്ലാം സിനിമയ്ക്കകത്തെ വർണ്ണ–ജാതി ബോധംതന്നെയാണ്. മലയാളസിനിമയിലെ നായികാനായകന്മാരെ എടുത്തുനോക്കിയാൽ തന്നെ മനസ്സിലാകും അതുപകർന്നു നൽകുന്ന സൗന്ദര്യസങ്കൽപം എത്രത്തോളമാണെന്ന്. അറുപതുകളുടെ കാലഘട്ടത്തിൽ നായികമാരുടെ ശരീരഘടനയ്ക്കോ നിറത്തിനോ ഒരു പരിധി വരെ പ്രാധാന്യം കൊടുത്തിരുന്നില്ല എന്നത് അക്കാലഘട്ടങ്ങളിലെ സിനിമകൾ എടുത്തുനോക്കിയാൽ മനസിലാവും.

പിന്നീടിങ്ങോട്ടുള്ള കാലഘട്ടങ്ങളിൽ അത് മാറിവരികയും ഒരു വാർപ്പ്മാതൃക എല്ലാറ്റിനും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. സത്യൻ മാഷ് അരങ്ങുവാണിരുന്ന മലയാളസിനിമയിൽ കാലങ്ങൾക്ക് ശേഷമാണ് കലാഭവൻ മണിയെയും വിനായകനെയും പോലുള്ളവരെ നായകസ്ഥാനങ്ങളിൽ അംഗീകരിക്കാൻ തുടങ്ങിയത്.

നിറം കറുപ്പായതുകൊണ്ടുതന്നെ കലാഭവൻ മണി എന്ന നടന്റെ കൂടെ അഭിനയിക്കാൻ കഴിയില്ലെന്ന് പറഞ്ഞ നായികമാരുണ്ടായിരുന്നു നമ്മുടെ മലയാളസിനിമയിൽ. കലാഭവൻ മണിയെയും വിനായകനെയും പോലുള്ളവരെ ഏതെങ്കിലുമൊരു പ്രത്യേക നായകകഥാപാത്രം എന്ന നിലയിലേക്ക് മാത്രമേ അംഗീകരിച്ചിട്ടുള്ളൂ എന്നതും എടുത്തുപറയേണ്ടതുണ്ട്.

മലയാളസിനിമയിലെ വില്ലൻറോളുകൾക്കും ഗുണ്ടാസംഘങ്ങൾക്കുമെല്ലാം കറുത്തതും തടിച്ചതുമായ മനുഷ്യരെയാണ് ഉൾപ്പെടുത്താറ്. അതൊരുതരത്തി



ലുള്ള പൊതുബോധം സൃഷ്ടിക്കലിന്റെ ഭാഗമാണ്. ഈ കാലഘട്ടത്തിലെ സിനിമകളിൽ നിറവും രൂപവും നായികാ നായക സങ്കൽപ്പങ്ങൾക്ക് ഒരു പ്രധാന ഘടകം തന്നെയാണ്.

നായകസങ്കൽപ്പങ്ങളിൽ ഇന്ന് ഒരു പരിധി വരെ മാറ്റമുണ്ടായിട്ടുണ്ട്, എങ്കിലും നായികമാരുടെ തിരഞ്ഞെടുപ്പിൽ ആ സൗന്ദര്യസങ്കൽപ്പങ്ങൾക്ക് ഒരു തരത്തിലുള്ള മാറ്റവും ഉണ്ടായിട്ടില്ല.

നായികമാരുടെ കാര്യത്തിൽ മുഖത്തിന്റെ നിറവും ശരീരസൗന്ദര്യവും ഇന്നും ഒരു വലിയ ഘടകം തന്നെയാണ്. ഒരു സമയത്ത് സ്ഥിരം നായികമാരായിരുന്ന പല നടിമാരും പിന്നീട് അമ്മവേഷങ്ങളിലേക്ക് മാറ്റപ്പെടുന്നത് അവരുടെ ശരീരഘടനയിൽ ഉണ്ടായ മാറ്റംകൊണ്ടുതന്നെയാണ്.

മാത്രമല്ല, ഇവിടെ എടുത്തു പറയേണ്ട മറ്റൊരു വിഷയം; നിറമില്ലാത്ത നടിമാരെ വെള്ളപൂശി ഇറക്കുന്നതും നായികാ സങ്കൽപ്പങ്ങളിലെ വാർപ്പ്മാതൃകകളിൽനിന്ന് ഒരു തരിപോലും മാറാതെ നിറമുള്ളവരെ കറുപ്പ് പൂശി ഇറക്കുന്നതുമായ പ്രവണത കണ്ടുവരുന്നുണ്ട്. ഉറൂബിന്റെ രാച്ചിയമ്മ സിനിമയായപ്പോൾ ഉണ്ടായ മാറ്റം ആണ്ണും പെണ്ണും എന്ന സിനിമയിൽ നമ്മൾ കണ്ടതാണ്. യഥാർഥത്തിൽ രാച്ചിയമ്മ ഒരു കറുത്ത സ്ത്രീയാണ്. സാഹിത്യം ദൃശ്യാനുഭവമാകുമ്പോഴും സൗന്ദര്യ സങ്കൽപ്പങ്ങൾ അതേ പടി തുടരുന്നു. അതിനുള്ള മറ്റൊരു ഉദാഹരണമാണ് ഇന്ന് ടെലിവിഷനിൽ വരുന്ന മഹാഭാരതം പോലുള്ള പരമ്പരകൾ. മഹാഭാരതം എന്ന സാ



ഹിത്യത്തിൽ കൃഷ്ണനും പാഞ്ചാലിയും മറ്റും കറുത്തവരായാണ് പരാമർശിക്കുന്നതെങ്കിലും അതൊരു ദൃശ്യാനുഭവമാക്കി മാറ്റുമ്പോൾ ഇവരെയെല്ലാം വെള്ള പൂശുന്നു. ഇതെല്ലാംതന്നെ ഒരു തരത്തിലുള്ള സൗന്ദര്യസങ്കൽപ്പങ്ങൾ സൃഷ്ടിച്ചെടുക്കലാണ്.

സമൂഹത്തിൽ ഇന്ന് വളരെയേറെ ചർച്ചയാകുന്ന വിഷയം തന്നെയാണ് ഇത്തരത്തിൽ നിർമിച്ചെടുത്ത സൗന്ദര്യസങ്കൽപ്പങ്ങളും പൊതുബോധവും. മനുഷ്യന്റെ കാഴ്ചപ്പാടിൽ സിംഹഭാഗത്തെയും സ്വാധീനിക്കുന്നത് നമ്മൾ നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന നവമാധ്യമങ്ങളും സിനിമപോലുള്ള ദൃശ്യമാധ്യമങ്ങളും ആണെന്നുള്ളതിൽ ഒരു തർക്കവുമില്ല. ഇന്നുള്ള പല കാര്യങ്ങളെയും ഒരു പരിധിവരെ നോർമൽ ആയി കാണാൻ ഇവയൊക്കെയും തന്നെ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഉദാഹരണമായി സ്വവർഗപ്രണയബന്ധങ്ങൾ തുടങ്ങിയവയെ ഇന്നുള്ള തലമുറ ഒരു പരിധിവരെ നോർമൽ ആയി കാണാൻ കാരണം ഇതിന്റെയെല്ലാം സ്വാധീനംകൊണ്ടാണ് എന്നത് എടുത്തുപറയേണ്ട ഒന്നാണ്. അതുകൊണ്ടുതന്നെ ഇവയ്ക്ക് തീർച്ചയായും ഈ ഒരു പൊതുബോധത്തെ പൊളിച്ചെഴുതാൻ സാധിക്കും എന്നതിൽ സംശയമില്ല. ഒരു മാറ്റം ആഗ്രഹിക്കുന്ന വ്യക്തികൾ എന്ന നിലയിൽ തന്റെ നിറത്തിന്റെയും ശരീരത്തിന്റെയും രാഷ്ട്രീയം സംസാരിച്ചുകൊണ്ടുള്ള നിരന്തരമായ ഇടപെടൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും വളരെ വലുതാണ്.



Michelle Lillian Mammen
BA Economics



# BRAIN DRAIN IN INDIA

## SOMETHING THE COUNTRY CAN FIX OR YOU CAN FIX?

We've all come across these conversations multiple times before:
"So, what are your plans after college?"
"Where would you want to start your business?
"Where is that couple settling after marriage?"
The answer to all these questions are usually the same. "Abroad" or "outside India".

Take a look at this recent report that states: 'Over 8000 high net-worth Indians were set to leave India in 2022, with many migrating to Europe, America or the Middle East.'

Now arises a situation where the government and citizens point fingers at each other. But who should fix this brain drain issue in India?

Saying that all the Indians are fleeing the country, because our country is not such a good place to live, is an opinionated statement. It could be searching for better education, jobs, quality of life or Instagram-worthy locations.



But if all of us leave, how will our country get better? Isn't that a valid question? A question for both the government AND the people.

A country is run by its people. At the same time, it is also run by the people who choose their government. Now, isn't the Government of India not worried that all of their young, skilled and talented citizens are slipping away at an alarming rate? Dear Government, if there are lesser people in the country to pay your taxes, won't this lead you to increase the taxes further and to even more people fleeing? This is a horrendous cycle that the Government must open their eyes to! And the solutions to all these problems are numerous.

A few important ones that come to mind are- cleaner surroundings,



higher wages with better health insurance, improving infra-structure and revamping technologies. For more than 75 years, we have complained that the British stole our diamond(s). Let us at least do our best to stop the rest of the world from taking the current treasure that we possess.

Now suppose the Government does take action. Does the problem end there? That's where the duty of the citizens comes into play. Please note that I am not criticising those who have left the country, nor am I ques-tioning the love they have for their country. But I am pointing out the societal mentality of glorifying the 'Life abroad', which should stop.

We need to stop subconsciously inspiring people to settle abroad that may not be as attractive as it seems, with all the money and effort that goes into it. We have seen Indians struggle day and night to escape from the soil they once loved as children. This toxic relationship between the people and their homeland has to change. It starts with real-ising that a country's quality of life is developed mainly by its people.

My College Professor once said, "Instead of sitting and complaining about your Country, get up and do something for HER" . Let us not sit back and watch other nations de-velop at a fast pace while India lags. Are we willing to watch our talented generation work, pay taxes and im-prove another country rather than their Motherland?

Not to sound overly patriotic, but our ancestors fought hard for our land to be free. We must not let a country with such rich culture and potential go to waste!

We all have the freedom to choose where we must settle and who we work for. It is worth noting that your effort - whether in the field of business, medicine, technology or arts - could push our Country to its former glory. And you will be proud of the result. I can promise you that.



അങ്ങനെ അവർ വടക്കുംനാഥനെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. പുറത്തെ കാഴ്ചകളും, ഒരുപക്ഷെ അവർ പോകുന്നിടത്തേക്ക് തന്നെ പോകുന്നവരായ ആ ബസ്സിലെ യാത്രക്കാരുടെ സംഭാഷണങ്ങളും ഉത്സാഹത്തോടെ ശ്രദ്ധിച്ചിരുന്ന അവൾക്ക് അച്ഛൻ പൂരത്തിന്റെ വിസ്മയങ്ങളെ കുറിച്ചും പറഞ്ഞു കൊടുക്കുന്നുണ്ടായിരുന്നു. കൂടെ പണ്ടൊരുകാലത്ത് ജാതിയുടെ പേരിൽ അമ്പലത്തിൽ പോലും പ്രവേശനം ഇല്ലാതിരുന്ന ഒരു കൂട്ടം ജനത്തെ പറ്റിയും.







# മെറിറ്റ്

## അഥവാ ആധുനികകാലത്തെ ജാതിപദവി

സാന്ദ്ര സുധാകരൻ
മലയാളം ബിരുദം

" നിങ്ങൾ ഇഷ്ടമുള്ള ഏതു ദിശയിലേക്കും തിരിയുക, ജാതി നിങ്ങളുടെ പാത മുറിച്ചു കടക്കുന്ന രാക്ഷസനാണ്. "

സ്വാതന്ത്ര്യം ലഭിച്ച 75 വർഷങ്ങൾക്കിപ്പുറവും അംബേദ്കറിന്റെ ഈ വാക്കുകൾ സത്യമായി തുടരുന്നു. സാമൂഹിക അടിമത്തത്തെ നേരിടാനും അധഃസ്ഥിതരായ ജനവിഭാഗങ്ങൾക്ക് സാമൂഹികപദവി, സാമ്പത്തികപുരോഗതി, രാഷ്ട്രീയ സ്വാതന്ത്ര്യം എന്നിവ നേടിയെടുക്കാനുമുള്ള ഉപകരണമായി അദ്ദേഹം കരുതിയത് വിദ്യാഭ്യാസത്തെയാണ്. വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഒരു മൗലികപ്രശ്നമായി നിലനിൽക്കുന്ന ഇന്ന് ഒരു വ്യക്തിയുടെ വിജയം പ്രധാനമായും വിഭവങ്ങളിലേക്കുള്ള പ്രവേശനത്തെ ആശ്രയിച്ചിരിക്കുന്നു. സാമൂഹിക സാമ്പത്തിക ജാതി നേട്ടങ്ങളാൽ രൂപപ്പെടുന്ന "മെറിറ്റ്" വിവേചനത്തിന്റെ മറ്റൊരു രൂപമായി മാറുന്നു.

ഒരു പൊതുജനാരോഗ്യപ്രതിസന്ധി രാജ്യത്തെ പിടിമുറുക്കുകയും, കോവിഡ് കാല ഡിജിറ്റൽ വിദ്യാഭ്യാസം ആധുനികസമൂഹത്തിൽ സൃഷ്ടിച്ച സാധ്യതകളെയും പ്രതിസന്ധികളെയും കുറിച്ച് നിരന്തരം ചർച്ചകളുണ്ടാവുകയും ചെയ്യുമ്പോഴും, സാങ്കേതികശാസ്ത്രപഠനത്തിനായുള്ള രാജ്യത്തെ മികച്ച പൊതുമേഖല സ്ഥാപനമായ ഐ.ഐ.ടി.-യിൽനിന്ന് ഉയർന്നുവരുന്നത് പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപെട്ട വിദ്യാർഥികൾ നേരിടുന്ന ജാതി അധിക്ഷേപത്തിന്റെ വാർത്തയാണ്.

പലപ്പോഴും ഒരു നിഷ്പക്ഷപദമായി കാണപ്പെടുന്ന മെറിറ്റ് പാഠ്യപദ്ധതിയിലെ വ്യാപകമായ വിവേചനത്തിന്റെയും ഒഴിവാക്കലിന്റെയും മറ്റൊരു രൂപമാണ്. ഒരു വ്യക്തിയുടെ കഴിവെന്ന നിലയിൽ ജെ.ഇ.ഇ. പോലുള്ള ഏതൊരു മത്സരപരീക്ഷയിലും അളക്കപ്പെടുന്നത് അയാളുടെ ജാതി, സാമൂഹിക സാമ്പത്തിക നില, സ്കൂൾ വിദ്യാഭ്യാസം എന്നിവയാൽ രൂപപ്പെടുന്ന വിഭവങ്ങളാണ്. ഈ ഘടകങ്ങളെ ആശ്രയിച്ചാണ് പ്രവേശനവും.

രണ്ടായിരമാണ്ടിൽ രാജ്യത്തുടനീളമുള്ള സാമ്പത്തിക വിഷയങ്ങളിലെ വ്യതിയാനങ്ങളെക്കുറിച്ച് സംസാരിക്കവേ ധനകാര്യവിദഗ്ധൻ പ്രൊഫ. ടി.എൻ. ശ്രീനിവാസൻ നടത്തിയ ശ്രദ്ധേയമായ നിരീക്ഷണം ഇങ്ങനെയാണ്: " ഇന്ത്യയിൽ ഒരാൾ ദരിദ്രനായി കഴിയുന്നുണ്ടെങ്കിൽ അയാൾ പട്ടികജാതി / പട്ടികവർഗ വിഭാഗത്തിൽ പെടുന്നയാളോ സാമൂഹികവിവേചനം അനുഭ





വിക്കുന്ന മറ്റേതെങ്കിലും വിഭാഗത്തിൽ പെടുന്നയാളോ ആകും. അയാൾ നിരക്ഷരനോ വിദ്യാഭ്യാസം കുറഞ്ഞവനോ ആകാനും സാധ്യത ഏറെയാണ്." 85% ലേറെ ദരിദ്രരും ദളിത് വിഭാഗത്തിൽപ്പെടുന്ന ഇന്ത്യയിൽ ഉയർന്ന ജാതിക്കാർക്ക് വിഭവങ്ങളിലേക്ക് മെച്ചപ്പെട്ട പ്രവേശനമുള്ളതിനാൽ, അവർക്ക് പാരമ്പര്യമായി ലഭിച്ച മൂലധനത്തെ മെറിറ്റിനുള്ള അവകാശവാദം ആക്കി മാറ്റാൻ സാധിക്കുന്നു എന്നതാണ് വാസ്തവം. തത്ഫലമായി അവിടെയവർ സ്വന്തം സാംസ്കാരികമൂലധനത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു.

സാമൂഹികശാസ്ത്രജ്ഞനായ സതീഷ് ദേശ്പാണ്ഡേയെ ഉദ്ധരിക്കുകയാണെങ്കിൽ, 'തങ്ങളുടെ ജാതിമൂലധനത്തെ ആധുനികമൂലധനമാക്കി മാറ്റുന്നതിലൂടെ മേൽജാതിക്കാർക്ക് ഇപ്പോൾ ജാതിരഹിതരാണെന്ന് അവകാശപ്പെടാനും, താഴ്ന്ന ജാതിക്കാരെ നിയമവിരുദ്ധമായി ജാതി പ്രചരിപ്പിക്കുന്നവരാണെന്ന് ആരോപിക്കാനും കഴിയും'.

ഇത്തരം പ്രവണതകളെ എതിർത്തുകൊണ്ടാണ് പരീക്ഷ പരിശീലനവും സംവരണവും നിലവിൽ വരുന്നത്. എന്നാൽ സംവരണവിഭാഗത്തിലെ വിദ്യാർഥികൾ യോഗ്യതയില്ലാത്തവരാണെന്ന ജാതിവാദം പോലെ ശൂന്യമായ ആശയത്തിലൂടെ യുവമനസ്സുകളിൽ വിദ്വേഷം വളർത്തുന്നത് തലമുറകളിലൂടെ ജാതിശ്രേണി നിലനിർത്തുന്നതിനുള്ള ഉപാധിയായി മാറുന്നു. ഇതിന് ഇരയാക്കപ്പെടുന്നവരുടെ പട്ടിക രോഹിത് വെമുലയിലൂടെയും ഡോ. പായൽ തദ്വിയിലൂടെയും നീളുന്നു. ഔദ്യോഗികകണക്കുകൾ പ്രകാരം ദളിത് വിഭാഗത്തിലെ സ്കൂൾ വിദ്യാർഥികളുടെ വിഹിതം പ്രാഥമികതലത്തിൽ 81%ത്തിൽനിന്ന് സെക്കൻഡറി തലത്തിൽ 68% മായും ഉന്നതവിദ്യാഭ്യാസരംഗത്ത് 11% മായും കുറയുന്നു.

ഇതിനെയെല്ലാം ചോദ്യംചെയ്തുകൊണ്ട് അടുത്ത കാലത്തായി ഉടലെടുത്ത ഐ.ഐ.ടി.

ബോംബെയിലെ അംബേദ്കർ പെരിയാർ ഫുലെ സ്റ്റഡി സർക്കിൾ, ഗാന്ധിനഗർ ഐ.ഐ.ടി. യിലെ അംബേദ്കർ പെരിയാർ ഫുലെ സ്റ്റഡി സർക്കിൾ, ഐ.ഐ.ടി. മദ്രാസിലെ ചിന്താബാർ തുടങ്ങിയ ദളിത് വിദ്യാർഥി കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ പ്രത്യാശ പകരുന്നതാണ്. വിദ്യാർഥി കൗൺസിലുകൾ ഏറ്റവും കുറവ് പങ്കുവഹിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ സാമൂഹികനീതി ഉറപ്പാക്കുന്നതിൽ ഇത്തരം സംഘടനകളുടെ പങ്ക് വളരെ വലുതാണ്. ഇവിടെ സുസ്ഥിരപരിഹാരമാർഗമാണനിവാര്യം.

മാറ്റം വരേണ്ടത് ചിന്തയിലാണ്. കാരണം ജാതി ഒരു മാനസികാവസ്ഥയാണ്. അംബേദ്കർ പറയുന്നു "മൗലികവാദങ്ങളെ സമുദായം എതിർക്കുന്നുവെങ്കിൽ, ഒരു നിയമത്തിനും പാർലമെന്റിനും ജുഡീഷ്യറിയ്ക്കും ആ വാക്ക് യഥാർഥ അർഥത്തിൽ ഉറപ്പു നൽകാൻ കഴിയില്ല". അമേരിക്കയിലെ നീഗ്രോക്കാർക്കും ജർമനിയിലെ ജൂതന്മാർക്കും ഇന്ത്യയിലെ അസ്പർശൻമാർക്കും ഉള്ള മൗലികാവകാശങ്ങൾകൊണ്ടെന്ത് പ്രയോജനം? ബാർക്ക് പറഞ്ഞതുപോലെ ജനക്കൂട്ടത്തെ ശിക്ഷിക്കുന്നതിനൊരു രീതിയും കണ്ടെത്തിയിട്ടില്ലല്ലോ.

വിപ്ലവത്തിന്റെ തുടക്കം പലപ്പോഴും വായനയിൽനിന്നാണ്. ഇന്ത്യക്കാരായ നമ്മൾ മലാലയെക്കുറിച്ച് കേൾക്കുകയും സുരേഖ ഭോട്മാംഗെയെപ്പറ്റി കേൾക്കാതിരിക്കുകയും ചെയ്യുന്നിടത്താണ് അംബേദ്കറെ വായിക്കുന്നതിന്റെ പ്രസക്തി. അംബേദ്കറിന്റെ പ്രസക്തിയെക്കുറിച്ച് ബോധപൂർവമായ സംശയമുണർത്തലും, അദ്ദേഹത്തോടുള്ള ബഹുമാനപൂർവമുള്ള അവഗണനയും ആധുനിക ഇന്ത്യക്കുവേണ്ടി ഭൗതികവും രാഷ്ട്രീയവുമായ സംഭാവനകളർപ്പിച്ച അദ്ദേഹത്തെ അനാദരിക്കുന്നതിനു സമമാണ്. ഇന്ത്യയിലെ ദളിത് വിഭാഗത്തെ സംബന്ധിക്കുന്ന ഏതു ചർച്ചയും ആരംഭിക്കുന്നതും അവസാനിക്കുന്നതും അംബേദ്കറിലാണ്.

എല്ലാ സാക്ഷികളും
കൂറുമാറിക്കഴിഞ്ഞാൽ,
പിന്നെ നിങ്ങൾ കൊല്ലപ്പെട്ടു
എന്നതിന് തെളിവില്ല.

അപ്പോൾ പിന്നെ നിങ്ങൾ
ജീവിച്ചിരുന്നു എന്നതിനും തെളിവില്ല.



മധു കേസ് :
ഇരുപതാം സാക്ഷിയും കുറുമാറി.!

# My First

Jesly Joshy
Bsc Psychology

She tucked in my shirt 'nd it
was my first day at school
I entered with curiosity
But the sixty eyes
Welcome me with disgust
A thorn of embarrassment pierced me !



# Day

The teacher slowly walked in
She pointed me to the floor
Even though the class went on, for the
next few hours I was something in a zoo
Noticing the lonely one
I offered my food and water
But he refused saying that it's dirt!
They only saw the dirt, not the heart
They only saw my dark tone, not my soft tone
They only saw my shed, not my head
Only because of the colour I was born with!

Resting in her laps, staring at
the torn sheet above, I asked.
Is this our sky?
Do they have another one?
Aren't we all under the same sky!! ...





## രശ്മി ജെ.

ഹിസ്റ്ററി ബിരുദം

"ഇവർ മലയോരത്തുനിന്നും കടലോരത്തുനിന്നും വന്നവർ, വയലിൽനിന്നും നദിയിൽനിന്നും പുറപ്പെട്ടവർ, ചരലിൽനിന്നും മണലിൽനിന്നും ഉയിർത്തവർ, കേരളത്തിന്റെ ഭൂമിശാസ്ത്രത്തെ ചരിത്രമാക്കിയവർ, തങ്ങളുടെ അമ്മയെ കാണാൻ തലമുറതലമുറയായി എത്തിക്കൊണ്ടിരിക്കുന്നവർ"

(M.S. Banesh: Kali The Flaming Faces)

പല തരത്തിലുള്ള സബാൾട്ടേൺ വായനകൾക്കും ആഖ്യാനങ്ങൾക്കും ഉള്ള നിലമാണ് കൊടുങ്ങല്ലൂരിലെ ചരിത്രപ്രസിദ്ധമായ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ നടത്തപ്പെടുന്ന ഭരണി ഉത്സവം. കേരളത്തിലെ, പ്രധാനമായും വടക്കൻ പ്രദേശങ്ങളിലെ കുടുംബി, അരയ, പുലയ, കീഴാള സമൂഹങ്ങളുടെ ആഘോഷമാണ് ഈ അസാധാരണ ഉത്സവം. ദേവീകടാക്ഷത്തിനായി വർഷാവർഷം പ്രായഭേദമെന്യേ ആണും പെണ്ണും ട്രാൻസ് മനുഷ്യരുമായി ആയിരങ്ങളാണ് ചുവപ്പണിഞ്ഞ് ചിലമ്പുമേന്തി പള്ളിവാളുകൾകൊണ്ട് നെറുകകൾ വെട്ടിത്തെളിച്ച് കോമരങ്ങളായി എത്തുന്നത്. ചോരയുടെയും ചുവപ്പിന്റെയും ആഘോഷമാണ് ഭരണി. ചിലപ്പതികാരത്തിലെ, തന്റെ ഭർത്താവിനെ അന്യായമായി കൊല ചെയ്തവർക്കെതിരെ പ്രതികാരം ചെയ്ത് മുല പറിച്ചെറിഞ്ഞ് മധുര ചാമ്പലാക്കിയ വീരനായിക കണ്ണകിയുടെ, ചെങ്കുട്ടവൻ കുരുമ്പക്കാവിൽ നടത്തിയ പ്രതിഷ്ഠ, ഏഴാം നൂറ്റാണ്ടിലെ ബ്രാഹ്മണ അധിനിവേശത്തോടെ ഉഗ്രരൂപിണിയായ കാളിയായി പരിണമിക്കുകയായിരുന്നു. അശ്വതി കാവുതീണ്ടലിന് ശേഷം ഏഴ് ദിവസം അടച്ചിടുന്ന ക്ഷേത്രം ശുദ്ധികരണക്രിയകൾക്ക് ശേഷം പഴയ നമ്പൂതിരി പൂജകളിലേക്ക് മടങ്ങുന്നു. എന്നാൽ ഭരണിയിൽ ഏറ്റവും വിവാദജനകമായ ആചാരം ഭരണിപ്പാട്ടാണ്. സ്തോത്രഗീതങ്ങളും മറ്റും ഉൾക്കൊള്ളുന്നതെങ്കിലും പോപ്പുലർ കൾച്ചറിൽ ഭരണിപ്പാട്ടും, ഭരണിയും, പലപ്പോഴും മലയാളിക്ക് തെറി മാത്രമാണ്. മുഖ്യധാരാ സമൂഹത്തിന്റെ സദാചാരചിന്തകളെ ചോദ്യം ചെയ്യുന്നതുകൊണ്ടുതന്നെ തെറിപ്പാട്ട് ഭൂരിഭാഗത്തിനും അസുഖകരമായ ഒരാചാരമായി മാറുന്നത് വിചിത്രമല്ല. തെറി പാടുന്നവരുടെ എണ്ണം കുറയുന്നതും ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. തെറിയാണ് ഇവിടെ വിഷയം. സവർണചട്ടക്കൂടുകൾക്ക്



പുറത്ത് നിൽക്കുന്നതുകൊണ്ടുതന്നെ തെറിപ്പാട്ട് പ്രാകൃതവും സെൻസർ ചെയ്യപ്പെടേണ്ട അശ്ലീലവുമായി മാറുന്നു. എന്നാൽ ഭക്തരെ സംബന്ധിച്ചിടത്തോളം തെറിപ്പാട്ട് ഭഗവതിയുടെ ലൈംഗികതയെ ഉണർത്താൻ മാത്രം ഉദ്ദേശിച്ചുള്ളതാണ്. അത് ദാരികനെ നിഗ്രഹിച്ച് കലിയടങ്ങാത്ത കാളിയോ യൗവനയുക്തയായ വിധവ കണ്ണകിയോ ആവട്ടെ, ഇറോട്ടിക്ക ഇഷ്ടപ്പെടുന്ന, തന്റെ ഭക്തർ തെറി പാടിയില്ലെങ്കിൽ കോപിക്കുന്ന ദേവതാസങ്കൽപ്പം ഒരർഥത്തിൽ പുരോഗമനപരമാകുമ്പോൾ തന്നെ, തെറിപ്പാട്ട് ജാതീയതയും പുരുഷമേധാവിത്തവും നിഴലിക്കുന്ന, സ്ത്രീ ലൈംഗികതയുടെ അനാരോഗ്യകരമായ പ്രതിനിധാനം തന്നെയായി ശേഷിക്കുന്നു. ലൈംഗികാവയവങ്ങളുടെയും ദേവിയുമൊത്തുള്ള രതി ക്രീഡകളുടെയും പച്ചയായ വർണനകളാണ് തെറിപ്പാട്ട്.

പോകുന്ന വഴിയിലുള്ളവരോട് പോലും സംവദിച്ച്, കാലാനുസൃതമായ മാറ്റങ്ങളും ആധുനികപദപ്രയോഗങ്ങളും ഉൾക്കൊള്ളിച്ച് തോന്നിയ പോലെ തെറി പാടുമ്പോൾ, ഗുരുവായൂരപ്പനും കൊച്ചിരാജാവും സമകാലീന രാഷ്ട്രീയനേതാക്കളും വരെ കഥാപാത്രങ്ങളായി എത്തുന്നു. രതിസാഹിത്യം ഹിന്ദുമതത്തിന് അന്യമല്ലാത്ത ഒന്നാണെന്നതിൽ സംശയമില്ല. എന്നാൽ അത് പച്ചയ്ക്ക് പറയുമ്പോൾ മാത്രം അസഹിഷ്ണുത ഉണ്ടാവുന്നത് സവർണ്ണകാപട്യമാണ്.



*Statue of Kannagi, Chennai*

തെറിച്ച് പോയവയാണ് തെറികൾ. തെറിപ്പാട്ട് പച്ചപ്പാട്ട് എന്നും അറിയപ്പെടാറുണ്ട്. ഭാഷയിലെ പച്ചയാണ് തെറികൾ. പച്ചഭാഷയെ ഗുണ്ടർട്ട് നിർവചിക്കുന്നത് അകൃത്രിമലളിതഭാഷ എന്നാണ്. അംഗീകൃതഭാഷയുടെ കുലീനത്തം പുറന്തള്ളിയ പ്രയോഗങ്ങളാണവ. അധികാരരാഷ്ട്രീയത്തിന്റെ ചിഹ്നങ്ങൾ ആണവ. ലിംഗവും ലൈംഗികതയും ഒക്കെ എങ്ങനെ അശ്ലീലവും തെറിയുമായി മാറി എന്നുള്ളത് രാഷ്ട്രീയമായ ചോദ്യമാണ്. മനുഷ്യന്റെ നിരാശയെയും ദേഷ്യത്തെയും ആവിഷ്കരിക്കാനുള്ള പ്രധാന ഉപാധികളാണ് തെറികൾ. രാഷ്ട്രീയശരികളുള്ള നല്ല തെറികൾ ഇല്ലാത്തത് ഒരു ഭാഷയുടെ പരിമിതിയായി തന്നെ കരുതാവുന്നതുമാണ്. ഒരുപക്ഷേ ഈ തെറികൾക്ക് ഇന്നുള്ള സാമൂഹിക അർഥം ആയിരുന്നിരിക്കില്ല തെറിപ്പാട്ടിന്റെ തുടക്കകാലത്ത്.

അരികുവൽക്കരിക്കപ്പെട്ടവർ തീണ്ടാത്ത, പരിശുദ്ധവും പവിത്രവുമായ, സാവർണ്ണ (sacred) ഇടങ്ങളെ, ദൈവങ്ങളെ, പുനർനിർമിച്ച്, സാധാരണ മനുഷ്യന് പ്രാപ്യവും, മാനുഷികവും ആക്കുകയാണ് ഇവിടെ തെറി അഥവാ പ്രൊഫാനിറ്റി. ജോർജിയോ അഗമ്പൻ എന്ന ഇറ്റാലിയൻ തത്വചിന്തകൻ എഴുതിയ 'Profanations' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

"If 'to consecrate' meant leaving the sphere of human law, then 'to profane' leaves something to the free usage of man". ഈ sacred/profane വിഭജനത്തെ അസ്വസ്ഥമാക്കുന്നത് വഴി ബ്രാഹ്മണവൽക്കരിക്കപ്പെടുന്ന ഇടങ്ങൾക്ക് നേരെയുള്ള ദളിത് ചെറുത്തുനിൽപ്പിന്റെ ശക്തമായ അടയാളങ്ങളെയും തെറിപ്പാട്ട് പേറുന്നുണ്ട്. ഇത്തരം വീണ്ടെടുക്കലുകളാണ് വരുംതലമുറയുടെ രാഷ്ട്രീയ ഉത്തരവാദിത്വം.

"The profanation of the unprofanable is the political task of the coming generation".







അങ്ങനെ അവർ ക്ഷേത്രത്തിലെത്തി.
നിന്ന് തിരിയാൻ ഇടമില്ലാത്ത വിധം
ആൾക്കൂട്ടം. തിരക്ക് കണ്ടു പേടിച്ച്
അച്ഛന്റെ കയ്യിൽ പിടിമുറുക്കിയ അവളെ
ചിരിച്ചുകൊണ്ട് അച്ഛൻ കയ്യിലെടുത്തു,
തോളിലേക്കുയർത്തി. പൂരത്തിന്റെ
നിറങ്ങളും, ആൾക്കൂട്ടത്തിന്റെ ആരവവും
ദീപങ്ങളേറ്റി നിന്ന ക്ഷേത്രവും കുടമാറ്റവും
അവൾ കൺനിറയെ കണ്ടു.
ഇടക്കെപ്പോഴോ തിരിഞ്ഞു
നോക്കിയപ്പോൾ തന്റെ കൂട്ടുകാരന്റെ
തോളിൽ ഇരുന്ന് നിറഞ്ഞ ചിരിയോടെ
പൂരം കണ്ടാസ്വദിക്കുന്ന ഒരു ചേച്ചിയെയും
അവൾ ശ്രദ്ധിച്ചു.



കഴിഞ്ഞ വർഷം നമ്മുടെ ക്യാമ്പസിന് അകത്തും പുറത്തും ഏറെ ചർച്ചചെയ്യപ്പെട്ടതും ഇത്രയും നാൾ ചർച്ചചെയ്യപ്പെടാതെ പോയതുമായ വിഷയമായിരുന്നു ലേഡീസ് ഹോസ്റ്റലുകളിൽ നിലനിന്നു പോന്നിരുന്ന നിയമങ്ങൾ. 2021 ഡിസംബർ 22-ന് യുസിയിലെ ഹോസ്റ്റലേഴ്സ് ആദ്യമായിട്ട് യു.സി. കോളേജ് മാനേജ്മെന്റിനെതിരെ കോളേജിന്റെ മുഖ്യകവാടത്തിനു മുൻപിൽ ഒന്നിച്ചു കൂടി ഞങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തി. ഇരുട്ടാകുന്നതിന് മുൻപ് ഹോസ്റ്റലുകളിൽ കയറണം എന്ന നിയമത്തെ ഞങ്ങൾ എതിർത്തത് ഇരുട്ടത്ത് പുറത്തിരുന്നു സമരം ചെയ്തുകൊണ്ടാണ്.

## സമരം വിജയമായിരുന്നോ?

ഒരു രാത്രികൊണ്ട് ഞങ്ങൾ ഉദ്ദേശിച്ച വിജയം ഞങ്ങൾക്ക് കൈവരിക്കാൻ സാധിച്ചില്ല എന്ന് മാത്രമല്ല മാനേജ്മെന്റ് ഞങ്ങളുടെ ആവശ്യങ്ങൾ ചർച്ചയ്ക്ക് പോലും എടുത്തില്ല. അന്ന് രാത്രി നടന്ന സമരം ഈ ഒരു അർത്ഥത്തിൽ പരാജയം ആയിരുന്നെങ്കിലും മറ്റൊരു രീതിയിൽ നോക്കുമ്പോൾ ജീവിതത്തിൽ ഒരിക്കൽ പോലും കൈവരിക്കാൻ സാധ്യത ഇല്ലാത്ത പല അനുഭവങ്ങളും ഞങ്ങളിൽ പലരും അന്ന് കൈവശമാക്കി.

ഒരു സമരത്തിന്റെ മറവിൽ ഞങ്ങളിൽ പലരും ആദ്യമായി രാത്രി 11 മണി വരെ കൂട്ടുകാരുമൊത്ത് ക്യാമ്പസ്സിൽ സംസാരിച്ചിരുന്നു. ചെറിയ ദൂരമെങ്കിലും വല്ലാത്തൊരു ധൈര്യത്തോടെ രാത്രി ഇറങ്ങി നടന്നു. ആദ്യമായി മാധ്യമപ്രവർത്തനം നേരിൽ കണ്ടു. ഞങ്ങളുടെ മുഖങ്ങൾ ഭരണഘടനയുടെ കാവൽ

# കരുതൽ

ടെസ്സ സാറ കുരിയാക്കോസ്
ഹിസ്റ്ററി ബിരുദം

ക്കാരായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പോലീസിന്റെ ആക്രോശങ്ങളിലും രാഷ്ട്രീയക്കാരുടെ ഇടപെടലുകളിലും മാധ്യമപ്രവർത്തകരുടെ വിചാരണകളിലും പതറാതെ പരസ്പരം ധൈര്യം പകർന്ന് ഞങ്ങൾ കൂടുതൽ ആവേശത്തോടെ പിടിച്ചുനിന്നു. ഞങ്ങളുടെ സമരത്തിന്

എതിരായി വന്നുകൊണ്ടിരുന്ന സദാചാര കമെന്റുകൾ എല്ലാം തമാശയോടെ ഞങ്ങൾ പുച്ഛിച്ചു തള്ളി. എന്തിന്, ആദ്യമായിട്ട് ആയിരിക്കും വീട്ടുകാർ പോകരുത് എന്ന് പറഞ്ഞ കാര്യത്തിന് പോയതും വാർത്ത കണ്ടു വീട്ടിൽനിന്നും വിളിച്ചു അന്വേഷിക്കുമ്പോൾ ഞങ്ങൾ ഇവിടെ സമരം ചെയ്യുകയാണെന്നും, പകുതിക്ക് വെച്ച് നിർത്തി തിരിച്ചു പോകാൻ പറ്റില്ലെന്നും വീട്ടുകാരോട് പറയുന്നതും. വീട്ടുകാരുടെ എതിർപ്പ് മൂലം സമരത്തിൽ പങ്കെടുക്കാൻ പറ്റാതെ പോയവർ വരെ ഞങ്ങളുടെ സഹപാഠികൾക്ക് വേണ്ടി വീട്ടുകാരോട് തർക്കിച്ചു. ഞങ്ങളുടെ അവകാശങ്ങളെ കുറിച്ച് സംസാരിച്ച കൂട്ടുകാർക്ക് പിന്തുണ നൽകി.

ഇതിനെല്ലാം അപ്പുറത്ത് ഇതുവരെ ഒരു സമരംപോലും നേരിട്ട് കണ്ടിട്ടില്ലാത്തവർ ആയിരുന്നു ഞങ്ങളിൽ ഭൂരിഭാഗവും. ആ ഞങ്ങൾ ചെറിയ കാലയളവിനുള്ളിൽ സംഘടിച്ച് രാത്രി മുഴുവൻ സമരം ചെയ്തു. ജീവിതത്തിൽ ആദ്യമായി പലരും മുദ്രാവാക്യങ്ങൾ വിളിച്ചു. ഏറ്റുപറയൽ മാത്രമായിരുന്നില്ല, പലരും മുദ്രാവാക്യങ്ങൾ ലീഡ് ചെയ്തു. ഞങ്ങൾ ഉദ്ദേശിച്ച സമര വിജയം ഞങ്ങൾക്ക് നേടിയെടുക്കാൻ പറ്റിയില്ലെങ്കിലും ഒരൊറ്റ രാത്രികൊണ്ട് ഞങ്ങൾക്ക് നിഷേധിച്ച പല അനുഭവങ്ങളും അവകാശങ്ങളും ഞങ്ങൾക്ക് കിട്ടി.

## ഇതും വിജയമാണ്

സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് സ്ത്രീകളെ അടിച്ചമർത്തി അതിനു മുകളിൽ കയറിനിന്ന് പ്രസംഗിക്കുന്നവർക്ക് നടുവിലൂടെയാണ് സ്ത്രീകൾക്ക് വേണ്ടി, സ്ത്രീകൾ തന്നെ സമരം ചെയ്തത്. ഞങ്ങൾ തന്നെ ശബ്ദമുയർത്തി, ഞങ്ങൾ തന്നെ ചർച്ചയ്ക്ക് പോയി, ഞങ്ങൾ തന്നെയാണ് പോലീസുകാരോടും മാനേജ്മെന്റിനോടും സംസാരിച്ചത്. ക്ലാസ്സ്റൂമുകളിൽ ദിനംപ്രതി സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ക്ലാസ്സ് എടുത്ത് ഞങ്ങളെ ബോധവാന്മാരാക്കിയ അധ്യാപകരാകട്ടെ, മൗനം പാലിച്ചു. ഇങ്ങനെ കോളേജിന്റെയും, പോലീസുകാരുടെയും, രാഷ്ട്രീയപ്രതിനിധികളുടെയും അസ്സൽ സദാചാരബോധവും കരുതലും ഒരുമിച്ച് തിരിച്ചറിയുവാൻ ഈ സമരം സഹായിച്ചു.

പക്ഷേ ഇതൊന്നും ഞങ്ങൾക്ക് ഒന്നുമല്ല എന്ന തിരിച്ചറിവ് കിട്ടിയത് സമരം കഴിഞ്ഞു തിരിച്ചുപോയപ്പോൾ അയൽപക്കക്കാർ ഞങ്ങൾക്ക് നൽകിയ 'കരുതലിനു' ഞങ്ങളിൽ ചിലർ നൽകിയ മറുപടിയിലൂടെയാണ്. 'ഞങ്ങൾ ഇനി നിങ്ങളെ നോക്കാനും സംരക്ഷിക്കാനും ഉണ്ടാവില്ല' എന്ന് അയല്പക്കത്തെ ചേട്ടൻ പറഞ്ഞപ്പോൾ, 'അയ്യോ ചേട്ടൻ അങ്ങനെ പറയല്ലേ, ഞങ്ങളെ പിന്നെ ആര് നോക്കും?' എന്ന മറുചോദ്യം ചോദിച്ചു അയാളെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ പറ്റിയത് സമരത്തിൽനിന്നും ലഭിച്ച ധൈര്യം കൊണ്ടാണ്. ആ ധൈര്യം തന്നെയാണ് ആരുടെയും ആഭാസം കേൾക്കേണ്ട ആവശ്യം ഞങ്ങൾക്ക് ഇല്ലെന്ന് തിരിച്ചറിഞ്ഞ് അവർക്കെതിരെ പരാതി കൊടുക്കാൻ ഞങ്ങളെ ഇന്ന് പ്രാപ്തരാക്കിയതും.

കൂടെ പഠിച്ചവരും നാട്ടിലെ സുഹൃത്തുക്കളും ഞങ്ങളുടെ മുഖങ്ങളും കോലങ്ങളും മാധ്യമങ്ങളിലൂടെ കണ്ടു. അവരുടെ ആകാംക്ഷയും അത്ഭുതവും കാരണം വിളിച്ചന്വേഷിച്ചപ്പോൾ ഞങ്ങൾ എല്ലാവരും ഇതുവരെ അനുഭവിക്കാത്ത അഭിമാനനിമിഷങ്ങളിലായിരുന്നു. മറുഭാഗത്ത് വീട്ടിൽനിന്നും ബന്ധുക്കളിൽനിന്നുമെല്ലാം പ്രശ്നങ്ങൾ നേരിടേണ്ടി വന്നപ്പോഴും ഒരിക്കലും ചെയ്തത് തെറ്റാ

യിപ്പോയി എന്ന് ഞങ്ങളിൽ ആർക്കും തോന്നിയിട്ടില്ല. പകരം അവരുടെ അറിവില്ലായ്മ ആയി കണ്ട് അവഗണിച്ചിട്ടേ ഉള്ളൂ. ഇത്രയൊക്കെ ധാരാളമാണ് ഈ സമരം ഒരു വിജയമാണെന്ന് ഞങ്ങൾക്ക് അവകാശപ്പെടുവാൻ.

## അരാഷ്ട്രീയതയിൽനിന്നും രാഷ്ട്രീയതയിലേക്കുള്ള തിരിച്ചറിവ്

ഹോസ്റ്റലിൽ രാഷ്ട്രീയം സംസാരിക്കാൻ പാടില്ല, രാഷ്ട്രീയപ്രവർത്തനം പാടില്ല, രാഷ്ട്രീയപാർട്ടികൾ ഇടപെടാൻ പാടില്ല, എന്ന് ആരോ പടച്ചുവിടുകയും, സ്വയലാഭത്തിനു വേണ്ടി പലരും പിന്താങ്ങുകയും ചെയ്ത പച്ചക്കള്ളങ്ങളെ എല്ലാം എതിർക്കുന്നതായിരുന്നു സമരത്തിന് ശേഷമുള്ള ഹോസ്റ്റൽ വിദ്യാർഥിനികളുടെ നിലപാടുകൾ. ഇന്ന് നമ്മൾ അനുഭവിക്കുന്ന പല അവകാശങ്ങളും ഇതുപോലുള്ള സമരങ്ങളിൽനിന്നും, രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകളിൽനിന്നും ലഭിച്ചതാണെന്ന തിരിച്ചറിവ് തന്നെയാകാം ഹോസ്റ്റൽസമരം രാഷ്ട്രീയപാർട്ടികൾ ഏറ്റെടുത്തോട്ടെ എന്ന് ചോദിച്ചപ്പോൾ വലിയ തോതിലുള്ള പിന്തുണ നൽകിയതിനു പിന്നിലുള്ള കാരണം. അങ്ങനെ ആരോ പറഞ്ഞുവെച്ച രാഷ്ട്രീയം സംസാരിക്കാൻ പാടില്ലാത്ത ഹോസ്റ്റലുകൾ തന്നെ വിദ്യാർഥിപ്രസ്ഥാനങ്ങളുടെ ഇടപെടലുകൾക്ക് ഊർജ്ജം നൽകി. രാഷ്ട്രീയപാർട്ടികളിലുള്ള ഹോസ്റ്റൽ വിദ്യാർഥിനികൾ തന്നെ അവിടെയും സമരത്തെ മുന്നോട്ട് നയിച്ചു. രാത്രി മുഴുവൻ പ്രിൻസിപ്പലിന്റെ മുമ്പിൽ ഇരുന്നു ചർച്ചകൾ ആയിരുന്നു. ചർച്ചകൾ രാവിലെയും തുടർന്നപ്പോൾ പോലീസുകാരും പഠിപ്പിക്കുന്ന അധ്യാപകരുമൊക്കെയെത്തി. ഹോസ്റ്റലിലെ വാർഡന്മാർ സമരം അടിച്ചമർത്താൻ വേണ്ടി



വീട്ടിലേക്ക് വിളിച്ചു. അവസാനം രക്ഷിതാക്കൾ വരെ ചർച്ചയിൽ പങ്കാളികളായി. വ്യക്തമായ ഇടം ഹോസ്റ്റൽ വിദ്യാർഥിനികൾക്ക് തന്നെ നൽകിക്കൊണ്ട് രാഷ്ട്രീയപാർട്ടികളും മാനേജ്മെന്റിനെതിരെയുള്ള തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി. രാത്രി മുഴുവൻ ഉറങ്ങാതെ സമരം നയിക്കുമ്പോഴും അർധരാത്രിയിലും പുലർച്ചെയും എല്ലാം എഴുന്നേറ്റ് സമരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ പോയവർ, സമരം നയിക്കുന്ന സഹപാഠികളെ വിളിച്ചു സമരത്തിന്റെ പുരോഗതി അന്വേഷിക്കുകയും അതിലൂടെ അവരുടെ ഐക്യപ്പെടലും ആകാംക്ഷയുമെല്ലാം അറിയിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

അങ്ങനെ രണ്ടാം ദിവസത്തോട് കൂടി പല അടിച്ചമർത്തലുകളെയും പ്രതിരോധിച്ചുകൊണ്ട് സമരത്തിൽ ഞങ്ങൾ ഉന്നയിച്ച ഭൂരിഭാഗം ആവശ്യങ്ങളും ഞങ്ങൾക്ക് നേടിയെടുക്കാൻ സാധിച്ചു. ബാക്കിയുള്ള അവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങൾ ഇനിയും ഉണ്ടാവും എന്ന സൂചന നൽകിക്കൊണ്ട് തന്നെയാണ് സമരം അവസാനിപ്പിച്ചു ഇറങ്ങിയതും. ഞങ്ങൾ ഹോസ്റ്റലിൽ തിരിച്ചു എത്താൻ കാത്ത് നിൽക്കുന്നവരെ കണ്ടു നമ്മൾ നേടിയെടുത്ത അവകാശങ്ങളെ കുറിച്ച് സംസാരിച്ചപ്പോൾ ഉണ്ടായ അഭിമാനം ഇനിയെന്നെങ്കിലും ഉണ്ടാവുമോ എന്ന് സംശയമാണ്.

ഇനി രാത്രിയിൽ സിനിമക്ക് പോകാമെന്നും, അവധി ദിവസം പുറത്തിറങ്ങാമെന്നും പറഞ്ഞപ്പോൾ തന്നെ നാളെ വൈകിട്ട് എവിടെ പോവും എന്ന് പ്ലാൻ ചെയ്യൽ ആണ് ആദ്യം കിട്ടിയ പ്രതികരണം.

## 6 മണി 9 മണി ആയതിനു ശേഷം

ലേറ്റ് സ്ലിപ് വാങ്ങുവാൻ വാർഡന്മാരോട് കാരണം ബോധിപ്പിക്കണം എന്ന നിബന്ധന ഉണ്ടെങ്കിലും പണ്ട് പറഞ്ഞിട്ടുള്ള നുണകൾ എല്ലാം മാറ്റി, സിനിമക്ക് പോകാനാണെന്നും, ഫ്രണ്ട്സിന്റെ കൂടെ കറങ്ങാൻ പോകാൻ ആണെന്നുമെല്ലാം മടികൂടാതെ പറയാൻ തുടങ്ങി. അതെല്ലാം സാധാരണ കാര്യങ്ങളാണെന്ന് വാർഡന്മാർക്ക് വരെ സമരത്തിലൂടെ ബോധ്യമായതുകൊണ്ട് അവരോട് നുണ പറയേണ്ട ആവശ്യവും വന്നില്ല. 9 മണിവരെ കോളേജ് ക്യാമ്പസ്സിൽ ഇലക്ഷൻ പ്രവർത്തനങ്ങൾക്കായി അലങ്കാരപ്പണികൾ ചെയ്തും, സംസാരിച്ചും സമയം ചിലവഴിച്ചു. രാത്രിസമയങ്ങളിൽ പതിവിൽനിന്നും വ്യത്യസ്തമായി കോളേജ് പരിസരത്തു പെൺകുട്ടികളെ കണ്ടു തുടങ്ങി. പലരും ആദ്യമായിട്ടായിരുന്നു വൈകീട്ട് സിനിമകൾക്ക് പോകുന്നതും വെറുതെ ഇറങ്ങി നടക്കുന്നതും ഒക്കെ. അപ്പോഴും പുറത്ത് പോയവരെക്കാൾ കൂടുതൽ ഹോസ്റ്റലിന് അകത്തു ഇരുന്നവർ തന്നെയാണ്. ആവശ്യമുള്ളവർ മാത്രം പുറത്തിറങ്ങി. അതുപോലെതന്നെ വീട്ടിൽ നിന്നുമുള്ള വിലക്കുകൾ കാരണം പുറത്ത് പോകാൻ



സാധിക്കാതെ പോയവരും ഉണ്ട്. ആവശ്യമുള്ളവർക്ക് പുറത്ത് പോകാൻ സ്വാതന്ത്ര്യം വേണം. അതായിരുന്നു ഞങ്ങളുടെ ആവശ്യം. അത് ഞങ്ങൾ നേടിയെടുത്തു.

6 മണി 9 മണി ആയപ്പോൾ രാത്രികാലങ്ങളിലെ സ്വാതന്ത്ര്യം മാത്രമല്ല ഞങ്ങൾക്ക് കിട്ടിയത്. അതോടൊപ്പം ഞങ്ങൾക്ക് ഒരു ഐഡന്റിറ്റി കിട്ടി. മാനേജ്മെന്റും വാർഡന്മാരും എല്ലാം ഞങ്ങളെ പരിഗണിക്കാൻ തുടങ്ങി. ഓരോ തീരുമാനങ്ങൾ എടുക്കുമ്പോഴും പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും ഞങ്ങൾ ചോദ്യം ചെയ്യുമോ, എതിർത്തു സംസാരിക്കുമോ, എന്ന ശ്രദ്ധ ഉണ്ടായി. ഞങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ ഗൗരവത്തോടെ കേട്ട് തുടങ്ങി. ഇന്ന് പുതിയ അക്കാഡമിക് ഇയർ തുടങ്ങിയപ്പോൾ പ്രിൻസിപ്പൽ ഇങ്ങോട്ട് ആവശ്യപ്പെട്ട് ഓരോ ഹോസ്റ്റലിലും



വന്ന് മീറ്റിങ് നടത്തിയതും സമരത്തിന് ശേഷം ഹോസ്റ്റൽ വിദ്യാർഥിനികൾ നേടിയെടുത്ത ഐഡന്റിറ്റിയുടെ ഉദാഹരണമാണ്. ഹോസ്റ്റലിലെ ചെറുതും വലുതുമായ പ്രശ്നങ്ങൾ ഗൗരവമായി കണ്ടു പെട്ടെന്ന് നടപടികൾ ഉണ്ടാവാൻ തുടങ്ങി. ഇപ്പോഴെങ്ങനെയാണ് ഹോസ്റ്റലിലെ നിയമങ്ങൾ എന്ന്, കൂടെ പഠിക്കുന്നവർ ഇടയ്ക്ക് ഇടയ്ക്ക് അന്വേഷിക്കുവാനും തുടങ്ങി.

ഇങ്ങനെ ലേഡീസ് ഹോസ്റ്റലുകൾ എന്ന് കേൾക്കുമ്പോൾ പരദൂഷണം മാത്രം പറയുന്ന, പരസ്പരം അസൂയയോടെ ജീവിക്കുന്ന പെൺകുട്ടികൾ എന്ന സ്ഥിരം സങ്കല്പം തിരുത്താൻ ഞങ്ങൾക്ക് ഓരോരുത്തർക്കും സാധിച്ചു.

സമരവും സമരത്തിന്റെ വിജയവും ഞങ്ങൾ ഓരോരുത്തരുടെയും ആണ്. സമരത്തിൽ പങ്കെടുത്തവർക്കും പങ്കെടുക്കാൻ സാധിക്കാതെ പോയവർക്കും അവകാശപ്പെട്ടിരിക്കുന്നു.

ഇതിനെല്ലാം പുറത്തു ഒരു കാര്യം കൂടി ഓർമിപ്പിക്കാം. ഈ അവകാശങ്ങൾ എല്ലാം ഞങ്ങൾ ഒരുമിച്ച് സംഘടിച്ച് നേടിയതാണ്. ഈ അവകാശങ്ങൾ വീണ്ടും ഞങ്ങളിൽനിന്നും തട്ടിയെടുക്കാനുള്ള ശ്രമങ്ങൾ നടക്കുന്ന ഈ സാഹചര്യത്തെ, അതിനെതിരെയുള്ള പ്രതിരോധം മെനയാനുള്ള സമയമായിട്ടാണ് ഞങ്ങളും കാണുന്നത്. ഞങ്ങൾ ഇനിയും കൂടുതൽ ബലത്തിൽ സംഘടിക്കും, സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കും, വിപ്ലവം സൃഷ്ടിക്കും. സമരങ്ങൾ ഒന്നും എവിടെയും അവസാനിച്ചിട്ടില്ല.


DEATH
JOB
REV
YOUTH

# RIGHTFULLY ROOTED

Juan Mathew John
BA Economics

Fascist voices disguised in the form of authoritarianism have grown menacingly, trying to intimidate and suppress voices in the streets and colleges through violence.

Hope's rests only in the innocent child who cried out – the king is naked.

Embarked to the new millennium of progression, the human race has gone headway up in differentiating the needs and affiliations inevitable in all means. Politics, which came as a spontaneous realm of needs, defences and possibilities has palliated as well as aggravated the way. Being a double-edged sword, in a way rightfully rooting the ages, politics has a very ubiquitous role in the society, in a partial sense.

Student politics, which is, was and always will be a topic of high order relevance, has always gone well with this string of progression. When there comes a stage of suppression,

discrimination or denial of rights, it is the need of the hour to 'raise the voice'.

Bloodshed politics, communal interests, intervention of higher levels etc. have altered the political discourse of student politics in a way that it benefits the so-called 'leaders'. It is evident that this tendency has created a culture of dogmatism in which students are mere weapons of political organizations of higher order.

The streak of political violence in campuses that started in the early 1970s has claimed at least 35 lives so far, stretching from Bhuvaneswaran to Dheeraj, the list reflects the 'savage rooted format of politics'. It is a shame that the murders committed upon ideological differences is not just justified but even glorified by the parties majority in many cases. The recent reviews of the High Court of Kerala in 2017 and 2020, which banned strikes and demonstrations in campuses, went down to the roll-out of vehement protests from all wings of parties, showing their need to convert our campuses into impregnable fortresses of some outfits, while others are barred from hoisting their respective flags or even raising their voices.

Fear of intervention from a spreading ideology is a way in which the parties in Kerala mostly root their weapons. They create a ruckus of altered emotions to downtrodden the needed emotions, which are, in a way, still lead down into the dark abyss.

But, as quoted, politics is undeniably a double-edged sword of conscience as well as meanness.

So, are our campuses confined only to these extremist incidents, or do we need to decipher the needed layers of student politics?

In a nation where injustice prevails in the air itself, a platform to protest is needed for students as well. As quoted by E. M. S. Namboodiripad, "a consensus is inevitable for campus politics, instead of banning the latter". Hence, as campuses rise up to socially committed needs and issues, we are bound to be progressive towards being responsible citizens, and campus politics should pave the way towards this.

The valiant efforts from the students' side to protest and mark their grievance against systemic injustice and social evils are appreciable. Stretching out a range of incidents from the last decade, the students' protests on the need to establish justice in the Delhi gang rape of a 23 year old student, the Jadavpur protest - which was among the longest students protest in the country against the al-

leged police attack on students while they were demanding an inquiry into the molestation of a student inside campus, to a nationwide protest on Rohith Vemula's suicide over alleged caste discrimination in campus, to Aligarh Muslim University's Jinnah portrait controversy, to nationwide protest against Anti-Citizenship Amendment, to the recent protests against the Agnipath Scheme as well as, LGBTQ+ issues, raising the needed notion of 'Love is Love', our campuses have always shown the energy and courage to stand against injustice.

Hence, being the most vital fragment of a needed conscious society, what we expect from the campus is the latter, where our campuses become platforms to raise our voices, rightfully rooted to justice and not becoming fortresses to protect savage political extremism. Therefore, for the sake of a bright nation, with a political atmosphere fuelled by energy and education, root them... RIGHTFULLY!

"Raise your voice, not violence"



# അരൂപിയുടെ ണ്ണുകൾ



കാവ്യ അയ്യപ്പൻ
മലയാളം ബിരുദാനന്തര ബിരുദം

പട്ടികളുടെ ഞെരുക്കം കേട്ടാണ് ഞാൻ ജനാലയുടെ കതക് തുറന്നത്. പിന്നാമ്പുറത്തെ അലക്കുകല്ലിനപ്പുറത്തുനിന്ന് രണ്ടു പട്ടികൾ ഞെളിപിരി കൊള്ളുന്നത് കാലിന്റെ പെരുവിരലിൽ നിന്ന് എത്തി നോക്കി. അവർ പരസ്പരം പിന്തിരിഞ്ഞുനിൽക്കുകയാണ്. അവർക്കിടയിലൂടെ ചോരത്തുള്ളികൾ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. ആദ്യം അറപ്പ് തോന്നി. ഒരു മനംപുരട്ടൽ അനുഭവപ്പെട്ടു. അടിവയറ്റിൽനിന്നും എന്തോ ഒന്ന് മുകളിലേക്ക് ഇരച്ചുകയറി, അതിന് താഴെ ഒരു നനവ് പ്രത്യക്ഷപ്പെട്ടപ്പോൾ ആ കാഴ്ച ആസ്വദിക്കുകയായിരുന്നു. അവയുടെ കിതപ്പുകളിലേക്ക് ഞാൻ ചെവി കൂർപ്പിച്ചപ്പോൾ കാറ്റിൽ ഇലകൾ തൊട്ടുരുമ്മുന്നതിന്റെ മർമരവും കേൾക്കാമായിരുന്നു. കിതപ്പുകളിലൂടെയും ഞെരുക്കങ്ങളിലൂടെയും മാത്രമാണോ ഒരു ജനനം സംഭവിക്കുന്നത്? ജനനത്തിന്റെ ശാസ്ത്രീയവശങ്ങളെ കുറിച്ച് പൂർണമായി മനസിലാക്കിയതിന് ശേഷമുള്ള ഈ ദിവസങ്ങളിലൊക്കെയും നേർത്ത ശബ്ദങ്ങളെ കുറിച്ചും നിശബ്ദതയെ കുറിച്ചും ഞാൻ കാര്യമായി ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. നിശബ്ദത മരണവുമായാണ് കെട്ടുപിണഞ്ഞു കിടക്കുന്നതെങ്കിലും ഞാൻ അതിനെ ജനനവുമായി കൂട്ടിക്കെട്ടാൻ ശ്രമിക്കുകയാണ്. നേർത്ത കിതപ്പുകളും ഞെരുക്കവും മാത്രമുള്ള നിശബ്ദത!

മുറിയുടെ പുറത്ത് അമ്മയുടെ ശബ്ദം കേട്ടപ്പോൾ ഞാൻ പെട്ടെന്ന് കതകടച്ചു.

"പോ പട്ടി... നശൂലങ്ങള്...!"

അമ്മ അവർക്ക് നേരെ കല്ലെറിഞ്ഞെന്ന് ഉറപ്പാണ്. എന്നിട്ടും ആ പട്ടികൾ കരക്കാത്തത് എന്തുകൊണ്ടാണ്?



ഇന്നലെ അമ്മയും തൊട്ടപ്പുറത്തെ വീട്ടിലെ ഹേമാന്റിയും സംസാരിക്കുന്നത് ഞാൻ ഒളിഞ്ഞുനിന്ന് കേട്ടിരുന്നു.

കിടക്കയിൽ കിതപ്പ് അടക്കാതെ എഴുന്നേറ്റിരുന്ന അവരുടെ ഭർത്താവിനരികിൽ കാലുകൾ പിണച്ചുവെച്ച് വേദനയടക്കി കണ്ണുകളടച്ച് കിടക്കുകയായിരുന്നു. പെട്ടെന്ന്, അതായത് വളരെ പെട്ടെന്ന്, കരിനീലച്ച രണ്ട് കണ്ണുകൾ ജനാലച്ചില്ലുകൾക്കപ്പുറത്ത് തിളങ്ങി. അയാൾ ചാടി എഴുന്നേറ്റ് ജനാലക്കരികിൽ ചെല്ലുമ്പോൾ ആ കണ്ണുകൾ അല്പം പിറകിലേക്ക് വലിഞ്ഞു. വീണ്ടും അത് അടുത്തുവരാൻ തുടങ്ങിയപ്പോഴാണ് അയാൾ തന്റെ നഗ്നതയെ കുറിച്ച് ചിന്തിച്ചത്. ഇരുട്ടിൽ കട്ടിലിനു താഴെ ചുരുണ്ടു കിടക്കുന്ന മുണ്ടെടുത്ത് ഉടുത്ത് മുറിക്കു പുറത്തിറങ്ങി. ഫോണിന്റെ ഫ്ലാഷ് ലൈറ്റ് തെളിച്ച് മുറ്റത്ത് പരതിനടന്നുവെങ്കിലും ആരെയും കണ്ടെത്താനാവാതെ മുറിയിൽ വരുമ്പോൾ ശ്രീമതി കുളിമുറിയിൽ ആയിരുന്നു.



"നിനക്ക് ഒരു പേടിയും തോന്നിയില്ലേ ഹേമേ?"

ചോദ്യം അമ്മയുടേതാണ്.

"ഇതിലിപ്പോ എന്താ ഇത്ര പേടിക്കാൻ?

വെപ്രാളവും പേടിയൊക്കെ സതീശേട്ടനാ...

പിന്നെ ദാ ഇന്ന് വരെ ആ മനുഷ്യൻ എന്നെ തൊട്ടിട്ടില്ല."

മുറിക്കുള്ളിൽ ഇരുട്ട് ആയിരുന്നിട്ടും സതീശേട്ടൻ ഭയപ്പെട്ടത് എന്തിനായിരുന്നു? പക്ഷേ അവർക്ക് ഇരുട്ടിഷ്ടമല്ല. വെളിച്ചം വേണമായിരുന്നു. ലൈറ്റ് ഇടുന്ന ഓരോ രാത്രിയും വെളിച്ചം അണയ്ക്കാൻ സതീശേട്ടൻ നിർബന്ധം പിടിക്കാറുണ്ടെന്ന് ഹേമാന്റി അമ്മയോട് പറയുന്നുണ്ടായിരുന്നു.

റസിഡൻസ് അസോസിയേഷന്റെ പരാതിപ്പെട്ടികളിൽ പരാതികൾ നിറഞ്ഞു. പലർക്കും പല സാഹചര്യങ്ങളിലും ആ കണ്ണുകളെ നേരിടേണ്ടി വന്നിട്ടുണ്ട്.

"ഇതിപ്പോ കണ്ടു കണ്ടുന്നല്ലാണ്ട് എങ്ങിനെയാ

"എവിടെയാ എന്നൊന്നും ആരും പറയണില്ലല്ലോ !"

പരാതികൾ കിട്ടിയതിന് ശേഷമുള്ള ആദ്യത്തെ കമ്മിറ്റിയിൽ പ്രസിഡന്റ് പോളച്ചൻ ചേട്ടൻ വിശദീകരണം തിരക്കിയപ്പോൾ എല്ലാവരും പരസ്പരം മുഖത്തോട്ടുമുഖം നോക്കിയതല്ലാതെ ഒരു ഉറന്നുപറച്ചിലിന് തയ്യാറായില്ല. ഒരാൾ മാത്രം എഴുന്നേറ്റുനിന്നു. ദുബായിൽ പോയ മുഹമ്മദ് അബ്ബാസിന്റെ വീട്ടിൽ നാലഞ്ച് മാസം മുൻപ് വാടകയ്ക്ക് താമസിക്കാനെത്തിയ പത്മനാഭന്റെ നാട്ടുകാരൻ, കെ.എസ്. അഭിലാഷ്. അതാണ് അയാളുടെ മുഖപുസ്തകത്തിലെ പേര്. നെഞ്ചിൽ നിറയെ ചെമ്പിച്ച രോമങ്ങളുള്ള ചെറുപ്പക്കാരൻ. രാവിലെ കോളേജിലേക്ക് ഇറങ്ങുമ്പോൾ ഒരു ഒറ്റമുണ്ട് ചുറ്റി പത്രവും ചുരുട്ടിപ്പിടിച്ച് റോഡിലോ മുറ്റത്തോ ഷർട്ട് ഇല്ലാതെ നടക്കുന്നത് ഒളിഞ്ഞും തെളിഞ്ഞും ഞാൻ നോക്കാറുണ്ട്. പലപ്പോഴും അത് അയാളും കണ്ടിട്ടുണ്ടാവണം.

"ഞാൻ പറയാം..."
കെ.എസ്. അഭിലാഷ് എഴുന്നേറ്റപ്പോൾ എല്ലാവരും അയാളെ തറപ്പിച്ച് നോക്കി.

ഒരു ദിവസം രാത്രി പ്രമുഖ മാസികയ്ക്ക് വേണ്ടി വളരെ പ്രധാനപ്പെട്ട ഒരു ആർട്ടിക്കിൾ എഴുതി സിറ്റൗട്ടിൽ ഇരിക്കുകയായിരുന്ന കെ.എസ്. അഭിലാഷ് ചെടികൾക്കിടയിൽ ഇടയ്ക്കിടയ്ക്ക് ഒരു തിളക്കം കണ്ടു. കരിനീലച്ച രണ്ടു കണ്ണുകൾ! വീണ്ടും വീണ്ടും അത് പ്രത്യക്ഷപ്പെട്ടപ്പോൾ അയാൾക്ക് എഴുത്ത് നിർത്തേണ്ടിവന്നുവത്രേ.

"താൻ എന്തിനാടോ നട്ടപ്പാതിരയ്ക്ക് പുറത്തിരുന്ന് എഴുതിയത്? അകത്ത് ഇരിക്കാൻ സ്ഥലം ഇല്ലാഞ്ഞിട്ടാണോ?"

കെ.എസ്. അഭിലാഷിന്റെ പരാതി കേട്ട്കഴിഞ്ഞ് സെക്രട്ടറി രാജീവേട്ടൻ അത് പറയുമ്പോൾ എല്ലാവരും ആ ചെറുപ്പക്കാരനെ നോക്കി പരിഹസിക്കുകയായിരുന്നു. പിന്നീട് അയാളുടെ മുഖത്തെ നിസ്സഹായഭാവം കണ്ടിട്ടാവണം ഗൗരവം നടിച്ചത്.

"ആട്ടെ, മിസ്റ്റർ അഭിലാഷ് തനിക്ക് ആരെയെങ്കിലെയും സംശയമുണ്ടോ?

രൂപം വേഷം അങ്ങനെ എന്തെങ്കിലും സൂചന?"

പോളച്ചൻ ചേട്ടൻ സേതുരാമയ്യർ



ആവാൻ നോക്കുകയാണ് എന്നാണ് എനിക്കപ്പോൾ തോന്നിയത്.

"ഞാൻ പറഞ്ഞതല്ലോ അതൊന്നും വ്യക്തമായിരുന്നില്ല പക്ഷേ ആ കണ്ണ് ഞാൻ കണ്ടതാണ്"

കെ.എസ്. അഭിലാഷ് മറുപടി പറഞ്ഞു.

"താൻ എന്തിനെക്കുറിച്ചാണ് എഴുതിയത്?"

പോളച്ചൻ ചേട്ടൻ തല ചൊറിഞ്ഞു.

"അല്ല അതു കൂടി കേട്ടുകഴിഞ്ഞാൽ നമുക്ക് കൂടുതൽ എന്തെങ്കിലും സൂചന കിട്ടിയാലോ"

"രണ്ടു മരങ്ങൾ ചുംബിക്കുന്നതിനെക്കുറിച്ച്!"

പെട്ടെന്നായിരുന്നു അയാൾ അത് പറഞ്ഞത്.

മരങ്ങൾ ചുംബിക്കുകയോ? വേണ്ടാതനങ്ങൾ! സ്ത്രീകളും കുട്ടികളും ഇരിക്കുന്ന കൂട്ടത്തിൽ നിന്നുകൊണ്ട് അയാൾ പരസ്യമായി അശ്ലീലം പറയുകയാണ് എന്നായിരുന്നു ചിലരുടെ ഭാവം. അതിശയോക്തിയിൽ നിന്നുകൊണ്ട് എല്ലാവരും വാസ്തവോക്തിയെക്കുറിച്ച് ചിന്തിച്ചപ്പോൾ ഞാൻ കെ.എസ്. അഭിലാഷിന്റെ ചെമ്പിച്ച രോമങ്ങളുള്ള നെഞ്ചിൽ ഉമ്മവെക്കുന്നതിനെ പറ്റി ചിന്തിച്ചു. മണ്ണിനടിയിൽ വേരുകൾ പിണഞ്ഞ് ആകാശത്തിലേക്ക് തലയുയർത്തി ചുംബിക്കുന്ന മരങ്ങളെ കുറിച്ച് അയാൾ പറഞ്ഞപ്പോൾ ആ നിമിഷം എന്റെ വേരുകൾ അയാളുടെ വേരുകൾ തിരഞ്ഞിറങ്ങി.

കെ.എസ്. അഭിലാഷിന്റെ പരാതി വരവ് വെച്ച് പ്രസിഡന്റ് അടുത്ത പരാതിക്കാരനെ തിരഞ്ഞപ്പോൾ സതീശേട്ടൻ എഴുന്നേറ്റു.

"എന്റെ പൊന്നു പ്രസിഡന്റേ എങ്ങനെയാ എവിടെയാ എപ്പോഴാ കണ്ടത് എന്നൊക്കെ ഓരോരുത്തരുടെ പേഴ്സണൽ കാര്യങ്ങളാ.... അത് പരാതിപെട്ടിയിലോട്ട് എഴുതിയിട്ടിട്ടുമുണ്ട്. പിന്നെ അതിങ്ങനെ ചികഞ്ഞ് നിൽക്കാതെ ഇതിനിപ്പോൾ എന്ത് പരിഹാരം കാണാൻ പറ്റും എന്ന് നോക്ക്"

അമ്മ പോയതിനു ശേഷം ഞാൻ വീണ്ടും ജനാലയുടെ കതക് തുറന്നു നോക്കി. എവിടെയാണ് ആ പട്ടികൾ? അവർ പുതിയ ഇടങ്ങൾ തേടി പോയിരിക്കാം. ഏതൊക്കെയാണ് അവരുടെ ഇടങ്ങൾ? ആ പട്ടികൾ എത്രയോ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഇരുട്ടും വെളിച്ചവും തമ്മിലുള്ള അന്തരത്തെ കുറിച്ച് അവർ കാര്യമായി ചിന്തിക്കാറില്ലായിരിക്കാം.

സത്യത്തിൽ ഈ കരിനീലിച്ച കണ്ണുകൾ കണ്ടു എന്നുപറയുന്നതിൽ വാസ്തവമുണ്ടോ? അച്ഛൻ പറഞ്ഞത് അത് മരിച്ചു പോയവരുടെ ആത്മാക്കൾ ആണെന്നാണ്. വർഷങ്ങൾക്കു മുൻപ് അതായത് വളരെ കാലം മുൻപ്, ഈ റസിഡന്റ്സ് അസോസിയേഷൻ ഉൾപ്പെട്ട പരിസരം ഏതോ ഒരു ചുടല ആയിരുന്നുവെന്ന് കഴിഞ്ഞ ദിവസം അത്താഴം കഴിക്കാനിരുന്നപ്പോൾ അച്ഛൻ പറയുന്നത് കേട്ടു. ഇവിടെ

അടക്കം ചെയ്തവരുടെ ആത്മാക്കൾ ഗതികിട്ടാതെ അലയുന്നതാണെന്ന് പറഞ്ഞ് ഏതോ ഒരു മന്ത്രവാദിയെ കണ്ട് ഒരു തകിട് പൂജിച്ച് നട്ടപ്പാതിരയ്ക്ക് വീടിന്റെ പടിക്കൽ ആരുമറിയാതെ അത് കുഴിച്ചിടാൻ ചെന്നപ്പോൾ കരിനീലച്ച ആ കണ്ണ് കണ്ട് അച്ചനും ഭയന്നു.

ഇന്നലെ കഴിഞ്ഞ രണ്ടാമത്തെ കമ്മറ്റിയിൽ മഹിള സമാജത്തിന്റെ ജോയിന്റ് സെക്രട്ടറി രേണുക ഉദയൻ പരാതിക്കെട്ടഴിച്ചു.

"ഇങ്ങനെ വിട്ടാൽ പറ്റില്ല പ്രസിഡന്റേ.... മനസ്സമാധാനത്തിന് ഒന്ന് ഒറങ്ങിയിട്ട് ദെവസം കൊറേ ആയി... !"

പറയുന്ന ഓരോ വാക്കിനുമിടയിൽ സാരിത്തലപ്പ് കൊണ്ടോ ചുരിദാറിന്റെ ഷാൾ കൊണ്ടോ കഴുത്തിലെ വിയർപ്പ് തുടയ്ക്കുന്നത് അവർക്ക് ഒരു ശീലമാണ്.

"പരാതി എഴുതാനൊന്നും ഞാൻ മെനക്കെട്ടില്ല... ഒള്ളത് നേരെ പറയാം. അങ്ങേര് ഗൾഫിൽ ആന്ന് എല്ലാർക്കും അറിയാലോ.. നാലാം ക്ലാസ്സിൽ പഠിക്കണ കൊച്ചും ഞാനും എത്ര കാലം ഇങ്ങനെ പേടിച്ച് കിടക്കും?! ഇന്നലെ മോനെ ഉറക്കി ബാൽക്കണിയിൽ വന്ന് ഫോൺ വിളിച്ചോണ്ട് നിന്ന നേരം കാർ പോർച്ചിൽ ഒരു തെളക്കം... ചങ്ക് കത്തിപ്പോയി.. രാത്രി ഞാനെപ്പോ ഫോൺ എടുക്കുന്നോ അതെന്നെ ചുറ്റിപ്പറ്റി വരും.. കെട്ടിയോനെ പോലും ഒന്ന് വിളിക്കാൻ പറ്റണില്ല..."

രേണുക ഉദയന്റെ സാരിത്തലപ്പ് വിയർപ്പിൽ കുതിർന്നു. അവർ പരവശയായി ഇരുന്നപ്പോൾ എല്ലാവരും അനാവശ്യമായ നിശബ്ദത പാലിച്ചു. പ്രസിഡന്റും സെക്രട്ടറിയും പരസ്പരം അടക്കം പറഞ്ഞുതുടങ്ങിയപ്പോൾ അടുത്ത പരാതിയുമായി എഴുന്നേറ്റത് വാർഡ് മെമ്പറിന്റെ ഭാര്യ സോണിയ ചെറിയാനാണ്. അലക്കി വിരിച്ച മെമ്പർ ചെറിയാന്റെ വെളുത്ത ഷർട്ടെടുത്ത് വെക്കാൻ രാത്രിയിൽ മുറ്റത്തിറങ്ങിയ സോണിയ ചെറിയാൻ ഷർട്ട് എടുക്കാൻ കൈ നീട്ടിയതും ഒരു മിന്നൽ പോലെ തിളക്കം കണ്ട് നീട്ടിയ കൈ പിൻവലിച്ച് അകത്തേക്ക് ഓടി കയറി. ചെറിയാൻ മെമ്പറെയും കൂട്ടി മുറ്റത്ത് തിരികെ വരുമ്പോൾ വെളുത്ത ഷർട്ടിന്റെ പിന്നിൽ കരിനീലച്ച കണ്ണിന്റെ തിളക്കം കണ്ട് മെമ്പർക്ക് തല ചുറ്റൽ ഉണ്ടായി. ഭൂമി കുലുങ്ങുന്നത് പോലെ തോന്നി മെമ്പർ ചെറിയാൻ ഭാര്യയുടെ തോളിൽ താങ്ങിയതും സോണിയ ചെറിയാന്റെ നില തെറ്റി. ചെറിയാനെ പിന്താങ്ങാൻ പറ്റാതെ രണ്ടുപേരും വീണു പോയ കഥ കമ്മറ്റിയിൽ പൊട്ടിച്ചിരി സൃഷ്ടിച്ചു.

" പോലീസിൽ ഒരു പരാതി കൊടുക്കാം "

ഒടുവിൽ പ്രസിഡന്റ് പോളച്ചൻ ചേട്ടൻ ഒരു പ്രഖ്യാപനം നടത്തി. പോലീസിനെ ഈ വിഷയത്തിൽ കൊണ്ടുവരുന്നത് ആലോചനയ്ക്ക് വിട്ടാണ് കമ്മറ്റി പിരിഞ്ഞതെങ്കിലും പോലീസുകാരെ റസിഡന്റ്സ് അസോസിയേഷനിൽ കയറ്റി സംഭവം നാട് മുഴുവൻ അറിയിക്കണോ എന്ന് പലരും ആശങ്ക പറഞ്ഞിരുന്നു.

മനുഷ്യനോ മൃഗമോ അതോ ഭൂതപ്രേത പിശാച്ചുക്കളോയെന്ന് എല്ലാവരും സംശയിച്ചു കൊണ്ടിരിക്കുന്ന അരൂപിയുടെ കരിനീലച്ച കണ്ണുകൾ; അങ്ങനെ രണ്ടു കണ്ണുകൾ ഉള്ളതായി ഞാൻ വിശ്വസിക്കുന്നില്ല.

നട്ടുച്ച നേരം. രാത്രി പോലെ ഇടയ്ക്ക് ഉച്ച നേരം നിശബ്ദമാകാറുണ്ട്. സൂര്യരശ്മിയേറ്റ് തളർന്ന ഇലകളുടെ

വേരുകൾ ഭൂഗർഭജലം തിരയുന്നതും ഒരുപക്ഷേ ഈ നേരത്ത് ആകാം. രാത്രിയും ഉച്ചയും ദാഹിക്കുന്നവരുടേതാണ്. എനിക്കിപ്പോൾ ഒരു മരമാകാനാണ് തോന്നുന്നത്. കിളിർത്ത് തളിർത്ത് ഇടയ്ക്കിടെ പൂവിടുന്ന ഒരു മരം! ഞാൻ ഒരു മരം ആകാൻ ശ്രമിക്കുകയാണ്.

മുറിയുടെ വാതിലുകളിലും ജനാലകളിലും പൂട്ട് വീണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് പതിയെ പതിയെ ഞാൻ ഒരു മരമാകാൻ തുടങ്ങുകയാണ്. വേരുകൾ എന്റെ ദാഹത്തിനായുള്ള നീര് തിരഞ്ഞുകൊണ്ടിരുന്നു. ഞാൻ പടർന്നു. ശാഖകളിൽ ഇലകൾ കിളിർത്ത് പൂവണിയാൻ തുടങ്ങുകയാണ്. പക്ഷേ എനിക്ക് ആകാശത്തിലേക്ക് ഉയരാൻ കഴിയുന്നില്ല. എന്റെ ചില്ലകൾക്ക് മേൽക്കൂരകൾ പൊളിച്ച് പുറത്തുകടക്കാൻ ആവില്ലെന്ന നിരാശയിൽ സ്വയം മറന്നു നിൽക്കുമ്പോഴാണ് നെഞ്ചിനകത്ത് ഒരു മിന്നൽ കയറി കൂടിയത്. ജനാലക്ക് അപ്പുറത്ത് കരിനീലച്ച രണ്ട് കണ്ണുകൾ ! ആദ്യം ഞെട്ടലായിരുന്നു. പരിഭ്രമം ഇരച്ചുകയറി. വെപ്രാളം കൊണ്ട് എനിക്ക് ശ്വാസം മുട്ടുകയാണ്. ആരുടേതാണ് ആ കരിനീല കണ്ണുകൾ? ദേഹം മുഴുവൻ ഒരു പിടച്ചിൽ, അത് എന്റെ മാത്രം രഹസ്യങ്ങളെ കവർന്നുകൊണ്ട് തൽക്ഷണം അപ്രത്യക്ഷമായിരിക്കുന്നു. കെ.എസ്. അഭിലാഷിനെ ഞാൻ ഉമ്മ വെച്ചത് ആ കണ്ണുകൾ കണ്ടിരിക്കുമോ? മനുഷ്യരുടെ ചുംബനങ്ങൾക്ക് ഇരുട്ടിന്റെ മറ വേണമെന്ന് ഞാൻ ചിന്തിക്കാതെ ഇരുന്നതാണ് എനിക്ക് പറ്റിയ തെറ്റ്. വെളിച്ചത്തിൽ മനുഷ്യർ ചുംബിക്കാറുണ്ടോ?!

ഞാൻ മരം ആയിരുന്നില്ലല്ലോ മരം ആകാൻ ശ്രമിക്കുകയായിരുന്നില്ലേ.

ഒരു ബുക്കിലെ പേജ് വലിച്ചു കീറുന്നത് പോലെ ചിന്തിച്ചു കൂട്ടിയത് ഒക്കെയും വലിച്ചുകീറി. കട്ടിലിന്റെ മൂലയിൽ ചുരുണ്ടു കിടന്ന പുതപ്പെടുത്ത് തലവഴിയിട്ട് കിടന്നെങ്കിലും ആ കരിനീലപ്പ് എനിക്ക് ചുറ്റിലും എവിടെയോ ഒളിഞ്ഞു നിൽക്കുന്നതായി അനുഭവപ്പെട്ടു. ഒരു പരാതി എഴുതാനുള്ള ധൈര്യം എനിക്കില്ല. പക്ഷേ എനിക്ക് ഈ കണ്ണുകളിൽ നിന്ന് രക്ഷപ്പെടണം.



പൂരത്തിന്റെ ആർപ്പും ആരവവും അടങ്ങി... അച്ഛന്റെ
തോളിൽ ഇരുന്നുതന്നെ പുറത്തേക്ക്
നടക്കുന്നതിനിടയിൽ കണ്ടു അവിടെയുള്ള ഒരു
ആൽത്തറക്ക് ചുറ്റും ചെറിയ ഒരു ആൾക്കൂട്ടം.
കാതോർത്തപ്പോൾ അറിയാൻ കഴിഞ്ഞു "ഇത്തവണ
വിളക്ക് തെളിയിച്ചത് ഒരു പെണ്ണായിരുന്നു"
എന്നതാണ് ചർച്ചാവിഷയമെന്ന്. അതിനിടയിൽ
ആരോ പറഞ്ഞു--

"ഇനി അടുത്ത പ്രാവശ്യം തിരിതെളിക്കുന്നത് ആണും
പെണ്ണും തന്നെ ആവില്ലെന്ന് ആരു കണ്ടു?"





# POLITICS OF RAINBOW

MOHAMED AMJAD
BSc. MATHEMATICS

Yet another June is here, the rainbow flag and the politics it puts forward are dissected on the table again. 54 years have passed since the first brick was thrown in Stonewall but still queer people all over the world are fighting for their rights. Pride is a celebration, Pride is a riot, Pride is political, and Pride is a reminder that we have a long way to go. It is the celebration of love, extending beyond societal norms of heteronormativity, and of queer identities which have historically been marginalized in the society.

Multinational Corporations have changed their logos to rainbow, hence we know it's Pride. There are rainbow flags everywhere and Pride parades in every major city.

And most times, our celebration of Pride ends with this surface level solidarity. Not to mention that majority of these are done by cishet people to hide their inherent queerphobia. Take Disney for instance, queer representation in their films are practically zero to none, it's always either queerbaiting or queer coded villains, they even donate funds to queerphobic politicians who legislate laws to make the lives of the marginalised community even harder. But in June, they become the biggest allies of the community by selling rainbow merch. Above all this, however, hangs the issue of cultural erasure. The dilution of Pride into an amorphous commodity without nuance, harms the culture of the queer community, and gradually dissolves its history into a set of tokens and images.

We know this commodification perfectly well, it exists as the adoption of commodities to

represent Pride (drinking iced coffee = being queer, etc). True allyship and support are much more than a cool slogan posted on social media or printed on a shirt by a corporation using rainbow capitalism to make money off of the queer struggles. Allyship is about spreading awareness, destigmatizing queer relationships, but over the years it seems that allies have hijacked the pride month and the spaces it creates. It's they who are excited about June. They paint their faces rainbow and march to the streets chanting songs celebrating love. "Love is love", they scream at the top of their lungs.

But is it really about love or just proving that you're woke enough? The liberals participating in Pride parades get uncomfortable when a political slogan is raised. For them Pride is just aesthetics, the new cool thing to get behind. But for queer people it's a riot. It's a struggle for their life, it's them celebrating their little victories against the power structure that is the state. Queerphobia has cost us many lives. While a few names like Alan Turing comes to our minds instantly, there are hundreds and thousands of queer people who were institutionally murdered by the state and it's queerphobic agendas.

"True allyship and support are much more than a cool slogan posted on social media or printed on a shirt by a corporation using rainbow capitalism to make money off of the queer struggles."




Why Disney villains are gay?



# PRIDE MONTH

The prejudice by the society and its implications on the mental health of the queer community also adds to this. Thus, Pride has always been political. As Pride increasingly becomes an event, it is easy to forget the real, dangerous, life-and-death struggle for equal rights under the law that brought us to this point. Struggle, protest and rioting against a discriminatory system is what Pride commemorates. Not consuming products.

> "But is it really about love or just proving that you're woke enough?"

It should be about the revolutionary fight against oppression in our past, present, and future, and not an event co-opted by the capitalist system. Hence the slogans raised in the marches call for the obliteration of all power structures, institutions, and ideological entities which are regressive and oppressive towards the marginalized communities. And if that makes you uncomfortable, are you truly an ally?.

> "Performative allyship and rainbow capitalism has to stop."

Having a token queer character in a Netflix show, who eventually gets killed doesn't bring visibility to queer people. Performative allyship and rainbow capitalism has to stop. People in the LGBTQ+ community are queer all the time, not just in the Pride month, and it isn't all rainbows and fun, it's a constant struggle of a minority group, that's fighting for equal rights and acceptance.

So if you're going to be an ally on Pride Month, you should also be an ally throughout the year. And this can be done by donating to queer causes, helping small queer businesses, being a safe space for your queer friends and so on. Please don't buy that 'Queer Liberation, not

Rainbow Capitalism' tshirt from Amazon, you're not helping anyone with that. When members of the *alphabet soup* call for help, be there for them, listen to their problems, help them in whatever way you can. That's the best way to be a true ally, by taking up just enough space, not highjacking it for your upper-class liberal Instagram clout.




"People in the LGBTQ+ community are queer all the time, not just in the Pride month"



The first transgender Barbie doll has been made, honouring actress and activist Laverne Cox.



# ശുദ്ധികലശം ഒരുത്തരം വൈരുധ്യമോ? വൈരൂപ്യമോ?

അപർണ ഹരീഷ്
ഹിസ്റ്ററി ബിരുദം

ഭൂമി ആൺപെൺകൾ വാശിയോടെ പകുത്തെടുത്തപ്പോൾ അന്യന്റെ ഉടലുകളിൽ വിങ്ങുന്ന മനസ്സോടെ പുറത്ത് കടക്കാൻ സാധിക്കാത്തവിധം അസ്തമിച്ചു പോയ നിസ്സഹായരായ ഞങ്ങളെ നിങ്ങൾ എന്ത് വിളിക്കും?

കേൾക്കാറുണ്ട്...ഹൃദയത്തിൽ ആഴ്ന്നു തറച്ച് ചോര കുത്തിയൊലിക്കാറുമുണ്ട്...

ഒൻപത്, ചാന്തുപൊട്ട്, ആണും പെണ്ണും കെട്ടവൻ, ശിഖണ്ഡി അങ്ങനെ എത്ര എത്ര ഓമനപ്പേരുകൾ. എന്നിലെ സ്ത്രൈണതയെ സ്നേഹത്തോടെ നെഞ്ചോടടക്കിപ്പിടിക്കുമ്പോഴും, അതിവിദഗ്ധമായി ഞാൻ എന്ന ആണുടലിൽ അകപ്പെട്ട പെൺമനസ്സിനെ ആവുന്നത്ര അധിക്ഷേപിച്ചും ആട്ടിയോടിച്ചും നിരവധിയനവധി  ജീവിതങ്ങൾ അട്ടഹസിച്ചു കടന്നുപോയി....

അന്ന്... കുഞ്ഞനുജത്തിയുടെ മുട്ടോളമെത്താത്ത തൂവെള്ള പാവാടയിൽ രക്തക്കറ ഒഴുകിയ നാൾ ഞാൻ തിരിച്ചറിഞ്ഞു എന്നിലെ ഞാൻ എന്ന സത്യത്തെ...അസഹനീയമായ അസ്തിത്വവ്യഥ അടിവയറ്റിലാകെ പടർന്നു പിടിച്ചു ഇരുകാലുകൾക്കിടയിൽ തളംകെട്ടി നിന്ന ആ ഞായറാഴ്ച്ച...പലവട്ടം പുറത്തേക്ക് ചാടാൻ വെമ്പിയ എന്നിലെ എന്നെ കടിച്ചമർത്തി, ജനിച്ചനാൾ വീട്ടുകാർ അടിച്ചേൽപ്പിച്ച പുരുഷകേസരി എന്ന ആഡംബര പദവിയിൽ കടിച്ചുതൂങ്ങി ഞാൻ എരിഞ്ഞമർന്നു...

ഒടുക്കം സർവംസഹയുടെ മൂർത്തിഭാവം വെടിഞ്ഞ്, മുഖംമൂടി പിച്ചിച്ചീന്തി, യഥാർത്ഥ എന്നെ വെളിപ്പെടുത്തി,

എന്ന ക്രൂരകൃത്യത്തിന് ക്രൂശിക്കപ്പെട്ട് ബന്ധുമിത്രാദികൾ തള്ളിയിറക്കിവിട്ടപ്പോൾ വയസ്സ് പതിനേഴ്.....

ജനിച്ച് പോയി എന്ന കാരണത്താൽ നിവൃത്തികെട്ട് മരിച്ചു ജീവിക്കേണ്ടി വന്ന അമ്പാണ്ടുകൾ...

വിശപ്പ് എന്ന സാർവത്രികമായ വികാരത്തെ തൃപ്തിപ്പെടുത്താൻ സദാചാര സമൂഹം മറ്റു വഴികളെല്ലാം കൊട്ടിയടച്ചപ്പോൾ പകൽമാന്യന്മാരുടെ ലൈംഗികചേഷ്ടകൾ നിസ്സഹായയായി പൊറുക്കേണ്ടിവന്ന പ്രാണന്റെ വിലയുള്ള എത്രയെത്ര രാത്രികൾ....

കക്കൂസിലെ മലിനജലത്തിന്റെ സ്വാദിൽ ആഴ്ചകൾ തള്ളിനീക്കിയ ഞാൻ എന്ന ജീവശ്ശവത്തിന്റെ അരവയർ നിറയ്ക്കാൻ ആവാതെ ഭിക്ഷാടനോദ്യോഗവും കൈമലർത്തി...

വിടാതെ പിന്തുടർന്ന ശാരീരിക വിഷമതകൾ അവസാനിച്ചത്; വൃക്കകളെ കാർന്നു തിന്നാൻ തുടങ്ങിയ കടുത്ത കോളറ ബാധയിലായിരുന്നു. സ്ത്രീ, പുരുഷൻ എന്നീ രണ്ടു കോളങ്ങളിൽ എന്റെ അസ്തിത്വം അമർത്തി അടച്ചു. ആശുപത്രി വരാന്തകൾ പലവട്ടം ചികിത്സ നിഷേധിച്ച് ഇരുണ്ട തെരുവുകളിലേക്ക് തള്ളിയോടിച്ചു.....

എന്റെ പ്രിയ ട്രാൻസ് ജെൻഡർ സഹോദരവലയങ്ങളുടെ ചേർന്നു നിൽക്കലുകളിൽ എവിടെയോ ജീവിതം തിരിച്ച് പിടിക്കാനുള്ള ഊർജ്ജം അതിശക്തമായി വീണ്ടെടുത്ത ഞാൻ, അതിസങ്കീർണമായ

ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയയായി...... വിയർപ്പിന്റെ വിലയുള്ള ജീവിത സമ്പാദ്യമാകെ പ്രാണന്റെ ത്രാസിൽ അളന്നുവച്ച് തുടിക്കുന്ന ഹൃദയത്തോടെ പെണ്ണുടലിനായി കൊതിച്ച ഞാൻ, ഇന്നിതാ.....

എന്നിലെ പ്രിയപ്പെട്ട എന്നെ സമൂഹം ഹൃദയഭേദകമാം വിധം വലിച്ചുടർത്തി മാറ്റി...

ചലനശേഷി നഷ്ടമാകും വിധം വേദന വലിഞ്ഞ് മുറുകുമ്പോഴും മലമൂത്ര വിസർജ്ജനങ്ങൾ കാലിന്നിടയിൽ ഘടിപ്പിച്ച കൃത്രിമ ഉപകരണങ്ങളിലേക്ക് നിക്ഷേപിക്കപ്പെടുമ്പോഴും...ഒന്നേയുള്ളു ചോദ്യം. പ്രപഞ്ചസൃഷ്ടാവിന്റെ വൈവിധ്യാത്മകതയുടെ സൽഫലങ്ങളായ ഞങ്ങൾ അർധനാരിശ്വരന്മാർ എപ്രകാരം ഈ മണ്ണിന് വൈരൂപ്യമായി ഭവിക്കുന്നു ?

കേവലം ഒരു ചികിത്സാപ്പിഴവു മാത്രമായി എന്റെ മരണം രേഖപ്പെടുത്തുമെന്നതിൽ തെല്ലും സന്ദേഹമില്ലാതെ ഇത് ഞാൻ ഇവിടെ കുറിക്കുന്നു....

എന്റെ പ്രാണന്റെ ഓരോ തുള്ളിയും കൊടും വ്രണങ്ങളിൽ നിന്ന് രക്തപ്പുഴയായി പുറത്തേക്ക് അണപൊട്ടിയൊഴുകുന്ന കൊടും വേദന ഞാൻ അറിയാതെ ആസ്വദിച്ചു പോകുന്നു. അന്ന് എന്നിലെ സ്ത്രീത്വത്തെ തിരിച്ചറിഞ്ഞ നാൾ, ഞാൻ കണ്ട ആർത്തവം എന്ന മനോഹര സ്വപ്നം ഇനി യാഥാർഥ്യമാകില്ലെങ്കിലും, ഈ സുഖമുള്ള വേദന, നീറിയൊലിക്കുന്ന രക്തക്കറയിലൂടെ ഞാൻ ആസ്വദിക്കുന്നു. ചോരപ്പുഴ ശക്തിയോടെ ഒഴുകട്ടെ... പടരട്ടെ... പുഴ നിറഞ്ഞ് കവിഞ്ഞ് പ്രാണനെ പൊതിഞ്ഞ് ശുദ്ധികലശം നടത്തട്ടെ...

"എഡ്യേ..... വടക്കേല് പുതിയ ഒരൂട്ടർ വന്നിട്ട്ല്യെ... നീ കണ്ടാർന്ന...എന്തൂട്ട് കോലാത്.......... എന്താ ആണ് എന്താ പെണ്ണിന്ന് മനസ്സിലാവാത്ത ഒരു കളസിട്ടാ നടത്തം..... ഹഹ്... ഞാനും മ്മടെ പാൽക്കാരൻ രമണനും കൂടെ അവടെ നിക്കുമ്പഴ ആ പെണ്ണ് കക്ഷം പൊളിച്ച് കാണിക്കണെ തുണീം ഇട്ട്, അവൻ നെലം തോടക്കണെ നോക്കി നിക്കണൂ... വേർതെ ആണ ലോകാവസാനായീന്ന് ആളോള് പറയണേ..... അതെങ്ങനാ..... പാന്റും ഷർട്ടും ഇട്ട് ആൺപിള്ളേർടെ മടീൽ കേറി നെരങ്ങണ മൂദേവ്യോൾ വെലസണ കാലല്ലെ..... അടച്ചുപൂട്ടിവക്കണ്ടത് ഓരോന്ന് കാണിച്ച് ആണ്ങ്ങോൾടെ ഒറക്കോം കളഞ്ഞ്, തോട്ടോ പിടിക്കയോ വെല്ലോം ചെയ്ത പീഢനാവണ കാലല്ലെ... ഇങ്ങനെ വിട്ട പറ്റില്യല്ലോ... ആ പെണ്ണ് എന്തൂട്ട കാണിക്കണെന്ന് നോക്കീട്ട് വരട്ടെ. ... മ്മടെ സംസ്കാരം മ്മള് നോക്കണ്ടെ.... "
മുറുക്കിയ വെറ്റില റോഡിലേക്ക് തുപ്പി, അഴഞ്ഞ് അഴിഞ്ഞ് തൂങ്ങിയ കയിലി മുട്ടിനു ഏറെ മേലെ വലിച്ചു കെട്ടി, കനത്ത മാറിടങ്ങൾ മുന്നോട്ട് ഉന്തി അർദ്ധനഗ്നനായ അമ്മാവൻ വെപ്രാളപ്പെട്ട് നടന്നകന്നു.









ദൂരെ കളിപ്പാട്ടക്കടകൾ കണ്ടു തുടങ്ങിയപ്പോഴേ അവൾ അച്ഛന്റെ
തോളിൽനിന്നിറങ്ങി. നടത്തത്തിന് വേഗം കൂട്ടി. കടകളുടെ മുമ്പിലെത്തിയപ്പോൾ
വേഗം കുറഞ്ഞു, കൗതുകത്തോടെ ഓരോ കളിപ്പാട്ടവും നോക്കി നടന്നപ്പോൾ ഒരു
കളിപ്പാട്ടത്തിൽ അവളുടെ കണ്ണുടക്കി. അച്ഛനെ പിടിച്ച് വലിച്ചു ആ കടയിലേക്ക്
കൊണ്ടുപോയ അവൾ പതിവ് രീതികൾക്ക് വിപരീതമായി ആവശ്യപ്പെട്ടത് ഒരു "ജെ.
സി.ബി." ആയിരുന്നു. അവളുടെ നിർബന്ധത്തിനു വഴങ്ങി അച്ഛൻ അത് അവൾക്ക്
വാങ്ങി കൊടുത്തു.






# സത്യാനന്തരകാലത്തെ

# മാധ്യമ ധാർമികത




**എസ്നി ഏലിയാസ്**

ഇംഗ്ലീഷ് ബിരുദാനന്തര ബിരുദം




"ആരും വിമർശനത്തിന് അതീതരല്ല. മാധ്യമസ്ഥാപനങ്ങളും (മാധ്യമപ്രവർത്തകരും) വിമർശിക്കപ്പെടുക തന്നെ വേണം, മറ്റേത് സ്ഥാപനത്തെയും പോലെ, മറ്റേത് തൊഴിൽമേഖലയെയും പോലെ, ഒരുപക്ഷേ അതിലും കൂടുതൽ. കാരണം ജനാധിപത്യത്തെ താങ്ങിനിർത്തുന്ന നാലാമത്തെ തൂണ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒന്നാണല്ലോ മീഡിയ." – എം. സുചിത്ര

(മുതിർന്ന മാധ്യമപ്രവർത്തക)

## LE SOIR

നൂറ്റിമുപ്പത്തിയൊന്ന് വർഷത്തെ ചരിത്രമുള്ള ബെൽജിയൻ ന്യൂസ് പേപ്പർ 'Le Soir' 2017-ലെ 'Word of the Year' ആയി തിരഞ്ഞെടുത്തത് 'Fake News' എന്നതാണ് (ഡിസംബർ 29, 2017). ഓക്സ്ഫോർഡ് ഡിക്ഷണറിയുടെ 2016 വർഷത്തിലെ വാക്കായ 'സത്യാനന്തരകാലം' (post-truth era) എന്നതിന് ഉചിതമായ ഒരു പിൻഗാമി. നുണയുടെ കല (The Art of Lie) എന്ന കവർ സ്റ്റോറിയിൽ പറഞ്ഞത് ഇതുതന്നെ; യഥാർഥ വിവരങ്ങളും സത്യവും പ്രചരിപ്പിക്കപ്പെട്ട അതേ അളവിൽ തന്നെ വ്യാജവിവരങ്ങളും അസത്യവും നവമാധ്യമങ്ങളിൽ പ്രചരിക്കുന്നു. സത്യവും നുണയും, ഭാവനയും യാഥാർഥ്യവും തമ്മിലുള്ള അതിർത്തികൾ മങ്ങുകയും നേർത്തുവരികയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ സത്യാനന്തരമാധ്യമലോകത്തിന്റെ ധാർമികത ചർച്ച ചെയ്യേണ്ടത് തന്നെയാണ്.

സത്യവും യാഥാർഥ്യവും അന്വേഷിച്ച്




കണ്ടെത്തി ഭയമേതുമില്ലാതെ ലോകത്തോട് പറയുക എന്നതാണ് മാധ്യമധർമം. എന്നാൽ വസ്തുനിഷ്ഠയാഥാർഥ്യങ്ങളെക്കാൾ വൈകാരികവും വൈയക്തികവുമായ കാര്യങ്ങൾ സമൂഹത്തെ സ്വാധീനിക്കുന്ന കാലഘട്ടമായാണ് സത്യാനന്തരയുഗം നിർവചിക്കപ്പെടുന്നത്. നാം ജീവിക്കുന്ന കാലഘട്ടത്തിൽ തലയുയർത്തിപ്പിടിച്ചുനിൽക്കുന്ന ഒരു ചോദ്യം ഉണ്ട്. "എന്താണ് സത്യം?" ചരിത്രകാരനായ ഉംബർട്ടോ എകോ (Umberto Eco) ഇപ്രകാരം എഴുതി:

"വിജയിക്കുന്ന നുണയാണ് സത്യം"

സമകാലികമാധ്യമലോകത്തോട് ഈ വാക്യം ചേർത്ത് വായിച്ചാൽ അവിടെ യഥാർഥത്തിൽ നുണകൾ അല്ല അരങ്ങേറുന്നത്, ചൂഷണം ചെയ്യപ്പെട്ട സത്യങ്ങൾ ആഘോഷിക്കപ്പെടുകയാണ്. അതായത് വാർത്ത ഉണ്ടാവുകയല്ല, ന്യൂസ് റൂമുകളിൽ ഉണ്ടാക്കപ്പെടുന്നു; 'സത്യം ബോധപൂർവം നിർമിക്കപ്പെടുന്ന ബോധ്യമാകുന്നു' (Truth becomes a created conviction).

മാറി വരുന്ന സാഹചര്യത്തിൽ മാധ്യമങ്ങളുടെ ധാർമികതയ്ക്കും മാറ്റങ്ങൾ വന്നിരിക്കുന്നു. ടി.വി. ചാനലുകൾക്കൊപ്പം നവമാധ്യമങ്ങൾകൊണ്ടും സമ്പുഷ്ടമാണ് ഇന്നത്തെ വാർത്താലോകം. പത്രങ്ങളെക്കാൾ കൂടുതൽ ഇവയെയാണ് ജനങ്ങൾ വാർത്തകൾക്കായി ആശ്രയിക്കുന്നത്. ഇന്ന് മാധ്യമപ്രവർത്തനം സാമൂഹ്യസേവനം എന്നതിനെക്കാൾ വ്യവസായമാണ്. വ്യാപാരസ്ഥാപനങ്ങൾക്ക് സ്വന്തമായി മാധ്യമങ്ങളുണ്ട്. അവരുടെ സ്വാർഥതാല്പര്യങ്ങളെ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാൻ മാധ്യമങ്ങളെ ഉപയോഗിക്കുന്നു. പല വ്യക്തികളുടെയും കീഴിലുള്ള സ്ഥാപനങ്ങൾ ആയതിനാൽ പല രീതികളിലാണ് ഒരേ വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇതിലൂടെ നവമാധ്യമങ്ങൾ ആഴംകുറഞ്ഞ അഭിരുചികളുടെ സാംസ്കാരികകേന്ദ്രമായി മാറുന്നു. സംവാദത്തിന് പകരം വിവാദം, വസ്തുനിഷ്ഠവിമർശനങ്ങൾക്ക് പകരം വ്യക്തിനിഷ്ഠ അധിക്ഷേപം, യുക്തിപരമായ ചിന്തകൾക്ക് പകരം വൈകാരികചിന്തകൾ എന്നിവ സത്യാനന്തരകാലത്തെ നവമാധ്യമങ്ങളുടെ മുഖമുദ്രയായി മാറി.

സത്യം അറിയിക്കാനുള്ള ജിഹ്വ എന്ന നിലയിൽനിന്നും മാർക്കറ്റിൽ വിറ്റഴിക്കേണ്ട ഉത്പന്നമായി മാധ്യമങ്ങൾ മാറിയപ്പോൾ കമ്പോളനിലവാരമനുസരിച്ചുള്ള എഴുത്തും വിപണിമൂല്യമുള്ള 'സത്യ'ങ്ങളുമുണ്ടായി. പത്ര-ചാനൽ ഉടമയുടെ വാണിജ്യ-രാഷ്ട്രീയ താത്പര്യങ്ങളും പരസ്യദാതാക്കളുടെ നിക്ഷിപ്ത താൽപര്യങ്ങളുമൊക്കെ സത്യത്തെ പുനർനിർമിക്കുന്നു. വായനക്കാരന്റെ പ്രതിബദ്ധതയെക്കാൾ കോർപ്പറേറ്റ് പരസ്യവരുമാനം ലക്ഷ്യം വെയ്ക്കുന്നവർ അവരുടെ അജണ്ടകൾ നിർവഹിക്കാനുള്ള ഇടമാക്കി മാധ്യമങ്ങളെ ചുരുക്കുമ്പോൾ, അടിസ്ഥാനപരമായി മാധ്യമങ്ങളുടെ പ്രതിബദ്ധത പരസ്യദാതാക്കളോടു മാത്രമാണെന്ന് വ്യക്തം. "മകളെ വ്യഭിചാരത്തിന് വിടുന്നതിനെ



ക്കാൾ ഭയം മകനെ പത്രപ്രവർത്തനത്തിനു വിടാനാണെന്ന്" ഡാനിഷ് ചിന്തകൻ സോറൻ കിർക്കഗോർ (Soren Kierkegoard) നടത്തിയ പ്രസ്താവന സമകാലികമാധ്യമങ്ങളുടെ കുത്തഴിഞ്ഞ വ്യവഹാരങ്ങളെ ചൂണ്ടിക്കാട്ടുന്നു.

സമാന്തരകോടതികളായി മാറിയിരിക്കുകയാണ് ഇന്ന് മാധ്യമങ്ങൾ. പ്രമാദമായ പല കേസുകളിലും കോടതികൾ വിചാരണ നടപടികളിലേക്ക് കടക്കും മുമ്പേ ചാനലുകളിലെ വാർത്താ അവതാരകർ ജഡ്ജിമാരുടെ റോളിൽ പ്രത്യക്ഷപ്പെട്ട് കേസുകളെ സംബന്ധിച്ച ചർച്ചകളും നിഗമനങ്ങളും തെളിവെടുപ്പുകളുമെല്ലാം നടത്തുന്നതും സ്വന്തം അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുന്നതും ഇന്നൊരു പതിവ് കാഴ്ചയായി മാറിയിരിക്കുന്നു. ശബരിമല സ്ത്രീ പ്രവേശനം, കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട കേസ്, സുശാന്ത് സിങ് രജപുതിന്റെ മരണം, സുനന്ദ പുഷ്കറിന്റെ മരണം, കൂടത്തായി കൊലപാതകപരമ്പര, സ്വർണക്കടത്ത് തുടങ്ങിയ കേസുകളിൽ എല്ലാം മാധ്യമവിചാരണകൾ അരങ്ങേറുകയുണ്ടായി. ക്രിമിനൽ കേസുകളിലെ ഈ മാധ്യമ കടന്നുകയറ്റത്തെ ഹൈക്കോടതി 2020ൽ രൂക്ഷമായി വിമർശിക്കുകയുണ്ടായി. ഇന്നും മാധ്യമങ്ങളുടെ സമീപനത്തിൽ മാറ്റമില്ല.

മാധ്യമങ്ങൾക്ക് മേലുള്ള ഭരണകൂടത്തിന്റെ സമ്മർദവും മുമ്പെന്നത്തെക്കാളും ഏറെ വർധിച്ചിട്ടുണ്ട്. ഇപ്പോൾ ഫാസിസത്തിനെതിരെ ശബ്ദം ഉയർത്തുമ്പോൾ ഗൗരി ലങ്കേഷിനെപ്പോലുള്ള മാധ്യമപ്രവർത്തകർ കൊലചെയ്യപ്പെടുന്നു. പൗരത്വനിയമത്തിനെതിരെ പ്രക്ഷോഭം നടന്ന സമയത്ത് കേരളത്തിലെ രണ്ട് വാർത്താ ചാനലുകളുടെ പ്രക്ഷേപണം മണിക്കൂറുകളോളം കേന്ദ്രസർക്കാർ നിർത്തിച്ചു. അതേ സമയം, ഇന്ത്യൻ മാധ്യമരംഗം വലിയ രീതിയിൽ കാവിവൽക്കരിക്കപ്പെടുന്നുണ്ട്. മുമ്പ് സെക്യുലർ എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന പല പത്രങ്ങളുടെയും സ്വഭാവം മാറിയിട്ടുണ്ട്. അയോധ്യയിൽ ഈയിടെ നടന്ന രാമക്ഷേത്രശിലാന്യാസം ഭൂരിഭാഗം മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തത് എപ്രകാരമാണെന്ന് നമുക്ക് അറിവുള്ളതാണ്. ബാബരി മസ്ജിദ് പൊളിച്ച സ്ഥലത്താണ് ക്ഷേത്രം പണിയുന്നതെന്ന് എത്ര മാധ്യമങ്ങൾ തുറന്നെഴുതി?



ജി.ആർ. ഇന്ദുഗോപൻ എഴുതിയ 'ഗൈനക്" എന്ന കഥയിലെ കേന്ദ്രകഥാപാത്രമായ ഡോക്ടർ പറയുന്ന ഒരു വാചകമുണ്ട്: "നിങ്ങളെയൊക്കെ




എന്തോ പറയുമല്ലോ, ജനാധിപത്യത്തിന്റെ കാവൽത്തൂണോ...നെടുംതൂണോ എന്നൊക്കെ". മാധ്യമങ്ങളെക്കുറിച്ച് തന്നെയാണ് അവർ സംസാരിക്കുന്നത്; നടക്കാത്ത ഒരു കാര്യം നടന്നു എന്ന് എഴുതിപ്പിടിപ്പിച്ച പഴയകാല മഞ്ഞപത്രങ്ങളെക്കുറിച്ച്. അസാന്മാർഗികപ്രവൃത്തിയിൽ ഏർപ്പെട്ടു എന്ന് പറഞ്ഞ് ഒരു പെൺകുട്ടിയുടെ വ്യാജവാർത്ത വിറ്റ മഞ്ഞപത്രത്തിനോടുള്ള രോഷത്തിൽ ചോദിക്കുന്ന ചോദ്യം, പത്രത്താളുകൾക്കപ്പുറം നാം ഇന്ന് വിരൽത്തുമ്പുകളിൽ ഉപയോഗിക്കുന്ന നവമാധ്യമങ്ങൾ ഉൾപ്പെടുന്ന മാധ്യമങ്ങളുടെ ധാർമികതയെയാണ് ചോദ്യം ചെയ്യുന്നത്.

അതിനാൽ മാധ്യമങ്ങൾ വിമർശിക്കപ്പെടണം. സെൻസേഷണൽ (sensational) വാർത്തകൾക്ക് വേണ്ടി സെൻസ് [sense(വസ്തുനിഷ്ഠത)] ഇല്ലാത്ത വാർത്തകൾ സൃഷ്ടിക്കപ്പെടുമ്പോൾ സത്യം തിരിച്ചറിയാൻ മാധ്യമങ്ങൾ സെൻസർ (censor) ചെയ്യുന്ന കാലം വിദൂരമല്ല.





കൊട്ടിയടച്ചു ...
കൊത്തിവലിച്ചു...
കത്തിയെടുത്തു കണ്ണുകളെ...
മണ്ണ് നിറച്ചു...
പുണ്ണ് പരത്തി...
വിണ്ണിലെരിച്ചത് വാക്കുകളെ...

ഞങ്ങടെയുള്ളിലെ സങ്കടഭാവമതങ്ങനെയിങ്ങനെ ഒഴുകാതെ...
കണ്ണുകൾ കെട്ടി
കണ്ഠമോ നീറ്റി
കത്തിയമർത്തിയെതിർപ്പുകളെ

ഞങ്ങടെ നിങ്ങടെ അന്തരമില്ലാ നമ്മുടെ ആക്കിയെടുത്ത യശസ്സിത്
കത്തിയോടിച്ച് ചവുട്ടിമലർത്തിയൊതുക്കിയെറിഞ്ഞു കിടന്ന് ചിരിച്ച
മയങ്ങി മനുഷ്യർ...

# സ്വയം 'ഭരണം'




എസ്സി ഏലിയാസ്
ഇംഗ്ലീഷ് ബിരുദാനന്തര ബിരുദം

എമിൽ എൽദോ
കൊമേഴ്സ് ബിരുദം

ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭം രാജ്യത്തെമ്പാടും ഉയരവെ 1925 മാർച്ച് 18 ന്, വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ചെത്തിയ ഗാന്ധിജി വിദ്യാർഥികളുടെ അഭ്യർഥന മാനിച്ച് യു.സി. കോളേജ് സന്ദർശിച്ചു. അന്നത്തെ സന്ദർശനഡയറിയിൽ അദ്ദേഹം ഇപ്രകാരം കുറിച്ചു: "Delighted with the ideal situation". 96 വർഷങ്ങൾക്ക് ശേഷം 2021 മാർച്ച് 29 ന് യു.സി. കോളേജിന്റെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ എത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ യുസിയെ സംബോധന ചെയ്തത് "സമാനതകളില്ലാത്ത വിദ്യാഭ്യാസമാതൃക" എന്നാണ്. നൂറുവർഷത്തെ ചരിത്രമുറങ്ങുന്ന മണ്ണ്, ഗാന്ധിജിയുടെയും ടാഗോറിന്റെയും കലാമിന്റെയും പാവനപാദങ്ങൾ പതിഞ്ഞ മണ്ണ്. കുറ്റിപ്പുഴയുടെയും, മലയാറ്റൂരിന്റെയും, ലിജോ ജോസ് പല്ലിശ്ശേരിയുടെയും കലാലയം. യുസിയിൽ പഠിച്ചിറങ്ങിയവരുടെയും, പഠിക്കുന്നവരുടെയും, യുസിയുടെ ഭാഗമായവരുടെയെല്ലാം ഹൃദയത്തിലാണ് ഈ കലാലയം.

ചരിത്രത്തിൽ യുസിക്ക് സ്വന്തമായ ഒരിടമുണ്ട്. കേരളത്തിലെ പ്രമുഖക്യാമ്പസുകൾ തങ്ങളുടെ സ്വാതന്ത്ര്യം ഓട്ടോണമിക്ക് അടിയറവ് വെച്ചപ്പോൾ 'പതറാത്ത യുസി' കാലം യുസിയെ അടയാളപ്പെടുത്തിയത് അങ്ങനെയാണ്. കേരള സർക്കാർ സ്വയംഭരണകോളേജിനെ സംബന്ധിച്ച് നിയമനിർമാണം നടത്തുകയും 2014 ഡിസംബറിൽ ഓർഡിനൻസിലൂടെ നിയമം പാസാക്കുകയും ചെയ്തു. ഇതിൻ പ്രകാരം 2014-ൽ 13 കോളേജുകൾക്കും 2015-ൽ ഏഴോളം കോളേജുകൾക്കും ഓട്ടോണമസ് പദവി സർക്കാർ നൽകി.

2013-ലാണ് യു.സി. കോളേജ് സ്വയംഭരണത്തിന് അപേക്ഷ സമർപ്പിച്ചതെങ്കിലും ഫലം ഉണ്ടായില്ല. പിന്നീട് 2015-ൽ കോളേജ് സ്വയംഭരണത്തിന് അപേക്ഷ സമർപ്പിക്കുകയും ചുരുക്കപ്പട്ടികയിൽ സ്ഥാനം ഉറപ്പാക്കുകയും ചെയ്തു. 2015-ൽ കോളേജ് സ്വയംഭരണത്തിന് അപേക്ഷ സമർപ്പിച്ചത് മുതൽ തന്നെ കോളേജിൽ ഇതിനെതിരെ വിദ്യാർഥികളും അധ്യാപകരും പ്രതിഷേധങ്ങൾ ആരംഭിച്ചു. 2015 ഡിസംബറിൽ യു.ജി.സി. സംഘം കോളേജ് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ വന്നപ്പോൾ കോളേജിലെ എല്ലാ പ്രവേശനകവാടങ്ങളും പൂട്ടിയാണ് വിദ്യാർഥികൾ അവരെ തടഞ്ഞത്. കോളേജിൽ എത്തിയ വിദ്യാർഥികളിൽ ബഹുഭൂരിപക്ഷവും ക്ലാസുകൾ ബഹിഷ്കരിച്ച് സമരത്തിൽ പങ്കുചേർന്നപ്പോൾ ആദ്യദിനം തന്നെ സന്ദർശനം ഉപേക്ഷിച്ച യു.ജി.സി. സംഘം തിരിച്ചുപോയി.

2016 ഫെബ്രുവരി 25-ന് കേരള ഹൈക്കോടതിയുടെ പ്രത്യേക അനുമതി വാങ്ങിയാണ് യു.ജി.സി. സംഘം പിന്നീട് കോളേജിൽ എത്തുന്നത്. കൊടിയുടെ നിറം നോക്കാതെ 'യുസി' എന്ന വികാരമാണന്ന് യു.ജി.സി. സംഘത്തെ നേരിട്ടത്. അന്ന് വിദ്യാർഥികൾ നടന്നു കയറിയത് ക്ലാസ് മുറികളിലേക്കല്ല സമരപന്തലിലേക്കായിരുന്നു. സമരം ശക്തിപ്പെട്ടതോടെ പോലീസ് ഇടപെട്ട് സമരത്തിന് നേതൃത്വം നൽകിയ കോളേജ് ചെയർമാൻ അഫ്രിൻ ടി.എ. ഉൾപ്പെടെ ആറുപേരെ അറസ്റ്റ് ചെയ്തു. ഇതോടെ പ്രതിഷേധം കൂടുതൽ ശക്തമാക്കുകയും അതിനെ തുടർന്ന് സമരത്തിന് മുൻനിരയിൽ നിന്ന മുപ്പതോളം പേരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു.

പ്രതിഷേധത്തിന്റെ സ്വരത്തെ അത് തളർത്തിയില്ല. പോലീസ് സ്റ്റേഷന്റെ ചുവരുകളിൽപോലും 'SAY NO TO AUTONOMY' പ്രതിഫലിച്ചു.

അന്ന് വൈകിട്ട് നടന്ന യു.ജി.സി. സംഘവും വിദ്യാർഥികളുമായുള്ള ചർച്ചയിൽ വിദ്യാർഥികൾ ഒറ്റക്കെട്ടായി തങ്ങളുടെ പ്രതിഷേധം അറിയിക്കുകയും ഒരാൾ പോലും സ്വയംഭരണം ആവശ്യപ്പെടാത്ത സാഹചര്യത്തിൽ 'സ്വയംഭരണം' എന്ന ഉദ്യമത്തിൽനിന്നും പുറകോട്ട് പോകണം എന്ന് ആവശ്യമുയർത്തുകയും ചെയ്തു. സമരത്തിന്റെ രണ്ടാം ദിവസം ഹോസ്റ്റൽ സന്ദർശനത്തിനായി എത്തിയ സംഘത്തെ വിദ്യാർഥികൾ ഹോസ്റ്റലുകളിൽ എത്തി പ്രതിഷേധം അറിയിച്ചു. പ്രതിഷേധങ്ങൾക്കൊടുവിൽ യു.ജി.സി. സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം അന്ന് സ്വയംഭരണം നൽകിയ 9 കോളേജുകളിൽ യുസി ഉണ്ടായിരുന്നില്ല, ആദ്യ ഉദ്യമത്തിന് തിരശ്ശീല വീണു.

യു.സി. കോളേജ് വീണ്ടും സ്വയംഭരണത്തിന്റെ ഭീതിയിലാകുന്നത് 2022 മാർച്ച് 22-നാണ്. അന്ന് കോളേജ് സന്ദർശനത്തിനെത്തിയ യു.ജി.സി. അധികൃതരെ തടയുന്നതിനായി കോളേജ് പ്രധാനകവാടം കോളേജ് യൂണിയനും വിദ്യാർഥി സംഘടനകളും ചേർന്ന് ഉപരോധിച്ചു. ചെയർപേഴ്സൺ ബിൻസി ബിജുവിന്റെ നേതൃത്വത്തിലാണ് ഉപരോധം നടത്തിയത്. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ഉമറുൾ ഫാറൂഖ്, വൈസ് ചെയർപേഴ്സൺ ഹനാൻ ഹുസൈൻ, എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി സ്റ്റെനിൻ, കെ.എസ്.യു യൂണിറ്റ് പ്രസിഡന്റ് മിന്നു ജെയിംസ് എന്നിവർ നേതൃത്വം കൊടുത്തു. കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (കെ.പി.സി.ടി.എ) ആഭിമുഖ്യത്തിൽ കോളേജ് ഗേറ്റിനു മുൻപിൽ പ്രതിഷേധ സംഗമം ഡോ. സജു മാത്യു ഉദ്ഘാടനം ചെയ്തു. ഡോ. ജി. ഗീതിക, ഡോ. ടിൻസി വർഗീസ്, ഡോ. മനു പുന്നൻ ജോൺ, ഡോ. വി.കെ. ഷിനോജ് എന്നിവർ സംസാരിച്ചു.

കോളേജിന്റെ സ്വയംഭരണാവകാശം സംബന്ധിച്ച ചർച്ചകൾ, കോളേജിലെ പ്രതിഷേധത്തെ തുടർന്നു ആലുവ പാലസ് അതിഥിമന്ദിരത്തിൽ നടന്നു. എല്ലാ ചർച്ചകളും പൂർത്തീകരിച്ച് കോളേജ് സന്ദർശനം മാത്രം ബാക്കിയാക്കി അന്ന് യു.ജി.സി. സംഘം തിരിച്ച് പോയി. അന്ന് മടങ്ങിയ യു.ജി.സി. സംഘം പാനലിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകിയിരുന്നു. തുടർന്ന് 2022 ഏപ്രിൽ 19-ന് പോലീസ് സംരക്ഷണത്തിൽ യു.ജി.സി. സംഘം കോളേജ് സന്ദർശനത്തിനെത്തി. 'ഓട്ടോണമി തുലയട്ടെ' എന്ന് വീണ്ടും വീണ്ടും ആക്രോശിച്ച വിദ്യാർഥികളുടെ സംഘവും പോലീസും തമ്മിൽ വാക്കുതർക്കമുണ്ടായി. സ്വയംഭരണാവകാശം നൽകുന്നതിനുള്ള പാനലിന്റെ അന്തിമസന്ദർശനം തടയുന്നതിനായി വിദ്യാർഥികൾ ശ്രമിച്ചപ്പോൾ പോലീസ് അവരെ നീക്കം ചെയ്തു. കോളേജ് യൂണിയൻ അംഗം സൽമാൻ ഫാരിസ് അറസ്റ്റ് കൈവരിച്ചു. അന്ന് മടങ്ങിയ യു.ജി.സി. പാനലിന്റെ വിധി കാത്തിരിക്കുകയാണ് യുസി.

**എന്തു കൊണ്ടാണ് യുസി ഓട്ടോണോമിയെ എതിർക്കുന്നത്?**

ഓട്ടോണമിയെ യുസി എതിർക്കുന്നത് ഒരുമിച്ചാണ്. വിദ്യാർഥികളും അധ്യാപകരും ഒരുമിച്ച് ഓട്ടോണമിയെ എതിർക്കുന്നിടത്താണ് മറ്റ് കലാലയങ്ങളിൽ

നിന്ന് യുസി വ്യത്യസ്തമാകുന്നത്. വിദ്യാർഥികളുടെ ശബ്ദമായ ക്യാമ്പസ്സാണ് യുസിയുടേത്. നാട് ഏത് ദുരിതത്തിലൂടെ കടന്നുപോയാലും താങ്ങാവുന്ന ഒരു ക്യാമ്പസ്. അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി കൈകൾ ഉയർത്തിയ ക്യാമ്പസ്. സ്വയംഭരണത്തെ എതിർക്കുന്നുവെങ്കിൽ അതിന് തക്കതായ  കാരണമുണ്ട്. സമൂഹത്തിന്റെ സമ്പദ് വ്യവസ്ഥ വേർതിരിവുകൾ ഇല്ലാതെ വിദ്യാർഥികൾ പഠിക്കാനെത്തുന്ന ക്യാമ്പസാണ് യുസി. അവിടേക്കാണ് പണത്തിന്റെ കരങ്ങൾ ഓട്ടോണമിയുടെ  രൂപത്തിലെത്തുന്നത്.

“സ്വയംഭരണ കോളേജ് : വാക്കും പൊരുളും” എന്ന ലേഖനത്തിൽ ഡോ. അജു കെ. നാരായണൻ ഇപ്രകാരം എഴുതുന്നു; “ഗാന്ധിജി ‘സ്വാശ്രയം’ എന്ന വാക്ക് ഉപയോഗിക്കുന്നതിന്റെ ചരിത്രവും സാമൂഹികവും സാമ്പത്തികവും ജനാധിപത്യപരവുമായ അർഥങ്ങളിൽനിന്ന് സമകാലികസാഹചര്യത്തിലെ സ്വാശ്രയകോളേജിലെ ‘സ്വാശ്രയം ’ ഭിന്നമാകുന്നത് എപ്രകാരമാണെന്ന് നമുക്ക് ബോധ്യമുണ്ട്. പാവപ്പെട്ട വിദ്യാർഥികളെ പിഴിഞ്ഞു തലവരിപ്പണം ഈടാക്കുന്ന കോളേജിന്റെ പേരിനോട് ചേർന്നാണ് ഇന്ന് സ്വാശ്രയത്തിന്റെ നിൽപ്പും കിടപ്പും”.

സമൂഹത്തിന്റെ വിവിധ മേഖലയിൽനിന്നുള്ള കുട്ടികൾ കണ്ണീരിനാൽ കുതിർന്ന നോട്ടുകൾ വച്ച് നീട്ടിയ പാരമ്പര്യം  യു.സി. കോളേജിനില്ല. നാളെ കോളേജ് ഓട്ടോണമസ് ആകുമ്പോൾ ഇതുപോലുള്ള കാഴ്ചകൾക്ക് സാക്ഷ്യം വഹിക്കേണ്ടി വരുമോ എന്ന ആശങ്കയോടെ  ഈ  എഴുത്ത് ഇവിടെ അവസാനിപ്പിക്കുന്നു.

















PTSD എന്ന അവസ്ഥയിലൂടെ
കടന്നുപോകുന്നവർക്ക്
മറ്റുള്ളവരെ വിശ്വസിക്കാനും
ആശയവിനിമയം നടത്താനും
പ്രശ്നങ്ങൾ പരിഹരിക്കാനും
ഒക്കെ ബുദ്ധിമുട്ട് നേരിട്ടേക്കാം.
മാനസികാഘാതമുണ്ടാക്കിയ
അനുഭവങ്ങളുടെ തിക്തഫലം
ആഴ്ചകൾ മുതൽ വർഷങ്ങൾ
വരെ നീണ്ടുനിന്നേക്കാം.

രണ്ട് വർഷത്തെ സൈനിക
സേവനത്തിനിടയിൽ തന്റെ
സുഹൃത്ത് ജിമിനെസിന്
കുത്തേറ്റതുൾപ്പെടെ അനേകം
കൊലപാതകങ്ങൾക്ക്
സാക്ഷ്യം വഹിച്ചപ്പോഴാണ്
ചെറി PTSD എന്ന
അവസ്ഥയിൽ എത്തിപ്പെട്ടത്.

സൈന്യത്തിൽ നിലകൊള്ളുന്ന
സംഘർഷങ്ങൾ എത്രത്തോളം
ഒരു സൈനികന്റെ ജീവിതം
മാറ്റിമറിക്കും എന്ന് റൂസ്സോ
ബ്രദർസ് 'ചെറി' എന്ന ഈ
ചിത്രത്തിലൂടെ നമുക്ക് കാണിച്ചു
തരുന്നു.

– എസ്. ഹരികൃഷ്ണൻ

ഹിസ്റ്ററി ബിരുദം



അഗ്നിപഥ്
ആശങ്കാപഥം
ഐറിൻ മറിയം മാണി
ഇക്കണോമിക്സ് ബിരുദം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സോപാനത്തിൽ നിന്നുകൊണ്ട് ഇന്ത്യ ഇന്ന് നേരിടുന്ന വെല്ലുവിളികളെ പറ്റി ചിന്തിക്കുന്നത് പ്രസക്തമാണ്. സ്വാതന്ത്ര്യത്തിൽ തുല്യവയസ്സുള്ള മറ്റു പലരും മുന്നേറിക്കഴിഞ്ഞ വഴികളിൽ നാം ഇന്നും പിന്നിലാണെന്ന കാര്യം നമുക്ക് ഭാവിയിൽ ഏറ്റെടുക്കേണ്ട ബാധ്യതകളെ ഓർമിപ്പിക്കുന്നു. ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയുടെ കാലത്താണ് ഇന്ന് ഇന്ത്യ. ഈ രൂക്ഷമായ തൊഴിലില്ലായ്മയുടെ പശ്ചാത്തലത്തിലും സർക്കാർ ഹ്രസ്വകാല സൈനികസേവനപദ്ധതിയായ അഗ്നിപഥിന് കേന്ദ്രമന്ത്രിസഭയുടെ സുരക്ഷാകാര്യസമിതി അംഗീകാരം നൽകി. സൈനിക റിക്രൂട്ട്മെന്റ് രീതികൾ പൊളിച്ചെഴുതുന്നതാണ് അഗ്നിപഥ്. ഇത് നിലവിൽ വരുമ്പോൾ പരമ്പരാഗത സൈനിക റിക്രൂട്ട്മെന്റ് രീതിയ്ക്ക് തിരശ്ശീല വീഴും.

രണ്ടു പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉദ്ദേശിച്ചാണ് കേന്ദ്രസർക്കാർ അഗ്നിപഥ് എന്ന പേരിൽ നാലുവർഷ സൈനികസേവനപദ്ധതി പ്രഖ്യാപിച്ചത്. ഒന്ന്, സൈനികന്റെ ശരാശരി പ്രായം കുറക്കുക. രണ്ട്, വർധിച്ചുവരുന്ന സൈനിക പെൻഷൻ ചെലവ് വെട്ടിക്കുറക്കുക. രണ്ടും അനിവാര്യമാണെന്ന് പദ്ധതിയെ എതിർക്കുന്നവർ പോലും സമ്മതിക്കുന്നു. ഇത് നടപ്പാക്കുന്നത് മൂലം ഉണ്ടാകുന്ന സാമൂഹികസാംസ്കാരികപ്രശ്നങ്ങളെ കുറിച്ചാണ് ആശങ്ക.

അഗ്നിപഥ് പദ്ധതി സൈനികാസ്ഥാനത്തു മാത്രമാണ് ചർച്ച ചെയ്യപ്പെട്ടത്. ഇങ്ങനെ ഒരു പ്രഖ്യാപനം സാമൂഹികരാഷ്ട്രീയതലത്തിൽ എങ്ങനെ സ്വീകരിക്കപ്പെടുമെന്ന കാര്യത്തിൽ ഒരു ചർച്ചയും നടന്നതായി അറിവില്ല. 14 ലക്ഷത്തോളം ആൾബലം ഉള്ള ഒരു സൈന്യത്തിന്റെ മാനവവിഭവശേഷി ഘടനയിൽ മാറ്റം വരുത്തുന്നത് സൈന്യത്തിൽ മാത്രമല്ല സമൂഹത്തിലും കാര്യമായ ചലനങ്ങൾ ഉണ്ടാക്കുമെന്നതിൽ സംശയമില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ ഫോബർട്ട്സ് പ്രഭുവിന്റെ കാലത്ത് അന്നു ലഭ്യമായ ഒട്ടേറെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയതാണ് ഇന്നും നിലവിലുള്ള റെജിമെന്റൽ സമ്പ്രദായം. അതിൽ കാലത്തിനനുസരിച്ചുള്ള മാറ്റം ആവശ്യമാണെന്നതിൽ തർക്കമില്ല. ഇന്ത്യയുടെ പരമ്പരാഗതമായ സാമൂഹികഘടനയോട് ഒത്തുപോകുന്ന സമ്പ്രദായമാണെന്നതുകൊണ്ടാണ് ലോകത്തിലെ ഏറ്റവും മികച്ച സേന എന്ന ഖ്യാതി നേടാൻ ഇന്ത്യൻ സൈന്യത്തിന് സാധിച്ചത്. എന്നാൽ ഇതിൽ മാറ്റം വരുമ്പോൾ അതിനെ വെറും സൈനികവീക്ഷണത്തിലൂടെയും സാമ്പത്തികവീക്ഷണത്തിലൂടെയും മാത്രം പരിഗണിക്കുകയും സാമൂഹത്തിൽ ഉണ്ടാകുന്ന വരുംവരായ്കകൾ പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് അഗ്നിപഥിനെതിരെയുള്ള സമരപോരാട്ടങ്ങൾ പ്രസക്തമാകുന്നത്. കര നാവിക വ്യോമ



സേനകളിൽ യുവാക്കൾക്ക് നാലുവർഷത്തേക്ക് നിയമനം നൽകുന്ന അഗ്നിപഥ് സേനയെ കൂടുതൽ ചെറുപ്പമാക്കാനും ചെലവ് ചുരുക്കാനും സഹായിക്കുമെന്ന് കേന്ദ്രസർക്കാർ പറയുന്നു. 19.5 മുതൽ 21 വയസ്സുവരെയുള്ളവർക്കാണ് സേനയിൽ ചേരുവാൻ സാധിക്കുന്നത്. നാലു വർഷത്തേക്ക് മാത്രമുള്ള താൽക്കാലികനിയമനത്തിൽ 25 ശതമാനം പേരെ പിന്നീട് സ്ഥിരപ്പെടുത്തുന്നു. ഇവർക്ക് 15 വർഷം സർവീസിൽ തുടരാം. ആരോഗ്യശാരീരിക ക്ഷമത പരിശോധനകൾക്കായി റിക്രൂട്ട്മെന്റ് റാലികളിലൂടെയാണ് തെരഞ്ഞെടുപ്പ്. സ്ഥിരം നിയമനം നേടുന്ന 25 ശതമാനം പേരൊഴിച്ച് ബാക്കിയുള്ളവർക്ക് പെൻഷൻ ഉണ്ടാവുകയില്ല. തുടക്കത്തിൽ മുപ്പതിനായിരം രൂപയുള്ള ശമ്പളം സേവനത്തിന്റെ അടിസ്ഥാനത്തിൽ 40000 രൂപയായി മാറും. ശമ്പളത്തിന്റെ 30 ശതമാനം സേവാനിധി പ്രോഗ്രാമിലേക്കും മാറ്റും. ഇങ്ങനെ മാറ്റിവയ്ക്കുന്ന തുക കൂടി ചേർത്ത് സേവനം പൂർത്തിയാക്കുമ്പോൾ 11 മുതൽ 71 ലക്ഷം രൂപ വരെ ലഭിക്കും. കൂടാതെ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ ഉള്ളതും ലഭ്യമാകും. എസ്.എസ്.എൽ.സി., പ്ലസ് ടു പാസായവർക്കാണ് റാലിയിൽ പങ്കെടുക്കുവാൻ സാധിക്കുന്നത്. സേനാംഗമായി പെൺകുട്ടികൾക്കും മുൻഗണനയുണ്ട് ഒപ്പം തന്നെ സേവനത്തിന്റെ ഇടയിൽ മരണപ്പെട്ടാൽ രണ്ട് കോടി രൂപവരെ സഹായം ലഭിക്കും.

നിലവിൽ ഇന്ത്യൻ സൈന്യത്തിന്റെ ശരാശരി പ്രായം 32 വയസ്സാണ്. എന്നാൽ അഗ്നിപഥ് നിലവിൽ വരുന്നതോടെ ഇത് 6–7 വർഷം കൊണ്ട് 26 ലേക്ക് എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അഗ്നിപഥ് പദ്ധതിയുടെ സവിശേഷതകൾക്ക് ഒപ്പം തന്നെ സമൂഹം ഇതിലൂടെ സൈനികന് എന്ത് നൽകും എന്നുകൂടി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വിമുക്തഭടന്മാരെ അർദ്ധസൈനികവിഭാഗങ്ങളിൽ എടുക്കണമെന്ന നിർദേശം പുതിയതല്ല. കാർഗിൽ യുദ്ധത്തിനുശേഷം സുരക്ഷാകാര്യങ്ങൾ പഠിച്ച കെ. സുബ്രഹ്മണ്യസമിതിയും ഇത് പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവരുടെ തടസ്സവാദങ്ങളിലും കഴമ്പുണ്ട്. സൈന്യത്തിന്റെ പരിശീലനവും ഓപ്പറേഷൻ സിസ്റ്റവും തങ്ങളുടേതിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. വിദേശശത്രുവിനെയാണ് സൈന്യം നേരിടുന്നത്. രാജ്യത്തിന്റെ ഭൂമി പ്രതിരോധിച്ചുകൊണ്ടാണ് അവരുടെ പോരാട്ടം. അതിന് ഉതകുന്ന പരിശീലനമാണ് അവർക്ക് ലഭിക്കുന്നത്. റൈഫിൾ മുതൽ മോട്ടോറുകളും മൈനുകളും പീരങ്കികളും ടാങ്കുകളും റോക്കറ്റുകളും തുടങ്ങി മിസൈൽ വരെ ഉപയോഗിക്കാനാണ് സൈനികരെ പരിശീലിപ്പിക്കുന്നത്.

എന്നാൽ ഇതല്ല അർധസൈനികന് ലഭിക്കുന്ന പരിശീലനം. മേൽപ്പറഞ്ഞ ആയുധങ്ങൾ ഒന്നും അവന്റെ പക്കൽ ഉണ്ടാവില്ല. പ്രതിയോഗിയെ വധിക്കാൻ അല്ല അവനെ പരിശീലിപ്പിച്ചിരിക്കുന്നത് കഴിയുമെങ്കിൽ ജീവനോടെ കീഴ്പ്പെടുത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരാനാണ് ഇവർ നോക്കുന്നത്. ചുരുക്ക

ത്തിൽ 4 കൊല്ലത്തെ സൈനികസേവനം പൂർത്തിയാക്കി വരുന്ന അഗ്നി വീരന്മാരെ വീണ്ടും പരിശീലിപ്പിച്ചെങ്കിലേ അർധസൈനികനാക്കി മാറ്റാൻ ഒക്കുകയുള്ളൂ, ഇത് കൂടുതൽ പണച്ചെലവിന് വഴി തെളിക്കുന്നു.

സാമൂഹികപ്രശ്നങ്ങളാണ് അതിലും കടുത്തത്. തൊഴിലവസരങ്ങൾ തുലോം കുറഞ്ഞ ഇന്ത്യൻ ഗ്രാമങ്ങളിലെ മിക്ക കുടുംബങ്ങളിലും ഒരാൾ സൈനികനായി തെരഞ്ഞെടുക്കപ്പെടുന്നത് വലിയൊരു നേട്ടവും ബഹുമതിയും ആയിരുന്നു. യാത്രാസൗജന്യവും ചികിത്സാസൗജന്യവും വിദ്യാഭ്യാസസൗജന്യവും സൗകര്യങ്ങളും ലഭിക്കുന്ന സൈനികന്റെ കുടുംബം സാമൂഹികാന്തസ്സിൽ ഉയരുന്നു. എന്നാൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നും തന്നെ അഗ്നിവീരന്മാർക്ക് ലഭിക്കുകയില്ല. നാലുകൊല്ലം കഴിഞ്ഞ് ജോലിയില്ലാതെ മടങ്ങി വരുന്നതോടെ സമൂഹത്തിലും കുടുംബത്തിലും ഉള്ള സ്ഥാനം നഷ്ടമാകും. ഇത് കുടുംബപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് മാത്രമല്ല, ആയുധപരിശീലനം ലഭിച്ച നൂറുകണക്കിന് ചെറുപ്പക്കാർ തൊഴിലില്ലാതെ സമൂഹമധ്യത്തിലേക്ക് എത്തുന്നതോടെ ക്രമസമാധാനപ്രശ്നങ്ങൾക്കും വഴിതെളിച്ചേക്കാം...

അതോടൊപ്പം അഗ്നിപഥ് പദ്ധതി, സൈന്യത്തെ സംബന്ധിച്ചും ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണമാകും. കമാൻഡ് ചെയ്യുന്നവരും കമാൻഡ് ചെയ്യപ്പെടുന്നവരും തമ്മിൽ ചില പ്രത്യേക ആത്മബന്ധങ്ങൾ ഉണ്ട്. പതിറ്റാണ്ടുകളായി ദൃഢമായി തുടർന്ന് പോകുന്ന ഓഫീസർ – ജവാൻ ബന്ധമാണ് ഇന്ത്യൻ സൈന്യത്തെ പോരാട്ടമികവിൽ ലോകത്തെ ഏറ്റവും മികച്ചതായി ഇന്ന് നിലനിർത്തുന്നത്. വെറും നാല് കൊല്ലത്തേക്ക് സൈന്യത്തിൽ എത്തുന്ന യുവാക്കളുമായി ഓഫീസർക്ക് ആത്മബന്ധം സ്ഥാപിക്കാൻ ആകുമോയെന്ന കാര്യത്തിൽ പലർക്കും സംശയമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ അഗ്നിവീറിന് സാധാരണ സൈനികർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളോ റാങ്കുകളോ ലഭിക്കില്ല. കൂടാതെ ആറുമാസത്തെ സൈനികപരിശീലനം സൈന്യത്തിന്റെ കാര്യക്ഷമതയെ ബാധിക്കും. ഒപ്പം തന്നെ സൈന്യത്തിൽ സ്ഥിരനിയമനം കുറയും. ആയുധപരിശീല



നം നേടിയവർക്ക് നാലുവർഷത്തിനുശേഷം വേണ്ടത്ര വിദ്യാഭ്യാസമോ ജോലിയോ ഇല്ലാതെ വന്നാൽ സാമൂഹികപ്രശ്നങ്ങൾ ഉടലെടുക്കും.

ഇത്രയധികം വ്യാപകമായി വിമർശനങ്ങൾ അഗ്നിപഥിന് നിലനിൽക്കെ തന്നെ കേന്ദ്രം ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് അഗ്നിവീരന്മാർ ആർക്കുവേണ്ടി എന്ന് ചോദ്യത്തിലേക്ക് പ്രതിഷേധമുയരുന്നത്.



നിലവിലുള്ള സൈന്യത്തിന്റെ റിക്രൂട്ട്മെന്റ് വേദികളെ പൊളിച്ചുകൊണ്ട് ഇങ്ങനെയൊരു രീതി അവലംബിക്കാൻ കേന്ദ്രം ശ്രമിക്കുന്നത് എന്തിനാണ് എന്ന് വിലയിരുത്തേണ്ടത് അനിവാര്യമാണ്. അഥവാ ആരുടെ നേട്ടത്തിനാണ് അഗ്നിപഥ് പദ്ധതി നടപ്പാക്കുന്നത് എന്ന് ജനങ്ങൾ മനസ്സിലാക്കണം. തൊഴിലില്ലായ്മ കൊടുമ്പിരി കൊള്ളുന്ന സാഹചര്യത്തിൽ സായുധസേനയിലെ സേവനത്തിനു വേണ്ടി പരിശീലനം നടത്തുന്നവരെയാണ് അഗ്നിപഥ് ആശങ്കയിൽ ആക്കുന്നത്. ആ ആശങ്കയാണ്, രാജ്യത്ത് നിലനിൽക്കുന്ന തൊഴിലില്ലായ്മയുടെ ഭീകരതയാണ് ബീഹാറിലും ഹരിയാനയിലും എല്ലാം സമരങ്ങളായും ട്രെയിൻ തടയലായും ആത്മഹത്യകളായും പ്രകടമാകുന്നത്.

വെറും പോരാട്ടപരിശീലനവും സാങ്കേതികമികവുമല്ല ഒരു സൈന്യത്തെ യുദ്ധസജ്ജമാക്കുന്നത്. നീണ്ട വർഷങ്ങളിലൂടെയും തലമുറകളിലൂടെയും നേടിയെടുത്ത തഴക്കവും വഴക്കവും റെജിമെന്റൽ പാരമ്പര്യങ്ങളും ആണ്. അവ ഇന്ത്യൻ സൈന്യത്തിന് വേണ്ടത്രയുണ്ട്. അവ കളഞ്ഞുകുടിക്കാതെ ആധുനിക യുദ്ധമുറ അഭ്യസിക്കുന്ന യുവസൈന്യത്തെയാണ് വാർത്തെടുക്കേണ്ടത്.

# PRINCIPAL'S REPORT

It is indeed a moment of honour to submit a brief report of the activities of the centenary year of the college. I seek the blessings of God Almighty and all those who have contributed to the life and mission of this institution during the last hundred years. Also, this year's College Magazine will be a part of the digitization project sponsored by Union Christian College Alumni Association of North America. We extend our gratitude to Dr. P. Thomas Mathew, the President and all the members of the Board of Directors for their timely support. Let me congratulate Mr. Emil Eldho and all the team members for their tireless efforts for the successful launching of the College Magazine.

### Obituary

Prof. M. Madhavankutty (Department of Mathematics), Sri. Chackochan (Non-teaching staff), Prof. Varghese Ittiavirah (Department of Malayalam), Sri. C. M. Gopi (Non-teaching staff), Prof P. J. Joseph (Department of English), Rev. Fr. K. C. Mathew (former Manager), Prof. P. M. Chacko (Department of English), Prof. N. Sasidharan Nair (Department of Physics), Prof. Nimmy V. Pilai (Department of Mathematics), Salap Pradeep Kumar (II BSc. Computer Science), Swathi Subhash (II BSc. Computer Science), Anil Eldho (MBA); UCian community expresses its heartfelt condolences and may their souls rest in peace.

### Retirements

Prof. Rachel Reena Philip (Dept of Physics), Dr. Shirley Thomas (Dept. of Zoology), Dr. Sebastian Joseph (Dept. of History), Dr V. P. Markose (Dept. of Malayalam), Dr. Thara K. Simon (Principal) and Mr. R. Asokan (Senior Supdt.).

### New Appointments (Faculty )

Dr. Niladevi N. K. (Dept. of Zoology), Mr. Dhanush Danes (Dept. of Zoology), Dr. Ann Mary Jacob (Dept. of Zoology) and Mr. Hanu G. Das (Dept. of History).

### New appointments (Non-teaching staff)

Mr. Sanjo Stephen (Mechanic, Dept of Physics),Mr. Kurien Paul (Gardener, Dept. of Botany), Mr. Amith Jacob, Mr. Lijo Rajan, Mr. Sonu George Pattath, Mr. Nithin Mathew, Ms. Riya Chandran and Mr. Basil Joseph.

### New Positions

Prof. M. I. Punnose (Principal-in-Charge), Dr. Sibu M. Eapen (Bursar), Mr. Sony Varghese (Office Supdt.), Dr. Vidhya Raveendran (Staff Council Secretary), Dr. M. Anil Kumar (Dean Academic), Dr. Neelima Renjith (Staff Association Secretary) and Dr. Twincy Varghese (Works Supdt.).

### New Heads of the Departments

Dr. Vidhya Raveendran (Psychology), Dr. Manu Punnan (Physics), Ms. Rima Joseph (Zoology), Dr. Sareen Sarah John (Bio Sciences), Dr. Ann George (Economics), Dr. Anu Nuthan Joshua (Mathematics), Dr. M. Anil Kumar (Botany and Dean Academic), Dr. Ruby Elsa Jacb (Hindi) and Ms. Tresa Divya (History).

### Alumni Updates

The Alumni Executive committee under the leadership of Dr. Jenee Peter convened eight meetings this year. July Meet was conducted online. Alumni Reunion was held on November 13, 2021. Suggestions were taken from the alumni in the meeting, regarding centenary on 22 February 2021. The Reunion Address was delivered by Prof. Prasad Krishna (Alumnus and Director, NIT, Calicut). There was a public meeting, reminiscences, honouring Retired Staff and cultural programmes. Representing Kuwait Alumni Association, Mr. Cyriac George attended the meeting and gifted this year's scholarship. Our sincere appreciation to the OSA Executive Members of Alumni Association of North America and Kuwait Alumni Association for sponsoring various projects.

### Student Scholarships and Endowments

It is a matter of great significance that the College was able to enhance the Government scholarships and student grants from Rs. 84 lakhs to Rs. 1,024 crores during this academic year. Thanks to the tireless efforts of the College office, especially Mr. C. Chandradas and Ms. Remya Pradeep for the same.

Centenary Endowment series: As part of the Centenary projects, the following endowments were newly instituted by Alumni and well-wishers of the College:

- Justice K. John Mathew and late Mrs. Gracy John endowment is instituted for the best outgoing students of MSc. Zoology based on (i) merit and (ii) merit cum financial need. (Rs 3000/- each).
- Prof. C. T. Benjamin Endowment for the students scoring the highest CGPA (Cumulative Grade Point Average) (i) in MA English Language and Literature (Rs 10,000/-) and (ii) BA English Language and Literature (Rs 5000/-).
- Rev. Fr. T. V. John Educational Endowment for the incoming student with highest marks at the time of admission in the Dept. of English (Rs. 1400/-)
- Rev. Fr. T. V. John Educational Endowment for the incoming student with highest marks at the time of admission in the Dept. of Physics (Rs. 2500/-)
- Dr. K. V. Paulose Memorial Endowment Scholarship - instituted by BSc. Botany 1992-95 Batch for top scorer among financially weaker students in First year BSc. Botany - overall score (2500/-)

- Minu Thomas Memorial Endowment Scholarship - instituted by BSc. Botany 1992-95 Batch for top scorer among financially weaker students in second year BSc. Botany - overall score
- Mrs. Sinu Varghese endowment instituted in the Department of Malayalam to be awarded to the best PhD thesis in Malayalam annually. (Rs. 10,000/-)

Spiritual Life of the Campus

Apart from the regular morning and evening worships, Christmas Carol Service and Vacation Bible School (VBS) for children were conducted in spite of the limitations of the pandemic. Value education classes, INSPIRE sessions were done with active participation of faculty in hybrid mode.

Results of the Academic Year 2021-22 are given below:

| Program Name | Number of students appeared in the final year examination | Number of students passed in final year examination | Pass % |
|---|---|---|---|
| BA HISTORY | 35 | 32 | 91.43 |
| BA ECONOMICS | 64 | 45 | 70.31 |
| BA ENGLISH | 56 | 45 | 80.36 |
| BA MALAYALAM | 51 | 37 | 72.55 |
| BSC PSYCHOLOGY | 37 | 35 | 94.59 |
| BSC MATHEMATICS | 51 | 38 | 74.51 |
| BSC PHYSICS | 50 | 41 | 82.00 |
| BSC CHEMISTRY | 52 | 48 | 92.31 |
| BSC BOTANY | 36 | 23 | 63.89 |
| BSC ZOOLOGY | 34 | 29 | 85.29 |
| BSC COMPUTER SCIENCE | 30 | 28 | 93.33 |
| BSC BT&SP | 34 | 29 | 85.29 |
| BSC E & CM | 36 | 21 | 58.33 |
| BCOM Model 1 | 46 | 27 | 58.70 |
| BCOM Model 2 | 50 | 40 | 80.00 |
| MA HISTORY | 13 | 9 | 69.23 |
| MA ECONOMICS | 16 | 6 | 37.50 |
| MA ENGLISH | 17 | 11 | 64.71 |
| MA MALAYALAM | 18 | 14 | 77.78 |
| MSC PSYCHOLOGY | 18 | 13 | 72.22 |
| MSC MATHEMATICS | 18 | 13 | 72.22 |

| | | | |
|---|---|---|---|
| MSC PHYSICS | 15 | 9 | 60.00 |
| MSC CHEMISTRY | 10 | 8 | 80.00 |
| MSC BOTANY | 12 | 9 | 75.00 |
| MSC ZOOLOGY | 14 | 5 | 35.71 |
| MSC Biotechnology | 22 | 10 | 45.45 |
| MSC Bioinformatics | 22 | 15 | 68.18 |
| MCA | 106 | 84 | 79.25 |
| MBA | 59 | 32 | 54.24 |
| | 1022 | 756 | 73.97 |
| PG | 360 | 238 | 66.11 |
| UG | 662 | 518 | 78.25 |

List of List Rank holders is given below:

| Name of the student | Department | Position |
|---|---|---|
| | | |
| ASHWIN M. S | Computer science | 1 |
| ATHULKRISHNA. K | E&CM | 1 |
| GOPIKA JAYAMOHAN | BT&SP | 1 |
| SERA DEEPU PANIKAR | Chemistry | 2 |
| A.M GOKUL | E&CM | 2 |
| VYSHAK T. S | BT&SP | 2 |
| YATHUNATH KRISHNAN. P | Computer science | 3 |
| ASHIK V JOSHY | E&CM | 3 |
| ATHIRA SASIKUMAR | BT&SP | 3 |
| JEENA JOSEPH | Mathematics | 4 |
| SHARANYA SIDHARTH. T | Computer science | 4 |
| ANANDKRISHNA K. G | BT&SP | 4 |
| ADITHYA JAYAPRAKASH | BT&SP | 5 |
| JS JOSHILIN LAL TENNYSON | BT&SP | 6 |
| SAHLA PA | BT&SP | 7 |
| NIRUPAMA N | Malayalam | 7 |
| DRISHYA BAIJU | B.Com | 7 |
| ABHIRAMI K.G | BT&SP | 8 |
| Akthar K.P | History | 8 |
| FATHIMA SIYAD | Psychology | 8 |
| GOPIKA K MENON | BT&SP | 9 |
| Rose Pinky Mariya | Malayalam | 9 |

| | | |
|---|---|---|
| FASEELA VA | Computer science | 9 |
| AFEETHA FATHIMMA | BT&SP | 10 |
| ANUPAMA S | BT&SP | 10 |

Our sincere appreciation to the students, faculty and staff for the constant efforts to improve the pass percentage. Congratulations to the rank holders.

**Centenary Celebrations**

Centenary Celebrations were done under the leadership of Prof. M. I. Punnose. The programme was inaugurated by Hon'ble Governor of Kerala, Dr. Arif Mohammad Khan. The Centenary Lecture Series was inaugurated by Dr. Shashi Tharoor, Hon'ble Member of Parliament, Thiruvananthapuram on the topic Nationalism, Pluralism and Future of India's Democracy.

**Principal's send-off meeting to final year UG students.**

The farewell party for the final year UG students took place in VMA Hall on 6th May, 2022 under the leadership of the Dept. of Chemistry. Faculty, non-teaching staff and support staff wholeheartedly supported the function.

Residential life: There was a significant increase in the number of students who opted hostels, and a total number of 444 students are residing in our hostels.

**Awards/ fellowships of faculty and alumni**

- Prof. Dr. Sosamma Iype, alumna of our College, received Padmasree Award and Mr. Bijo John Mammen, alumnous, received Vishista Seva Medal from the Hon'ble President of India.
- Dr. Susan Eapen, Adjunct Faculty, Department of Biosciences, is one among the 75 women honoured on the occasion of India's 75th Anniversary of Independence, 2021.
- Dr. Susan Eapen, Adjunct Faculty, Biosciences Dept. is ranked among Stanford's top 2% Indian Scientists in the world in the 'Plant Biology and Botany' category. She is one of the pioneers in transgenic plant research and her interest varies from Plant Biotechnology, production of secondary metabolites from in-vitro cultures to phytoremediation.
- Dr. Asha Das, Assistant Professor of Computer Science has been awarded the Innovative Student Projects Award 2020 for the Best Ph.D. Thesis, instituted by the Indian National Academy of Engineering (INAE), New Delhi, for her pioneering contributions in the field of Breast Cancer diagnosis. The research work was carried out at Artificial Intelligence and Computer Vision Lab, Cochin University of Science and Technology.

- Sheethal V. R., placement officer received the Academic Excellence award from the Institute of Scholars in recognition of her valuable contributions to the academic community and the students.
- Dr. Sebastian Joseph, recipient of the Special Jury Mention for his article "Jallikettinte Charithrapaadam", received the award from the Chief Minister. The award consists of a sculpture and a certificate.
- Union Christian College has received the Second Best Sports Performing Award of Mahathma Gandhi University, Kottayam for 2019-2020. The award comprises a cheque of Rs. 30,000.
- Dr. Thara K. Simon, Principal, was awarded the Catholicate College Teachers Award, 2022 for her outstanding contributions in teaching and research.
- In March 2022, UCCAANA sponsored the UCC Exchange faculty Dr. Sareen Sarah John, faculty in Bio Sciences at Indiana University of Pennsylvania for training in Gene Editing.

National Cadet Corps 7(K) Girls Bn. has been an integral part of Union Christian College, Aluva. 2021-22, being the Centenary year of the College, was a zealous year for the 7 Kerala Girls Bn. NCC Sub Unit. The training activities for the year began with regular parades from 26/06/2021 through online platforms. Institutional offline parades commenced from 27/11/2021, after the enrolment of first year cadets. Various programmes like  webinar on international Yoga day and cleaning activities on Gandhi Jayanthi were done in homes and surroundings due to Covid restrictions. Kargil Vijay Diwas was celebrated by organizing an online talk on the topic "India after Kargil" by Mr. Mayank Singh (Defence Correspondent, The New Indian Express) and the chief guest was Col. Joseph Antony (CO, 7 K girls BN NCC, Thrissur). NCC Day celebrations were organised on 26th, 27th and 28th of November which officially started with planting a tree. The celebrations were followed by parades, classes and in-house competitions. Ceremonial parades were held on Independence Day and Republic Day. The cadets had been part of various other social activities, namely Campaign Against Drugs led by Union Christian College. In the Centenary Year of UC College, our Sub Unit initiated a drive for hair donation in association with the Cochin Cancer Research Centre. Our eight cadets and 7 well-wishers donated their hair towards helping the people who are battling cancer.  Various competitions were also organized as part of days like International Yoga Day.

**National Cadet Corps 22(K) Bn. (Boys) Bn.,**

Cadets of Union Christian College, Aluva, 22 Kerala Battalion NCC ELOOR, do-

nated blood at IMA Aluva on 19 March 2021. 11 cadets donated their blood to the blood bank. Chief Minister's Scholarship for outstanding performance in NCC, 2020-21, was awarded to SUO Ananthakrishnan A. I. and CQMS Punya Sunil. Independence Day was celebrated in front of Kacherimaalika. Seniors and cadets of the 7(k) Battalion Sub Unit were also present. Our cadets had taken charge in cleaning Changampuzha Park, and our Unit has been an integral part of other activities like Puneet Sagar Abhiyan Cyclothon, Anti-Narcotics and Environmental Day Awareness Programmes and many other activities. Republic Day Parade on 26th January, 2021 was held in front of Kacherimaalika. The Parade Commander was SUO Ananthakrishnan A. I. of 22 Kerala Battalion and the Platoon Commander was CSM Layana Theresa. International Yoga Day was celebrated as part of Azadi Ka Amrith Mahotsav, and a Centenary Public lecture was conducted in association with the English Department on the topic- Democracy.

## National Service Scheme

UC College has a vibrant and active NSS Unit with Registration No. 52 during 2021-2022 academic year. As part of World Environment Day, the NSS Unit of the College executed a "Tree Chain Challenge". A "Book Review Challenge" was conducted as part of Reading Day on 19 June, 2022. As part of Nasha Mukt Bharat Abhiyan, an online National Anti-narcotic Campaign and various other activities were organized under the leadership of the NSS Unit from 12th to 18th July, 2021. Even though Covid had created difficulties to organize programmes, various activities were organized by the volunteers on online platforms on 15 August, 2021. A "Video" presenting different activities of the Unit in the year 2021 was prepared and circulated. Also, as part of NSS Day celebrations, an online meeting was arranged on 24th September, 2021 at 6:30pm on Google Meet platform. On 9th October, 2021, a Covid-19 Vaccination Camp was held at the College for the students. The NSS Unit had volunteered in activities such as, paper-bag making, first-aid box distribution as part of the Centenary Celebrations of the College. On Republic Day, around fifty NSS Volunteers took part in cleaning the Aluva Municipal Library premises and the Unit conducted 'Untrash; Best out of Waste Competition' for all UC students and these programmes awarded a sense of belonging to nature and encouraged students to recycle used/waste products. The 7 Day Special Camp of the Unit was conducted from 11th to 17th May, 2022 at Union Christian College, Aluva. The camp was titled "Punarjani" with the caption 'Unarvinte Pathayil Sadhairyam'.

## Service Learning Centre (SLC)

Three students from International Christian University, Japan participated in the 30 day International Student Exchange Service Learning (ISESL, 2021)

conducted by Union Christian College (UCC) during July-August 2021, in the online mode. Two students from UCC participated in the JSSL 2021 conducted by ICU, Japan in online mode.

UCC Service-Learning Centre conducted its first certificate course on Service-Learning during this year with 12 students from Arts and Science streams, in hybrid mode. The SL course was of three months duration with both online and offline sessions and SL practice was conducted at partner institutions. Kudumbasree, Vellyathunadu Unit, joined as a partner to conduct Service-Learning in our area.

**Physical Education**

The Department of Physical Education brings many laurels to the College by winning medals at National, All India Inter-University, State and MG University level for various sports and games. 78 students got selected to MG University. 21 students represented Kerala State in the various Junior and Senior National Championships for the academic year 2021-22. Bachelor of Sports Management, the newly sanctioned course in aided stream at UC College started functioning from 6th January, 2021. 44 students have been admitted for the academic year 2020-21. UC College was the venue for the Mini, Sub-junior, Junior and Senior Boys and Girls Ernakulam District Netball Championship , Junior and Senior Boys and Girls Ernakulam District Hockey Championship , Junior and Senior Boys and Girls Ernakulam District Softball and Baseball Championships. The Department of Physical Education organized Inter-Department Football and Cricket Championships. Many of our athletes had participated and also were the winners in Inter college meets, Inter university sports meets and also in the prestigious National and State championships of hockey, men and women, cricket, rollball, netball, football and baseball.

**Placement Cell**

During this academic year, 267 students got placed from the Campus, 100 students from Undergraduate level and 167 students from Postgraduate level. These include, 153 students placed in MNC's, 11 students in the Banking sector and 103 in other sectors. The placement preparation for the students starts from day one when they arrive on Campus. Training in quantitative aptitude, logical reasoning, verbal ability and soft skills are provided to the students, ensuring their preparedness for the first round of the placement process. Career counselling sessions are given to students to help them identify their career path and also to ensure that they are focused in the right direction with regard to their career based on their calibre, scores, areas of interest and long-term forecasting.

## Visit of Autonomy Inspection Team from MG University

The Autonomy Inspection Team from Mahatma Gandhi University, consisting of five Syndicate Members viz. Dr. Harikrishnan P. , Adv. Reji Zachariah, Dr. A. Jose, Dr. M. H. Illyas and Dr. Shajila Beevi S. , visited the College twice, to evaluate the physical facilities of the College, as well as to assess the academic and non-academic credentials of the College for recommending Academic Autonomy to Union Christian College. The team had meetings with the Principal, staff, faculty and management and students. It is noteworthy that apart from significant contributions in teaching and learning, the Research Centres of the College have produced 50 PhDs during 2017 - 2022.

ശതാബ്ദിയാഘോഷത്തിന്റെ മൂന്നാംഘട്ടത്തിന് തുടക്കമായിരിക്കുകയാണ്. പൂർവവിദ്യാർഥിസമൂഹത്തെയാകെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി പറവൂർ, ആലുവ, പെരുമ്പാവൂർ, അങ്കമാലി എന്നീ നാല് പ്രാദേശികകേന്ദ്രങ്ങളിലും തിരുവനന്തപുരം, കോട്ടയം, തിരുവല്ല, തൃശ്ശൂർ, കോഴിക്കോട് എന്നീ മേഖല കേന്ദ്രങ്ങളിലും പൂർവവിദ്യാർഥി സംഘടന ചാപ്റ്ററുകൾ തുടങ്ങുന്നതിന്റെ ഒരുക്കങ്ങൾ നടന്നുവരുന്നു. പറവൂർ ചാപ്റ്ററിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 11ന് പറവൂർ ഗവ. റെസ്റ്റ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. പൂർവവിദ്യാർഥികളായ ഹൈക്കോടതി ജസ്റ്റിസ് മുരളി പുരുഷോത്തമനാണ് യോഗം ഉദ്ഘാടനം ചെയ്തത്. മാനേജർ റവ. തോമസ് ജോൺ, പ്രിൻസിപ്പൽ ഡോ. എം.ഐ. പുന്നൂസ്, OSA ജനറൽ സെക്രട്ടറി അഡ്വ. ജയശങ്കർ, ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ, ശ്രീ. എൻ.എം. പിയേഴ്സൺ, അഡ്വ. അയൂബ് ഖാൻ തുടങ്ങിയവർ പ്രസംഗിച്ചു. ഇരുന്നൂറോളം പൂർവവിദ്യാർഥികൾ ചടങ്ങിൽ സംബന്ധിച്ചു. പറവൂർ ചാപ്റ്ററിന്റെ തുടർപ്രവർത്തനങ്ങൾക്ക് ശ്രീ. എൻ.എം. പിയേഴ്സൺ അധ്യക്ഷനായി പതിനഞ്ചംഗ കമ്മിറ്റി രൂപീകരിച്ചു.

സുകൃതം ഭവന പദ്ധതി, ഓർമ മരം പദ്ധതി, ശതാബ്ദി മാരത്തോൺ, ഇന്റർ കോളേജ് കലാ കായിക മത്സരങ്ങൾ എന്നിവ തുടർമാസങ്ങളിൽ നടക്കും. നവംബർ മാസത്തെ പൂർവവിദ്യാർഥിസമ്മേളനത്തിനു മുന്നോടിയായി പത്തു ദിവസം നീണ്ടുനിൽക്കുന്ന മികച്ച പ്രദർശനം സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഈ പത്തു ദിവസംകൊണ്ട് പതിനായിരം വിദ്യാർഥികൾ ക്യാമ്പസ് സന്ദർശിക്കുന്ന നിലയിലേക്കുള്ള ആഗോള പൂർവവിദ്യാർഥിസംഗമപരിപാടി സംഘടിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ നടന്നു വരുന്നു.

ശതാബ്ദിവർഷം രാജ്യത്താകമാനമുള്ള നാല്പതിനായിരത്തിലേറെ കോളേജുകളുടെ കൂട്ടത്തിൽ ഏറ്റവും ഗുണമേന്മയുള്ള ആദ്യ 100 സ്ഥാപനങ്ങളുടെ പട്ടികയിലിടം പിടിക്കാൻ യു.സി. കോളേജിന് കഴിഞ്ഞുവെന്നത് ഓരോ യുസിയനും അഭിമാനവും

ആഹ്ലാദവും വർദ്ധിപ്പിക്കുന്ന കാര്യമാണ്. ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് നമുക്ക് മുന്നേറേണ്ടതായിട്ടുണ്ട്. ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തതയാണ് കോളേജ് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. ദേശീയ നിലവാരത്തിനൊത്തുള്ള ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. നൂതനസംവിധാനങ്ങളുള്ള സെമിനാർ ഹോളുകൾ, ഇൻസ്ട്രുമെന്റേഷൻ, ഇൻക്യുബേഷൻ സെൻറർ എന്നിവയുണ്ടാക്കണം. ഉന്നതമായ അക്കാദമികനിലവാരം മാത്രം മാനദണ്ഡമാക്കി സാമൂഹികനീതിയും സുതാര്യതയും ഉറപ്പു വരുത്തി നിയമനങ്ങൾ നടത്തുന്ന അപൂർവം കോളേജുകളിലൊന്നാണിത്. കഴിഞ്ഞ നൂറു വർഷമായി തുടരുന്ന ഈ പാരമ്പര്യം അടുത്ത നൂറ്റാണ്ടിലും അഭംഗുരം തുടരുക തന്നെ ചെയ്യും. മതേതര ജനാധിപത്യ മൂല്യങ്ങളും സാമൂഹികപ്രതിബദ്ധതയും ഉയർത്തിപ്പിടിപ്പിക്കുന്ന കോളേജിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്ക് പൊതുസമൂഹത്തിന്റെയും പൂർവവിദ്യാർഥിസമൂഹത്തിന്റെയും വലിയ പിന്തുണ ഈ ശതാബ്ദി വർഷം ആവശ്യമുണ്ട്. പൊതുവിശ്വാസ്യതയും ഗുണമേന്മയും ഉയർത്തിപ്പിടിപ്പിച്ചുകൊണ്ട് തന്നെ അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കാനും കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കാനും യു.സി. കോളേജിന് കഴിയണം. ഇതിന് എല്ലാവരുടെയും സ്നേഹപൂർണമായ പിന്തുണയും സഹകരണവും വിനീതമായി അഭ്യർഥിക്കുന്നു.

ഡോ. എം.ഐ. പുന്നൂസ്
ജനറൽ കൺവീനർ

പ്രീഡിഗ്രി സ്മരണ

# ഓർമക്കിലുക്കം



1986 – നാട്ടിൻപുറത്തെ പെൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയത്തിൽനിന്നും എസ്.എസ്.എൽ.സി.ക്ക് സാമാന്യം ഭേദപ്പെട്ട മാർക്കോടെ യൂസി കോളേജിന്റെ വിശാലതയിലേയ്ക്ക്... പുതുമകളുടെ ഒരു വിശാലലോകം! ആകെയൊരമ്പരപ്പ്! പത്താം ക്ലാസ്സ് വരെയുള്ള പഠനാന്തരീക്ഷത്തിൽനിന്നും തികച്ചും വ്യത്യസ്തമായ അന്തരീക്ഷം. ഒരു ക്ലാസ്സ്മുറിയിൽ മാത്രം ഒതുങ്ങിക്കൂടേണ്ടതില്ല... യൂണിഫോം വേണ്ട... കണ്ണുരുട്ടികാണിക്കുന്ന അധ്യാപകരില്ല... പഠിക്കണമെന്ന് ആരും നിർബന്ധിക്കുന്നില്ല... ആഹാ ! സർവസ്വാതന്ത്ര്യം ! എങ്കിലും മാതാപിതാക്കളും ഗുരുക്കന്മാരും ബന്ധുക്കളുമെല്ലാം പ്രത്യക്ഷ പരോക്ഷമായി പകർന്നുതന്ന അച്ചടക്കത്തിന്റെ ആവശ്യവും ഭാവി ഭദ്രമാക്കുന്നതിനുള്ള പഠനത്തിന്റെ പ്രാധാന്യവും മനസ്സ് ഓർമിപ്പിച്ചുകൊണ്ടേയിരുന്നു എന്ന് പറയാം.



ക്ലാസ്സ്മുറികൾ, പരീക്ഷണശാലകൾ, വിശാലമായ ലൈബ്രറി എന്തിന് യു.സി.യുടെ പച്ചവിരിച്ച ക്യാമ്പസ് പോലും പഠനത്തെ വ്യത്യസ്തമായ ഒരു തലത്തിലേക്ക് എത്തിക്കുന്നതായിരുന്നു. ഭൂരിഭാഗം ക്ലാസ്സുകളും എൻ. ആർ ബ്ലോക്കിൽ ആയിരുന്നു എന്നത് പ്രീഡിഗ്രിക്കാർക്ക് ഒരു തരത്തിൽ ആശ്വാസമായിരുന്നു! പടർന്നു പന്തലിച്ച വൻവൃക്ഷങ്ങളെപ്പോലെ തോന്നിയ ബിരുദ–ബിരുദാനന്തരതലത്തിലെ സഹോദരീസഹോദരന്മാരിൽനിന്ന് ഒഴിഞ്ഞ് അവിടെ കഴിച്ചുകൂട്ടാമല്ലോ! ഉച്ചയ്ക്കുള്ള ഇടവേളകളിൽ പ്രീഡിഗ്രി ക്ലാസ്സുകളിൽ തിരക്കോടുതിരക്കാണ്. സീനിയർ ചേട്ടന്മാരുടെ 'പരിചയപ്പെടൽ' ചടങ്ങുകൾ, ഫ്രീ അവറുകളിൽ അവരെത്തും. ഇന്ന് ആലോചിക്കുമ്പോൾ എല്ലാം രസകരമായ ഓർമകൾ!



മലയാളം മീഡിയത്തിൽ പഠിച്ചുവന്ന ഞങ്ങളെപ്പോലുള്ളവർ ആദ്യകാലങ്ങളിൽ ക്ലാസ്സുകളിൽ മിഴിച്ചിരുന്നു പോയിട്ടുണ്ട്. ഇംഗ്ലീഷിൽ മാത്രം ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നവരായിരുന്നു ഭൂരിഭാഗം അധ്യാപകരും. അന്നാണ് ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചുവന്നവരോട് കുറച്ച് കുശുമ്പ് തോന്നിയിട്ടുള്ളത്. കാലം കടന്നുപോയപ്പോൾ സ്വാഭാവി





കമായും ആ പ്രവാഹത്തിലലിഞ്ഞു.

തിരഞ്ഞെടുപ്പ് കാലമാണ് പ്രത്യേകിച്ച് പ്രീഡിഗ്രിക്കാരുടെ സുവർണകാലം, എങ്ങും ചിരിച്ച മുഖങ്ങൾ മാത്രം. എന്ത് സഹായത്തിനും തയ്യാറായവർ. ക്ലാസ്സ് തുടങ്ങുമ്പോഴേക്കും പാട്ടും കവിതയും പ്രസംഗവുമായി വോട്ടഭ്യർഥിച്ച് വരുന്നവരുടെ തിക്കും തിരക്കും! വോട്ട് ബാങ്കുകളായ പ്രീഡിഗ്രി ക്ലാസ്സുകളാണ് എല്ലാവരുടേയും ശ്രദ്ധാകേന്ദ്രം. കലാലയത്തിലെ  തുടക്കകാരാണല്ലോ പ്രീഡിഗ്രിക്കാർ...മാത്രമല്ല കുട്ടികളുള്ളതും പ്രീഡിഗ്രിക്ലാസ്സുകളിലാണ്. വ്യക്തമായ രാഷ്ട്രീയാവബോധമില്ലാത്ത അവരെ സ്വന്തം പാളയത്തിലേക്കാകർഷിക്കാൻ ഓരോ വിദ്യാർഥിസംഘടനയുടെയും മത്സരമാണ്. ബാനറുകളുമൊക്കെയായി ക്യാമ്പസിലൊരുത്സവമേളം തന്നെയാണ്. തിരഞ്ഞെടുപ്പിന്റെ വീറും വാശിയുമൊക്കെ ഉൾക്കൊള്ളുമ്പോഴും അന്തരീക്ഷം സമാധാനപൂർണമായിരിക്കും എന്നത് ഈ കലാലയത്തിന്റെ സവിശേഷതയായി എടുത്തു പറയേണ്ടതാണ്.



സമരദിനങ്ങളായിരുന്നു മറ്റൊരാകർഷണം. രാവിലെ കോളേജിൽ എത്തുമ്പോൾ തന്നെ സമരത്തിനുള്ള മുന്നൊരുക്കങ്ങളും വട്ടം കൂടലുമൊക്കെ കാണാം. ആരെയും ആവേശം കൊള്ളിക്കാൻ പോന്ന മുദ്രാവാക്യം വിളികളോടെ ക്ലാസ്സ്മുറികളിലേക്ക് എത്തുന്ന സമരക്കാർ... അകലെ നിന്നുതന്നെ ആരവം കാതോർത്ത് ഒരുങ്ങിയിരിക്കുന്ന വിദ്യാർഥികൾ. മനസില്ലാമനസോടെ ക്ലാസ്സ് വിട്ടിറങ്ങുന്ന അധ്യാപകർ! ക്ലാസ്സ് നഷ്ടപ്പെടുമെങ്കിലും ഭൂരിഭാഗംപേരും സമരദിനങ്ങൾ ആസ്വദിച്ചിരുന്നു. മറ്റു കലാലയങ്ങളെ അപേക്ഷിച്ച് സമരവും പഠിപ്പുമുടക്കമൊക്കെ യു.സി.യിൽ കുറവായിരുന്നു എന്ന് വേണം പറയാൻ. സാമൂഹികാവബോധത്തോടൊപ്പം പഠനമികവും ഉണ്ടാകണം എന്ന തിരിച്ചറിവ് എല്ലാ കാലത്തും ഈ ക്യാമ്പസ് പുലർത്തിയിരുന്നു.



കലാകായികരംഗങ്ങളിലെ സക്രിയമായ ഇടപെടലുകളാണ് പഠനത്തെ പൂർണതയിൽ എത്തിക്കുന്നത്. അതിനുള്ള അവസരങ്ങൾ കോളേജിൽ സുലഭമായിരുന്നു.
എൻ.എസ്.എസ്., എൻ.സി.സി., ഫിലിം ക്ലബ്, വിവിധ അസോസിയേഷനുകൾ എന്നിവയുടെ നേതൃത്വത്തിലുള്ള



നിരവധി പ്രവർത്തനങ്ങൾക്ക് വേദിയായിരുന്നു ഈ ക്യാമ്പസ്. സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളിലുള്ള സംവാദങ്ങളും ചർച്ചകളും കുട്ടികളുടെ സാമൂഹികസാംസ്കാരിക അവബോധം വളർത്തുന്നതിന് ഏറെ സഹായകരമായിരുന്നു.



കലാപരമായി മികവ് പുലർത്തുന്ന വിദ്യാർഥികൾക്ക് പ്രകടനത്തിനുള്ള അവസരങ്ങൾ കുറവായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. എങ്കിലും പാട്ടുകാരുടെ കൂട്ടായ്മയായ വോയ്സ് ഓഫ് യു.സി.യും യൂണിവേഴ്സിറ്റി കലോത്സവങ്ങളിൽ മികവ് പുലർത്തിയിരുന്ന കലാകാരന്മാരുമൊക്കെ യു.സി.ക്ക് സ്വന്തം! സർഗാത്മകരചനകളെ പ്രോത്സാഹിപ്പിച്ചിരുന്ന ക്യാമ്പസ്സിൽനിന്നും ചില പത്രങ്ങളും മാസികകളുമൊക്കെ പ്രസിദ്ധീകരിച്ചിരുന്നതായും ഓർമിക്കുന്നു.



കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിരുന്നു. കായികതാരങ്ങൾ ക്ലാസ്സ് സമയത്തിന് മുമ്പും പിൻപും ചിട്ടയായ പരിശീലനത്തിൽ ഏർപ്പെടുന്ന കാഴ്ചകൾ വിവിധ ഗ്രൗണ്ടുകളിൽ കാണാറുണ്ട്.

പച്ചപ്പട്ടണിഞ്ഞ യു.സി.യുടെ ക്യാമ്പസ് ആരെയും വശീകരിക്കുന്നതുതന്നെ! പ്രധാനകവാടം കടന്നുവരുമ്പോൾ കാവലായി നിന്നരുന്ന മഹാഗണി മരങ്ങൾ എങ്ങനെ മറക്കും? ലൈബ്രറിയും അതിനു പുറകിലെ സി.സി.യും പ്രീഡിഗ്രി കാലത്ത് അത്രക്കൊന്നും ആസ്വദിച്ചില്ല എന്ന് പറയാം. കാന്റീൻ പലപ്പോഴും ഒരു ആശ്വാസകേന്ദ്രമായിരുന്നു.



കൗമാരക്കാരുടെ ഏറ്റവും പ്രകാശോജ്ജ്വലമായ കാലഘട്ടമായ 16, 17വയസ്സുകളിൽ അവരെ നേർവഴിക്കു നയിക്കാനും സ്നേഹിക്കാനും തയ്യാറായ ഒരു കൂട്ടം ആളുകൾ ചുറ്റും ഉണ്ടാകുമ്പോൾ മികച്ച വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ കഴിയും.

പഠനത്തെ കുറച്ചുകൂടി ഗൗരവമായി പക്വതയോടെ കണ്ട് ബിരുദപഠനത്തിലേക്ക് കടക്കാനുള്ള മുന്നൊരുക്കം തന്നെയാണ് പ്രീഡിഗ്രി കാലം. വർഷങ്ങൾക്ക് ശേഷം പ്രീഡിഗ്രി കോളേജുകളിൽനിന്ന് വേർപ്പെടുത്തിയപ്പോൾ ക്യാമ്പസുകളുടെ വസന്തം തന്നെയാണ് നഷ്ടപ്പെട്ടത് എന്ന് തോന്നിയിട്ടുണ്ട്. എങ്കിലും,





"കാലത്തിന്റെ കുത്തൊഴുക്കിൽ മാറുന്ന ഭൗതികത്തിൻ കോലത്തിൽ ചേർന്നൊന്നാകാൻ ശ്രമിക്കയല്ലീ ധർമം?"

എന്നാശ്വസിക്കാം!

പ്രീഡിഗ്രി കാലത്തെ കുറിച്ചോർക്കുമ്പോൾ ഓർമയിലേക്ക് വരുന്ന ഒരുപാട് മുഖങ്ങളുണ്ട്. അന്നത്തെ പ്രിൻസിപ്പലായിരുന്ന ജോയ്സ് മാത്യു സർ, അറിവിന്റെ പടവുകളിലേക്ക് കൈപിടിച്ചുയർത്തിയ അധ്യാപകർ എന്നിവരെ സ്നേഹാദരങ്ങളോടെ സ്മരിക്കുന്നു. ഒപ്പം ലൈബ്രറി, ലാബ്, ഓഫീസ്, കാന്റീൻ തുടങ്ങിയ ഇടങ്ങളിൽ സജീവമായി സേവനമനുഷ്ഠിച്ച അധ്യാപകരെയും സ്നേഹത്തോടെ ഓർമിക്കുന്നു. ഒപ്പം നടന്ന കൂട്ടുകാർ, വഴികാട്ടികളായി സ്നേഹവും കരുതലും തന്നിരുന്ന ചേച്ചിമാർ ചേട്ടന്മാർ എല്ലാവരും ഓർമയിൽ നിറഞ്ഞുനിൽക്കുന്നു.



പ്രിയ അരവിന്ദ്

86– 88 പ്രീഡിഗ്രി വിദ്യാർഥിനി





# അഭ്രപാളികളിലെ യു.സി.

വി.കെ. ഷാഹിന
മലയാളം ഗവേഷണം

"ഇത് ബൈബിളാണോ?"

– അല്ല. ഇത് റസ്സലിന്റെ ഒരു പുസ്തകമാണ്. ഹിസ്റ്ററി ഓഫ് ഫിലോസഫി."

"ഓ, തോമസുകുട്ടി ഒരു ഫിലോസഫറാകാനുള്ള ഒരുക്കമാണോ? അതോ നടന്ന് ളോഹയിലേക്ക് കയറാനുള്ള ഒരുക്കത്തിലാണോ?"

"മോളി ഏതു പുസ്തകമാണ് എടുത്തത്?"

– റസ്സലിന്റെ പുസ്തകം തന്നെ. മാര്യേജ് ആന്റ് മോറൽ "
റിഹേഴ്സൽ കഴിഞ്ഞു. ഇനി സ്റ്റേജിലേക്ക് കയറാൻ പോകയാണ്."

ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിന്റെ നൂറ്റാണ്ട് പിന്നിട്ട ലൈബ്രറിയുടെ പടിക്കെട്ടുകളിൽനിന്ന് വിടർന്ന നയനങ്ങളും പഴുതാരവാലൻ മീശയും നെറ്റിയ്ക്കു മുകളിൽ മാത്രം ചുരുണ്ട മനോഹരമായ മുടിയുമായി മടി കൂടാതെ ചോദ്യങ്ങൾക്കുത്തരം നൽകുന്നത് നിത്യഹരിതനായകൻ പ്രേം നസീറാണ്. ചടുല നയനങ്ങൾ താഴ്ത്തി വ്രീളാവിവശയായി ചോദ്യങ്ങളെറിയുന്നത് മലയാള സിനിമയിൽ നായികാ പദവിയിൽ മാറി മാറി വിരാജിച്ചിരുന്ന തിരുവിതാംകൂർ സഹോദരിമാരിൽ ഒരാളായ രാഗിണിയും കൂടെ താരറാണിയായിരുന്ന ജയഭാരതിയും.



യു.സി. കോളേജ് വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെടുന്ന ആദ്യകാല സിനിമയാണ് ജെ.ഡി. തോട്ടാനും ഡി.കെ. പൊറ്റക്കാടും ചേർന്ന് സംവിധാനം ചെയ്ത് 1971ൽ റിലീസ് ചെയ്ത ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രമായ 'ഗംഗാ സംഗമം'. ആലുവക്കാരനായ പോൾ കല്ലുങ്കലിന്റെ പി.കെ. ഫിലിംസാണ് ഇത് നിർമിച്ചത്. യു.സി. കോളേജിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ശതാബ്ദി പിന്നിട്ട ആലുവ സെയ്ന്റ് ജോസഫ് പൊന്തിഫിക്കൽ ചർച്ച് സെമിനാരിയാണ് ഈ ചലച്ചിത്രത്തിന്റെ ആദ്യ ഫ്രെയിമിൽ പ്രത്യക്ഷപ്പെടുന്നതു തന്നെ.

തോമസുകുട്ടിയുടെയും മിനിയുടെയും പ്രണയനിമിഷങ്ങൾക്ക് സാക്ഷിയായ യു.സി.യിലെ ലൈബ്രറിക്കു മുന്നിലെ തണൽമരങ്ങൾ ഇന്ന് പടർന്നു പന്തലിച്ചു കഴിഞ്ഞിരിക്കുന്നു. കച്ചേരിമാളികയ്ക്ക് രൂപത്തിൽ മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും മുഖം മിനുക്കിയിട്ടുണ്ട്. മലയാളചലച്ചിത്രലോകത്തേക്ക് ഒട്ടനവധി അതുല്യപ്രതിഭകളെ സംഭാവന ചെയ്യാൻ നമ്മുടെ കലാലയമുത്തശ്ശിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

'ഗംഗാ സംഗമ'ത്തിനു മുമ്പു തന്നെ കെ. സുകുമാർ സംവിധാനം ചെയ്ത 'ലേഡി ഡോക്ടർ'(1967) എന്ന സിനിമയിലെ ക്ലാസ്സ്‌റൂം രംഗങ്ങളുടെ ലൊക്കേഷനാവാൻ യുസിയിലെ ബയോളജി ബ്ലോക്കിനായിട്ടുണ്ട്. മധുവും ഷീലയുമായിരുന്നു പ്രധാന അഭിനേതാക്കൾ. യു.സി. കോളേജിലെ ഫിലോസഫി അധ്യാപകനായിരുന്ന കെ. ജേക്കബ്ബിന്റെ 'സ്നേഹിച്ച പക്ഷേ' എന്ന കഥയുടെ ചലച്ചിത്രാവിഷ്കാരമായിരുന്നു 'ലേഡി ഡോക്ടർ' എന്നതാണ് മറ്റൊരു പ്രത്യേകത. തിരക്കഥ തയ്യാറാക്കിയത് നാഗവള്ളി ആർ.എസ്. കുറുപ്പായിരുന്നു.

മലയാളത്തിൽ ആദ്യമായി മികച്ച ദേശീയോദ്ഗ്രഥനചലച്ചിത്രത്തിനുള്ള ദേശീയ അവാർഡ് ലഭിച്ച 'ജന്മഭൂമി' (1969) നിർമിച്ചത് ആലുവ യു.സി. കോളേജ് ചരിത്രവിഭാഗം അധ്യാപകനായിരുന്ന ടി.എം. മാത്യുവായിരുന്നു. ജോൺ ശങ്കരമംഗലം രചനയും സംവിധാനവും നിർവഹിച്ച ഈ ചലച്ചിത്രം സാമ്പത്തികമായി പരാജയപ്പെട്ടുവെങ്കിലും മികച്ച മൂന്നാമത്തെ ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ്, മികച്ച ഛായാഗ്രഹണത്തിനുള്ള അവാർഡ് എന്നിവ നേടുകയുണ്ടായി. പത്തനംതിട്ട സ്വദേശിയായ ടി.എം. മാത്യു സാറാണ് ക്രിക്കറ്റ് കോർട്ടിനടുത്തുള്ള മരങ്ങൾ വെച്ചു പിടിപ്പിക്കുകയും പരിപാലിച്ചു പോരികയും ചെയ്തതെന്ന് ഏറെ സ്നേഹത്തോടെ പൂർവവിദ്യാർഥികൾ ഓർക്കാറുണ്ട്.

പി.ജെ. ആന്റണി, ശങ്കരാടി, ബാലൻ കെ. നായർ, ജമീല മാലിക് എന്നിങ്ങനെ മികച്ച താരനിരയുമായി 1973-ൽ റിലീസായ ചലച്ചിത്രമാണ് എൻ.എൻ. പിഷാരടി സംവിധാനം ചെയ്ത 'റാഗിംഗ്'. ഇത് നിർമിച്ചത് യു.സി.യിലെ പൂർവവിദ്യാർഥിയായിരുന്ന വടക്കൻ പറവൂർ സ്വദേശിയായ അഡ്വ





ക്കേറ്റ് ഐസക് തോമസായിരുന്നു. കേരളത്തിലെ നാടകപ്രസ്ഥാനത്തിൽ ചരിത്രം സൃഷ്ടിച്ച കെ.പി.എ.സി. എന്ന നാടകസമിതിയുടെ രൂപീകരണത്തിലും പങ്കുവഹിച്ച ഐസക് തോമസ് രാഷ്ട്രീയരംഗത്തും ശ്രദ്ധേയനായിരുന്നു.

1975–ൽ 'ഭാര്യയെ ആവശ്യമുണ്ട്' എന്ന സിനിമയിലൂടെ രംഗപ്രവേശം നടത്തി, തൊട്ടടുത്ത വർഷമായ 1976–ൽ പ്രശസ്ത ചലച്ചിത്ര സംവിധായകൻ എ. വിൻസന്റിന്റെ 'അനാവരണം' എന്ന സിനിമയിൽ നായകകഥാപാത്രത്തെ അവതരിപ്പിക്കുകയും ചെയ്ത കടുങ്ങല്ലൂർക്കാരനായ സത്താറിനെ മലയാളികൾ പെട്ടെന്നൊന്നും മറക്കുകയില്ല. 300–ലേറെ മലയാളം, തമിഴ്, തെലുങ്ക് സിനിമകളിലും സീരിയലുകളിലും നായകനായും വില്ലനായും സ്വഭാവനടനായും അഭിനയിച്ചിട്ടുള്ള സത്താർ യു.സി. കോളേജിലാണ് എം.എ. ഹിസ്റ്ററി വരെ പഠിച്ചത്. കോളേജിൽ പഠിക്കുന്ന കാലത്തുതന്നെ നാടകാഭിനയത്തിൽ സജീവമായിരുന്നതിനാൽ പഠനകാലത്തുതന്നെ അദ്ദേഹത്തിന് സിനിമാപ്രവേശവും സാധ്യമായിത്തീർന്നു.

'വന്നല്ലോ വനമാല' എന്ന പരസ്യചിത്രത്തിലൂടെ പരസ്യചിത്രീകരണരംഗത്ത് ശ്രദ്ധേയസാന്നിധ്യമായിരുന്നു അടുത്തിടെ അന്തരിച്ച കെ.എൻ. ശശിധരൻ. യു.സി. കോളേജിലെ അധ്യയനത്തിനു ശേഷമാണ് അദ്ദേഹം പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബിരുദമെടുക്കുന്നത്.

അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ചിത്രങ്ങൾ അക്കരെ, കാണാതായ പെൺകുട്ടി എന്നിവയാണ്. എൺപതുകളിലെ മധ്യവർത്തി സിനിമയുടെ മുഖമായ കെ.ജി. ജോർജ്ജിന്റെ സിനിമകൾക്കൊപ്പം ഉയരമുള്ള സിനിമയാണ് അദ്ദേഹത്തിന്റെ 'അക്കരെ' എന്ന സിനിമ.

1984–ൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ അധ്യാപകനായിരുന്ന ഇ. നാരായണൻ നമ്പ്യാർ പ്രസിഡന്റായി യു.സി. കോളേജിൽ 'രസന' എന്ന പേരിൽ ഒരു ഫിലിം സൊസൈറ്റി രൂപീകരിച്ചിരുന്നു. ഋത്വിക് ഘട്ടക്കിന്റെ 'സുവർണരേഖ' യായിരുന്നു ഉദ്ഘാടനചിത്രം. അകിറ കുറസോവയുടെ ചലച്ചിത്രങ്ങൾ, ചാപ്ലിന്റെ 'കിഡ്' എന്നിവയൊക്കെ പ്രദർശിപ്പിച്ചു. സത്യജിത് റേയുടെ ഏഴ് ചലച്ചിത്രങ്ങൾ യു.സി.യിലും പരിസരത്തുമുള്ളവർക്കായി ഒരു ഫിലിം ഫെസ്റ്റിവൽ തന്നെ നടത്തി ആദ്യമായി പ്രദർശിപ്പിച്ചത് ഈ ഫിലിം സൊസൈറ്റിയായിരുന്നു. കഥയെഴുത്തിലും മറ്റും അന്നു തിളങ്ങി നിന്ന അബ്ദുൽ അസീസ്, ബി. കൃഷ്ണകുമാർ , വത്സലൻ വാതുശ്ശേരി, രാഷ്ട്രീയ നിരീക്ഷകനായ അഡ്വക്കേറ്റ് എ. ജയശങ്കർ എന്നിവരായിരുന്നു ഫിലിം സൊസൈറ്റിയെ നയിച്ചിരുന്നത്. യുസി കോളേജിന്റെ തൊട്ടടുത്തുണ്ടായിരുന്ന സ്വപ്ന തീയേറ്ററിൽ മോണിംഗ് ഷോ നടത്തിയാണ് ഫിലിം സൊസൈറ്റി സിനിമകൾ പ്രദർശിപ്പിച്ചിരുന്നത്.

യു.സി. കോളേജിൽനിന്ന് എം.ജി. ചന്ദ്രപ്പ





ഢൻ യു.യു.സി.യായി തെരഞ്ഞെടുക്കപ്പെടുകയും അദ്ദേഹം കേരള യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനാകുകയും ചെയ്യുമ്പോഴാണ് ആദ്യമായി ഒരു ചലച്ചിത്രാസ്വാദനക്യാമ്പ് 1979-ൽ കോളേജിൽ സംഘടിപ്പിക്കുന്നത്. ഒരു ഓണാവധിക്കാലത്തായിരുന്നു അത്. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ കോളേജുകളിലെ പ്രതിനിധികളാണ് സിനിമ കാണാനും പഠിച്ചാസ്വദിക്കാനും അന്ന് കോളേജിൽ എത്തിയത്. അതൊരു ചരിത്രസംഭവം തന്നെയായിരുന്നെന്ന് ആദ്യകാല ലിറ്റിൽ മാഗസിനുകളുടെ തലതൊട്ടപ്പനായ സമീക്ഷയുടെ പത്രാധിപരും എഴുത്തുകാരനുമായ കെ.എൻ. ഷാജി ഓർമിക്കുന്നുണ്ട്. സംവിധായകൻ ജോൺ എബ്രഹാം, ഫിലിം ആർക്കൈവ്സ് ക്യൂറേറ്ററായിരുന്ന പി.കെ. നായർ, സതീഷ് ബഹാദൂർ, പി.ആർ.എസ്. പിള്ള എന്നിവരെല്ലാം ആ ചലച്ചിത്രാസ്വാദനക്യാമ്പിൽ അതിഥികളായിരുന്നു.

കടമക്കുടി സ്വദേശിയായ ജോഷി ജോസഫാണ് ഫിലിംസ് ഡിവിഷൻ ഈസ്റ്റേൺ റീജിയന്റെ തലവൻ. യു.സി. കോളേജിന് എന്നും അഭിമാനിക്കാവുന്ന ഒരു പൂർവവിദ്യാർഥിയാണ് അദ്ദേഹം. ഏഴ് ദേശീയ അവാർഡുകളാണ് സംവിധായകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ അദ്ദേഹം നേടിയിട്ടുള്ളത്. One Day from a Hangman's life (2000), A Poet, A City and a Footballer (2014), Walking over water (2021) എന്നിവയെല്ലാം അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഡോക്യുമെന്ററികളാണ്. മലയാളത്തിൽ മൂന്നു പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.

1973-ൽ യു.സി.യിൽ മാഗസിൻ എഡിറ്ററായിരുന്ന കെ. ബാലകൃഷ്ണൻ നായർ എഡിറ്റു ചെയ്ത മാഗസിൻ വളരെ പ്രത്യേകതകളുള്ളതായിരുന്നു. ആലുവ സ്വദേശിയായ ഷംസുദ്ദീൻ കെ. മൂസ കൈകൊണ്ട് വരച്ച കവർ ചിത്രമായിരുന്നു അതിന്റെ പ്രത്യേകത. 1500 മാഗസിനുകൾക്കു വേണ്ടിയും ഷംസുദ്ദീൻ ഓയിൽ പെയിന്റിംഗ് ഉപയോഗിച്ച് കവർചിത്രങ്ങൾ വരച്ചു. കെ. ബാലകൃഷ്ണൻ നായർ പിന്നീട് പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു ബിരുദം നേടുകയുണ്ടായി. കേരള കൗമുദിയുടെ ഫിലിം മാഗസിനു വേണ്ടി സിനിമാ സംബന്ധിയായ ലേഖനങ്ങൾ വളരെക്കാലത്തോളം അദ്ദേഹം എഴുതിയിരുന്നു.

ജി. അരവിന്ദന് മികച്ച സംവിധാനത്തിനുള്ള സംസ്ഥാന അവാർഡ് 1981-ൽ നേടിക്കൊടുത്ത സിനിമയാണ് പോക്കുവെയിൽ. ഇതിലെ നായകൻ യു.സി.യിൽ ബിരുദവിദ്യാർഥിയായിരുന്ന ബാലചന്ദ്രൻ ചുള്ളിക്കാടായിരുന്നു. യു.സി.യിൽ വിദ്യാർഥിയായിരിക്കുമ്പോൾ അദ്ദേഹത്തിന് കവിതാരചനയിൽ യൂണിവേഴ്സിറ്റിയിൽ രണ്ടാം സ്ഥാനം





ലഭിച്ചിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഭാര്യയായിത്തീർന്ന എറണാകുളം സെന്റ് തെരേസാസ് കോളേജ് വിദ്യാർഥിനിയായിരുന്ന വിജയലക്ഷ്മിക്കായിരുന്നു ആ വർഷം കവിതാരചനയിൽ ഒന്നാം സ്ഥാനം. ചുള്ളിക്കാട് പിന്നീട് യു.സി.യിൽ നിന്ന് ടി.സി. വാങ്ങി മഹാരാജാസിൽ ചേർന്നാണ് ബിരുദപഠനം പൂർത്തിയാക്കിയത്. മലയാളത്തിലെ എണ്ണപ്പെട്ട കവികളിലൊരാളായ അദ്ദേഹം നടൻ എന്ന നിലയിലും നിരവധി സിനിമകളിലും സീരിയലുകളിലുമായി ഇന്നും സജീവമാണ്.

മലയാളത്തിൽ വ്യത്യസ്തമായ ചലച്ചിത്ര ലോകം സൃഷ്ടിച്ച ജോൺ എബ്രഹാമിന്റെ ജീവിതവും വഴികളും തികച്ചും വിഭിന്നമായിരുന്നു. അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ അന്ത്യം എല്ലാവരിലും നടുക്കമുണ്ടാക്കിയതാണ്. 'ജോൺ എബ്രഹാം' എന്ന പേരിൽ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമക്കുറിപ്പുകളും സംഭാഷണങ്ങളും ചിത്രങ്ങളും പുസ്തകരൂപത്തിലാക്കിയത് യുസിയനായിരുന്ന കെ.എൻ. ഷാജിയാണ്. 1970 കൾ മുതൽ മലയാളത്തിലെ ഒട്ടുമിക്ക എഴുത്തുകാരോടും ചലച്ചിത്രപ്രവർത്തകരോടും സൗഹാർദ്ദം പുലർത്തുന്ന അദ്ദേഹത്തിന്റെ സിനിമാ സംബന്ധിയായ ലേഖനങ്ങൾ നിരവധിയാണ്. കൊടുങ്ങല്ലൂർ ഭരണിയെക്കുറിച്ച് 'Mother Goddess' എന്ന ഡോക്യുമെന്ററിയും അക്കിത്തം നാരായണനെക്കുറിച്ച് ഒരു ഡോക്യുമെന്ററിയും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണനുമായുള്ള അഭിമുഖങ്ങൾ നടത്തി പ്രസിദ്ധീകരിച്ചതു കൂടാതെ അടൂരിന്റെ സിനിമകളായ 'നിഴൽക്കുത്ത്', 'പിന്നെയും' എന്നിവയിൽ കെ.എൻ. ഷാജി അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിച്ചിട്ടുമുണ്ട്.

മലയാളചലച്ചിത്രങ്ങളിൽ മികച്ച സ്വഭാവനടനായും പ്രതിനായകനായും കുറഞ്ഞ കാലം കൊണ്ട് ശ്രദ്ധേയനാകുകയും എ ദ്രോഗത്താൽ അകാലത്തിൽ നമ്മോട് വിട പറയുകയും ചെയ്ത പ്രിയനടൻ എൻ. എഫ്. വർഗ്ഗീസ് യു.സി.യിൽ ബിരുദവിദ്യാർഥിയായിരുന്നു. ആകാശദൂത് എന്ന സിനിമയാണ് അദ്ദേഹത്തിന്റെ ആദ്യ ശ്രദ്ധേയ ചിത്രം. സല്ലാപം, പത്രം, നരസിംഹം എന്നിവയിലെ വേഷങ്ങളും മലയാളികൾക്ക് മറക്കാനാവില്ല. മിമിക്രി വേദിയിലൂടെ ചലച്ചിത്രരംഗത്തെത്തിയ എൻ.എഫ്. വർഗ്ഗീസിനെ പോലെ തന്നെ മിമിക്രി കലാകാരന്മാരായി അരങ്ങേറ്റം കുറിച്ച് മലയാള സിനിമയെ കുടുകുടെ ചിരിപ്പിച്ചവരാണ് യുസിയിലെ പൂർവവിദ്യാർഥികളായിരുന്ന സൈനുദ്ദീൻ, കലാഭവൻ റഹ്മാൻ, ദിലീപ് എന്നിവർ.

പുതിയ തലമുറയിൽ യു.സി. കോളേജിനെ പ്രതിനിധീകരിക്കുന്ന സർഗധനരായ നിരവധി പ്രതിഭകൾ മലയാളചലച്ചിത്രരംഗത്തുണ്ട്. തൊട്ടതെല്ലാം പൊന്നാക്കിയ ലിജോ ജോസ് പെല്ലിശ്ശേരി, ജൂഡ് ആന്റണി എന്നിവരുടെ പേര





കളാണ് അതിൽ ഒന്നാമതായുള്ളത്. റേഡിയോ ജോക്കിയായും ടെലിവിഷൻ അവതാരകനായും നടനായും ഒരു പോലെ തിളങ്ങിയ അരുൺ മാത്യു (മാത്തുക്കുട്ടി) വാണ് മറ്റൊരാൾ. യു.സി. യിലെ പഠനവും രസകരമായ അനുഭവങ്ങളും ആധാരമാക്കി മാത്തുക്കുട്ടി രചനയും സംവിധാനവും നിർവ്വഹിച്ച കുഞ്ഞെൽദോ ശ്രദ്ധിക്കപ്പെട്ട സിനിമയാണ്.

നാടകവും സിനിമയും ജീവശ്വാസം പോലെ കൊണ്ടുനടന്ന യുസിയിലെ പൂർവവിദ്യാർഥികളാണ് ഗിരീഷ്, ഹരികുമാർ, നവാസ് അലി, ജെബിൻ എന്നിവർ. ഗിരീഷ് ചലച്ചിത്രഗാനരചയിതാവെന്ന നിലയിൽ കൂടി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഹരികുമാർ നിരവധി സിനിമകളിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. ജെബിൻ സിനിമകളിൽ സംവിധാനസഹായി ആയിരുന്നിട്ടുണ്ട്. ജെബിന്റെ 'താര' എന്ന ചലച്ചിത്രം റിലീസിങ്ങിനൊരുങ്ങുന്നു. നവാസ് അലി സംവിധാനം ചെയ്ത സിനിമയാണ് മിയ കുല്പ. യു.സി. കോളേജിലെ മലയാളം ബിരുദവിദ്യാർഥികളായിരുന്നു ഇവരിൽ പലരും. പത്രപ്രവർത്തകരും എഴുത്തുകാരുമായിട്ടുള്ള സുഭാഷ് ചന്ദ്രനും ഡി. സന്തോഷും നമ്മുടെ കോളേജിൽ നിന്ന് മലയാളബിരുദ പഠനം പൂർത്തിയാക്കിയവരാണ്. 'ആകസ്മികം' എന്ന ചലച്ചിത്രത്തിന് ആധാരമായത് സുഭാഷ് ചന്ദ്രന്റെ 'ഗ്രൂപ്പം' എന്ന കഥയാണ്. ഡി. സന്തോഷ് ചലച്ചിത്രഗാനങ്ങൾ എഴുതിയിട്ടുണ്ട്.

മുൻനിര സംവിധായകരോടൊപ്പം സംവിധായകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഞ്ജയൻ മാർക്കോസ് യു.സി.യിൽ ഇലക്ട്രോണിക്സ് മെയിന്റനൻസ് ബിരുദവിദ്യാർഥിയായിരുന്നു. 2021-ൽ നിരവധി ദേശീയപുരസ്കാരങ്ങൾ നേടിയ അയ്യപ്പനും കോശിയും എന്ന ചലച്ചിത്രം സച്ചിയോടൊപ്പം സഞ്ജയന്റെ കൂടി ഒരു പൊൻതൂവലാണ്. അദ്ദേഹം ഭാഗമായ 'കൊത്ത്' എന്ന ചലച്ചിത്രം റിലീസിങ്ങിനൊരുങ്ങുന്നു. 'പീസ്' എന്ന ചലച്ചിത്രത്തിന് സ്ക്രിപ്റ്റെഴുതിയ രമേഷ് യുസിയനായിരുന്നു.

ചലച്ചിത്രരംഗത്ത് യു.സി. പൂർവവിദ്യാർഥികളായ സ്ത്രീകളുടെ പ്രാതിനിധ്യം തുലോം കുറവാണെങ്കിലും മലയാള ബിരുദവിദ്യാർഥിയായിരുന്ന രേഷ്മ സി.എച്ച്. രണ്ടു സിനിമകൾ നിർമിച്ചിട്ടുണ്ട്. 'എല്ലാം സെറ്റാണ്', 'ലവ് ഡെയ്ൽ' എന്നിവയാണവ. ടെലിവിഷൻ അവതാരകരെന്ന രീതിയിൽ രഞ്ജിനി മേനോൻ, സ്മിത എന്നിവരും വെള്ളിത്തിരയുടെ ലോകത്തുണ്ട്. യുസിയിൽ നിന്ന് സൈക്കോളജി ബിരുദം നേടിയ രഞ്ജിനി കൃഷ്ണൻ കവിയും എഴുത്തുകാരിയുമാണ്. ദേശീയ തലത്തിൽ മികച്ച ഡോക്യുമെന്ററിയായി തെരഞ്ഞെടുക്കപ്പെട്ട 'A Pestering Journey'യുടെ നിർമാതാവും സഹരചയിതാവുമായിരുന്നു. 'കന്യക ടാക്കീസ്' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാകൃത്തായിരുന്നു.






'പതിനെട്ടാം പടി' എന്ന സിനിമയിലെ നായകനായിരുന്ന അക്ഷയ് രാധാകൃഷ്ണൻ, 'അടി കപ്യാരേ കൂട്ടമണി' എന്ന സിനിമയിൽ മുഖ്യവേഷങ്ങളിലൊന്ന് ചെയ്ത വിനീത് മോഹൻ, 'ഒരു മുത്തശ്ശി ഗദ'യിലഭിനയിച്ച കൃഷ്ണകുമാർ, 'കുഞ്ഞെൽദോ'യിലെ മിഥുൻ മോഹൻ, സൂപ്പർ ഹിറ്റായിരുന്ന 'നേരം' എന്ന തമിഴ് സിനിമയുടെ നിർമാതാവായിരുന്ന അഭിലാഷ് – ഇവരൊക്കെ യൂസിയൻമാരാണ്. യൂസിയിൽ ചെയർമാനായിരുന്ന കെ.ബി. വേണു നിരവധി ടെലിവിഷൻ പരിപാടികൾ അവതരിപ്പിച്ച് ശ്രദ്ധേയനാണ്. അനിൽകുമാർ എ. പി., സുരേഷ് കുമാർ, റീന മരിയ, ഷാജി മൂത്തേടൻ, മനോജ് അരവിന്ദാക്ഷൻ എന്നിവരും സിനിമാരംഗത്ത് സജീവമായ യു.സി. പൂർവ വിദ്യാർഥികളാണ്.

2012–ൽ മികച്ച സിനിമാ ലേഖനത്തിനുള്ള അവാർഡ് നേടിയ അജു കെ നാരായണൻ യു സി മലയാള വിഭാഗം അധ്യാപകനായിരുന്നു. 2016–ൽ അജു കെ. നാരായണനും ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ ചെറി ജേക്കബും ചേർന്നെഴുതിയ 'സിനിമ മുതൽ സിനിമ വരെ ' എന്ന കൃതിക്ക് മികച്ച സിനിമാ ഗ്രന്ഥത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചിട്ടുണ്ട്. യൂസിയിലെ അധ്യാപകനായിരുന്ന ഡോ. സെബാസ്റ്റ്യൻ ജോസഫും വിദ്യാർഥിയായിരുന്ന സി.ജെ. സുധിയും ചേർന്നെഴുതിയ ' 'ജെല്ലിക്കെട്ടിന്റെ ചരിത്രപാഠങ്ങൾ' എന്ന ലേഖനത്തിന് 2019–ൽ സംസ്ഥാന ചലച്ചിത്ര പുരസ്കാര സമിതിയുടെ പ്രത്യേക പരാമർശം ലഭിച്ചിട്ടുണ്ട്. 'അരങ്ങു മുതൽ അഭ്രപാളി വരെ', 'സിനിമ കലയും രാഷ്ട്രീയവും (എഡിറ്റർ)' എന്നിങ്ങനെ സിനിമാസംബന്ധിയായ രണ്ടു പുസ്തകങ്ങൾ സിനിമാ നിരൂപകൻ കൂടിയായ മലയാളവിഭാഗം അധ്യാപകൻ സിബു മോടയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

യു.സി.യിലെ കച്ചേരിമാളികയും ക്യാമ്പസും സിനിമാപ്രവർത്തകരുടെ ഇഷ്ടലൊക്കേഷനാണ്. എന്നാൽ കോളേജിന്റെ അധ്യയനാന്തരീക്ഷത്തെ തടസ്സപ്പെടുത്തും എന്നു ഭയന്ന് കോളേജ് ക്യാംപസ് വർഷങ്ങളോളം സിനിമാ ഷൂട്ടിംഗിനായി നൽകിയിരുന്നില്ല. അതിനൊരു മാറ്റം വന്നത് അൽഫോൺസ് പുത്രന്റെ 'പ്രേമം' എന്ന സിനിമയുടെ ചിത്രീകരണം യു.സി.യിൽ വെച്ച് നടന്നതിനു ശേഷമാണ്. 'പ്രേമം' സിനിമ ഭൂരിഭാഗവും ഷൂട്ട് ചെയ്തത് കോളേജ് ക്യാമ്പസിലാണ്. അങ്ങനെ കച്ചേരി മാളികയും ക്യാന്റീനും ടാഗോർ ഹാളുമൊക്കെ സിനിമാ പ്രേമികളുടെ ഉള്ളിൽ ഇടം പിടിച്ചു.

ദിലീപ്, മോഹിനി എന്നിവർ നായികാനായകന്മാരായ 'കുടുംബക്കോടതി', നിവിൻ പോളി നായകനായ 'ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള', 'ഉയരെ', 'സ്ലീഡ് ടാക്ക്', 'സുനാമി', 'നിഴൽ' എന്നിങ്ങനെ കുറേയേറെ സിനിമകളിൽ യു.സി.യുടെ ക്യാമ്പസും ഒരു മുഖ്യവേഷം കൈകാര്യം ചെയ്തിട്ടുണ്ട്.



Walk about Zion, go around her,
number her towers,
consider well her ramparts,
go through her citadels,
that you may tell the next generation
that this is God,
our God forever and ever.
He will guide us forever.
{Psalms 48:12-14 (ESV)}

# A Retro through THE PAGES

Tarun George Philip
BA History

The Magazine Editor has tasked me with writing the history of our College; to be covered within 3 or 4 pages. And to be honest, covering 100 years - 101 to be precise - of Union Christian College, is a hard and laborious task. And doing hard, laborious tasks has never been my forte.

I decided to project my laziness by converting it into humility saying, "Oh, I am not apt to do it". But my tactics didn't seem to work on our Magazine Editor which, dear reader, as you can see, is why I am writing this article.

Hmm... So where should I start?

I suspect that you expect me to tell you the date when our College started - June 8, 1921. Every year we celebrate Founders' Day on the 8th of June. But our College initially didn't start its functioning in the Kacheri Malika building. There was some delay in getting possession of the present site and the Taluk Cutcherry building on it and so classes began in an old three-storey building in the Mangalapuzha Seminary campus belonging to the Roman Catholic Church, which was leased for a period of three years.

After the Cutcherry building was repaired and adapted, the College moved into its permanent home in October 1921 and was formally opened by T. Raghaviah, the then Dewan of Travancore.

I stop here, dear reader. If I continue the article in this fashion then both of us would end up being bored of it - it's the waters of History that we are treading on; you can swim through it or you can float on it without being bothered by what lies below. Rather, I would like to present before you, glimpses into the history of our College, which I found interesting and prayerfully hope that you'll also find it the same.

It cannot be neglected that right from the very beginning it was prayer that

pushed our College forwards. It must be noted that Prof. K. C. Chacko first had in mind the idea for 'an inter-denominational residential school, run on Fellowship lines, catering to the educational needs of Travancore and Cochin States'.

It was Dr. William Skinner, Principal of the Madras Christian College, who suggested the idea for a college. Thus, Union Christian College became a reality and the Famous Four, Messrs. K. C. Chacko, A. M. Varki, C. P. Mathew and V. M. Ittiyerah, were the ones behind it.

We've all heard of these names - and we all use them, especially three, in passing references, mainly associated with the buildings of UCC. VMA/VMH or Varkey Memorial Auditorium/Hall, MB or Prof. C. P. Mathew Memorial Academic Block, Chacko Hostel (or as its inmates love to call it - Chacko's) and the least heard/used one, the V. M. Ittiyerah Memorial Block, i.e., the Office Complex. These buildings were named after them, honouring their devoted efforts and services to the College. But do these names mean anything to us now?

*Into the Lives of the Founders*

## A. M. Varkey



Shakespeare was the forte of our first Principal, Prof. A. M. Varkey. But what attracted me more was his Christian witness and his patriotism - 'proud of his country and conscious of her needs'.

In 1932, Prof. Varkey went to England as a member of the Mission of Fellowship, invited by the National Christian Council of India, and delivered a speech in Newcastle to the British audience there. Here is an excerpt from the speech:

"Men and Women of Newcastle, What is India to you? A name? A splotch of red on your map? - three inches by two jutting into the blue waste of the Indian Ocean? - A profitable market for the products of your industry? - A training ground for your soldiers and administrators? - A purveyor of careers for your educated men and women? Nay, a land of superstition and ignorance for the charity of your philanthropists? What is it to you?..."

That is a gist of Prof. A. M. Varkey.

# C. P. Mathew



Prof. C. P. Mathew was a lecturer of Philosophy in our College. Two instances from his life are what I want to present before you.

Prof. Mathew hated laziness and negligence of duty. Here is how a student remembers Prof. Mathew:

'I remember an incident which happened as far back as 1925 when I was an in-mate of the South-East - now Holland - Hostel, where he was my warden. I lay ill in the hostel for a few days. It was the duty of the mess contractor, then a man named Kutten Nair, to send sick diet to the hostel. One day the poor man forgot to do so. Having waited for my "Kanji" till 11am, I crawled up to the warden's room and reported the matter. Kutten Nair was immediately sent for. No sooner had he peeped in at the warden's door, than Mr. Mathew sprang from his chair, asked him why he had not yet sent the sick-diet, and before the poor old man had time to say a word in reply, I saw him go spinning like a top and fleeing for his very life. I felt really sorry for having reported the matter. Servants and subordinates in those days dreaded him, but, also loved him, because his indignation which at times rose high was never selfish or mean.'

Another quality of Prof. Mathew was that he revered Mahatma Gandhi. Prof. Mathew was commissioned by the College Senatus to invite Mahatma Gandhi to the college, in 1925. The Principal was absent on the occasion of the Mahatma's visit and it was professor Mathew who delivered the welcome address.

"...I said in the course of my speech that here in this college there was no objection to students wearing Khaddar and that actually some of us, members of the staff also did wear Khaddar in part and at times. Gandhiji looked up at me who was wearing then only a Khadhar 'angavastra' and gave a hearty and meaningful smile. In the course of his fairly long speech, he referred to my words and said "I am not satisfied with the benevolent neutrality of the college in the matter of Khaddar-wearing."

Prof. Mathew also adds: 'I had the temerity to ask him whether he really expected that the vast population of this country would take to khaddar and he replied firmly that he believed so. I felt however sceptical and not very unfrequently perhaps the sceptic proves not altogether wrong, but it casts no real discredit on the man of faith. Gandhiji dreamt many dreams, daring ambitious dreams and strove rightly for their realisation and his success is recorded on

the pages of history for all to read but not all his dreams have come true as yet.'

However, later on, this was how a student remembered Prof. Mathew in the 1930s: 'It was in the second year that Prof. C. P. Mathew came to teach us Logic. Fair, rosy and plump physique – wearing a Khadar mundu; Khadar shirt; Khadar coat and Khadar tie; an absolute Gandhian.'

# V. M. Ittiyerah



' Everyone loved Ittiyerah Sir with his transparent love of God and man.'

Prof. V. M. Ittiyerah served as the second Principal of our college as well as its Manager, later on. As a teacher and Principal he was very dutiful towards his calling, which is evident through an incident, one of his colleagues reminisces:

'In the Silver Jubilee year of the College, a few students attracted the attention of the police by their political activities and there was an imminent threat of their being arrested and taken away by the police for suitable disposal by them. These students were disturbing elements in College life also and their disappearance from it, for whatever cause, would have been, in one view, a good riddance. But that is not how Mr. Ittyerah looked at the matter. To him such an attitude was a denial of one of the supreme values in education–the sanctity of the student- teacher relationship–to which he had totally surrendered himself. So he rushed to the town and waited late into the night for hours to contact the Inspector-General of Police and succeeded in rescuing the misguided young men from the danger that would have overtaken them. This is only an outstanding example of an attitude that was, with him, daily in action.'

Prof. Ittiyerah was patient, wise, gentle and loving. Even one individual who lived in the neighbourhood of the college remarked – '... If burning fire approaches Mr. Ittyerah it would calm down a little. [കത്തുന്ന തീ പോലും സാറിന്റെ മുമ്പിൽ ചെന്നാൽ ഒന്ന് ശമിക്കും.] '

# K. C. Chacko



'Last, but not the least' is not the exact phrase to put it; rather, 'last, but the foremost' would be apt, to start with Prof. K. C. Chacko. If you were to look up any piece of information on Prof. Chacko, you won't be able to miss the word 'saint' coming up each time, even if it was a single paragraph.

Prof. K. C. Chacko was an ailing man. He had contracted tuberculosis, while he was a lecturer at Madras Christian College, which resulted in development of cavities in both his lungs. He thus had to live a restricted life, till his end. But his faith in his God remained undaunted and so did his idea of starting an institution on the basis of Fellowship. Thus, the 'Saint' of Madras Christian College became the architect of Union Christian College and worked alongside his friends to make their plan a reality.

Prof. Chacko, as already mentioned, lived a semi-isolated life. He had a room at the top extreme corner of the North-East Hostel – and remained its warden till retirement – with a spacious balcony. 'I got in the way of often sitting with him on the balcony outside his room while he ate his evening meal, consisting, usually, of two huge bananas. Being a sufferer from tuberculosis – a common complaint in that humid, sultry climate – he had to live a semi-invalid life, though a very austere one. He always worked at a desk standing up to concentrate his attention the better', writes Malcolm Muggeridge , who served as the joint-warden of the Hostel, during his years as staff in UC College.

Many a time, students had to attend his Deduction classes at the Hostel itself, judging by the condition of his health. 'And just occasionally, the staff room was blessed by a rare visit from K. C. Chacko of blessed memory, but for whom there would have been no Union Christian College', writes a colleague . 'He [Prof. Chacko] was mostly confined to his room where he spent time in reading or meditation', is another reminiscence of an inmate of the North-East Hostel.

Though physically weak, Prof. Chacko found strength in his Master and worked tirelessly for the College. How? You may ask. One quality that can be pointed out would be Prof. Chacko's persuasive power. During its initial beginnings there was an urgency of setting up buildings, laboratories and hostels for the College and Prof. Chacko was in charge of securing contributions towards the same. Prof. Chacko wrote to his friends and former colleagues, to neighbouring churches and travelled to various centres of India for help. A news-sheet of the College, issued in 1924, sheds light on the donations received for the

cause of Union Christian College. It was with those funds that the hostels were set up and later on even the College Chapel in 1942. This is just one example of Prof. Chacko's perseverance .

Another characteristic of Prof. Chacko was that he took everything to prayer and meditated over the Word of God for guidance. Anyone who approached him for help in resolving their problems or for spiritual guidance would receive a 'prayer help', written by Prof. Chacko himself. They were made of appropriate verses from the Bible and brief prayers, all dealing with the central facts of Christian experience .

Here, I attempt to paint a portrait of Prof. Chacko through the writings of individuals who knew him:

'He was a man of great spiritual perception, with a high forehead, and a voice with a soft rich timbre, a sort of glow at the heart of it. '

'Every morning I could see from my hostel the seniormost Professor of the college in his dhothi, shirt, coat and umbrella and spectacles walking in measured steps to the college. His saintly, smiling and carefree face was a source of spiritual inspiration to everyone. I was told that this extraordinary person was Sri. K. C. Chacko, the genius behind every aspect of life in the College and the starting of the College itself.'

'The picture of his coming out of the Warden's room in the North East Hostel night after night with folded hands and a kindly smile on his benign face to take the roll-call, his solemn posture on the verandah outside the Warden's room on the first floor where he stood motionless for at least an hour every morning and evening meditating on the love of God, the spotlessly clean clothes that he always wore, his brisk walk to the college with an evident concentration on the things he had in his mind, the kindly graciousness with which lying on an easy chair he offered a seat near him to any student who came to meet him,... and many, many other things about his life were fondly enumerated at the many meetings held, in honour of him.'

'He has left behind an inspiring example and an exacting ideal for all those who came into close contact with him, especially for those who had the privilege of being his colleagues and for their successors in this place. His interests were by no means exclusively confined to this institution. Still, this College is the one outstanding, tangible and concrete memorial to his daring faith and long, devoted, labours in the cause of his Master', writes Prof. C. P. Mathew, in a letter, conveying the news of Prof. Chacko's demise. But as Prof. V. M. Ittiyerah rightfully said, 'It is doubtful whether the present inmates of Chacko Hostel know anything of this man of God who lived and prayed there for many years' .

# സ്വാതന്ത്ര്യത്തിന്റെ പുതിയ ആകാശങ്ങൾ

## ഗാന്ധിയുടെ യു.സി.കോളേജ് സന്ദർശനത്തിന്റെ 97 വർഷങ്ങൾ

**ഡോ: സജ്ജു മാത്യു**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം

ഭാരതം സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ പിന്നിടുമ്പോൾ ഗാന്ധിയൻ സമര മാതൃകകളും പ്രതിരോധങ്ങളും ശക്തമായി പൊതുജീവിതത്തിൽ തിരികെ വരികയാണ്. രാജ്യം അപകടകരമായ സാഹചര്യങ്ങളിൽ കൂടി കടന്നുപോകുമ്പോൾ നമ്മുടെ സിവിൽ സമൂഹം ഗാന്ധിയിലാണ് അഭയം തേടുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇന്ത്യയിൽ നടന്ന ജനകീയമുന്നേറ്റങ്ങളുടെ നടുവിൽ എല്ലാം ഗാന്ധിചിത്രങ്ങൾ ഉയർന്നു നിന്നിരുന്നു. പൗരത്വസമരം മുതൽ കെ. റെയിൽ പ്രക്ഷോഭങ്ങളിൽ വരെ ഗാന്ധിയുടെ ഉയിർത്തെഴുന്നേൽപ്പ് നമ്മൾ കണ്ടു.
ഇന്ത്യയിലെ ക്യാംപസുകളിൽ മുമ്പെങ്ങുമില്ലാത്ത വിധം ഗാന്ധിക്ക് സ്വീകാര്യത ലഭിച്ചതും സമീപകാലങ്ങളിലാണ്. നമ്മുടെ രാജ്യത്തെ ഏറ്റവും പ്രബുദ്ധമായ വിദ്യാഭ്യാസ കേന്ദ്രങ്ങളായ ജെ.എൻ.യു.വിലും ജാമിയ മില്ലിയയിലും വിദ്യാർത്ഥികൾ നടത്തിയ പ്രതിഷേധങ്ങൾ ഗാന്ധിയൻ സമരമുറകളുടെ പുതിയ ആവിഷ്കാരങ്ങളായിരുന്നു. അധികാരരൂപങ്ങളെ ഭയക്കാതെ മുന്നോട്ടു പോകുന്ന ക്യാംപസുകളിലെ സാധാരണവിദ്യാർത്ഥി മുതൽ രാജ്യത്തെ ദരിദ്ര കർഷകനിൽ വരെ ഗാന്ധിയുടെ തിരിച്ചുവരവ് കാണാം. അതിന്റെ പ്രതീക ഭാഷ (Symbolic Language) പുതിയ കാലത്തോട് ഫലപ്രദമായി സംവദിക്കുകയും ചെയ്യുന്നു.



സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കറൻസി നോട്ടുകളിലും അധികാരമുദ്രകളിലും ആയി തന്നെ ഗാന്ധിച്ചിത്രങ്ങൾ കൂടുതലും

ആലേഖനം ചെയ്യപ്പെട്ടിരുന്നത്. ഗാന്ധിയെ ഒരു ഭരണകൂടബിംബമാക്കി മാറ്റി നിശബ്ദമാക്കാനാണ് അധികാരി വർഗം എന്നും മത്സരിച്ചത്. പക്ഷേ അവർ അതിൽ പരാജയപ്പെടുന്ന കാഴ്ചയാണ് വർത്തമാനകാലസംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. അധികാരഗർവ്വുകൾക്കു മുന്നിൽ ധാർമികതയുടെ ഓർമപ്പെടുത്തലായി ഗാന്ധി ഒറ്റപ്പെട്ട തന്നെ ഇന്നും നിൽക്കുന്നു. ഗാന്ധിയുടെ അസാന്നിധ്യം സാന്നിധ്യമായി മാറുകയാണ്. മേധാപട്കർ മുതൽ അണ്ണാഹസാരെ വരെ നയിക്കുന്ന സമരമുഖങ്ങളിൽ ഗാന്ധി ജീവൽ സാന്നിധ്യമായി വളരുന്നു.

## ഗാന്ധിമാവ്: പ്രതീകവും പ്രതീക്ഷയും

ഗാന്ധിയുടെ സന്ദർശനംകൊണ്ട് സ്വാതന്ത്ര്യസമരചരിത്രത്തിൽ ഇടം നേടിയ ഒരു കലാലയമാണ് നമ്മുടേത്. 1925 മാർച്ച് 18നാണ് ഗാന്ധി യു.സി. കോളേജ് സന്ദർശിച്ചത്.  വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുന്ന സമരസേനാനികൾക്ക് അഭിവാദ്യം അർപ്പിക്കാൻ എത്തിയ ഗാന്ധിയെ യു.സി. കോളേജിലെ വിദ്യാർഥികളും ചില അധ്യാപകരും ചേർന്ന് കോളേജിലേക്ക് ക്ഷണിക്കുകയായിരുന്നു. കേരളത്തിലെ സ്വകാര്യമാനേജ്മെന്റ് സ്ഥാപനങ്ങൾ പലതും ബ്രിട്ടീഷ് ഭരണാധികാരികളെ ഭയന്ന് സ്വാതന്ത്ര്യ പ്രസ്ഥാനത്തോട് അകലം പാലിച്ച ഘട്ടത്തിലാണ് ഗാന്ധിക്ക് സ്വീകരണം നൽകി യു.സി. കോളേജ് മാതൃകയായത്. യു.സി. കോളേജിലെ പൂർവവിദ്യാർഥിയും ഗാന്ധിയനുമായ എം.പി. മന്മഥന്റെ ആത്മകഥയായ സ്മൃതിദർപ്പണത്തിൽ ഗാന്ധിയുടെ യു.സി. കോളേജ് സന്ദർശനത്തിന്റെ സമഗ്രചിത്രം വരച്ചുകാട്ടുന്നുണ്ട്. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ യു.സി. കോളേജ് സന്ദർശനത്തിനുശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞാണ് ഗാന്ധിയുടെ കടന്നുവരവ് സംഭവിക്കുന്നത്.







ആമുഖമായി ടാഗോറിന്റെ സന്ദർശനത്തെക്കുറിച്ച് വിദ്യാർഥികളെ ഓർമപ്പെടുത്തിക്കൊണ്ടാണ് ഗാന്ധിയുടെ യു.സി. കോളേജിലെ പ്രസംഗം തുടങ്ങിയത്. ""ജീവിതത്തിന്റെ കവിത സ്ഥിതി ചെയ്യുന്നത് അധ്വാനത്തിലാണ്"" എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഖദർ വസ്ത്രങ്ങൾ ധരിക്കേണ്ടതിന്റെ ആവശ്യ

കത വിദ്യാർഥികളെ ബോധ്യപ്പെടുത്താനും തന്റെ പ്രസംഗത്തിലൂടെ ഗാന്ധിക്കു കഴിഞ്ഞു. പ്രസംഗത്തിന് ശേഷം കോളേജിന്റെ തിരുമുറ്റത്ത് അദ്ദേഹം ഒരു മാവ് നട്ടു. ആ മാവിനെ പരിപാലിക്കേണ്ടതിന്റെ ചുമതല വിദ്യാർഥികളെ ഏല്പിച്ചു. മടങ്ങിപോകുന്നതിന് മുമ്പ് കോളേജിലെ സന്ദർശകഡയറിയിൽ "Delighted with the ideal situation" എന്ന പ്രസക്തവാക്യം എഴുതാനും അദ്ദേഹം മറന്നില്ല. ഗാന്ധി അന്നു നട്ട മാവും ഡയറിയിലെ വരികളും യു.സി. യിലെ ഗാന്ധിയൻ സാന്നിധ്യത്തിന്റെ മുദ്രകളായി ഇന്നും നിലകൊള്ളുന്നു.

### ഒരു ഖദർമാലയുടെ കഥ

പിന്നീട് ഒരു തവണ കൂടി ഗാന്ധി ആലുവയിൽ വന്നിരുന്നു. 1937ലാണ് ആ സന്ദർശനം നടന്നത്. ആ പ്രാവശ്യം അദ്ദേഹം യു.സി. കോളേജിൽ വന്നില്ല. ഹരിജനോദ്ധാരണപ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ എത്തിയ ഗാന്ധിജിക്ക് ആലുവ മണപ്പുറത്ത് വമ്പിച്ച സ്വീകരണം ഒരുക്കിയിരുന്നു. ആ പരിപാടികളുടെ ചുമതല വഹിച്ചവരിൽ യു.സി. കോളേജിലെ അധ്യാപകരും വിദ്യാർഥികളും ഉണ്ടായിരുന്നു.

അന്നത്തെ പ്രിൻസിപ്പലായിരുന്ന പ്രൊഫ. എ.എം. വർക്കി, അധ്യാപകരായ ടി.പി. രാമാനുജം, വി.എം. ഇട്ടിയവിര, സി.പി. മാത്യു, വിദ്യാർഥികളായിരുന്ന എം.പി. മന്മഥൻ, പനമ്പിള്ളി രാഘവൻപിള്ള എന്നിവരുടെ നേതൃത്വത്തിലാണ് ഗാന്ധിയെ മണപ്പുറത്ത് സ്വീകരിച്ചത്. ഗാന്ധിയുടെ പ്രസംഗം അന്ന് തർജമ ചെയ്തത് മലയാളവിഭാഗത്തിലെ പ്രൊഫ. ഡി.പി. ഉണ്ണി ആയിരുന്നു. യു.സി. കോളേജിന് സമീപം സെറ്റിൽമെന്റ് കോളനിയിൽ താമസിച്ചിരുന്ന കാർത്യായനി എന്ന 11 വയസുകാരിയായ ബാലികയാണ് ഗാന്ധിയെ ഖദർമാല അണിയിച്ചത്. ഗാന്ധി ആ കുട്ടിയെ അനുഗ്രഹിക്കുകയും അവളോട് വിവരങ്ങൾ ചോദിച്ച് അറിയുകയും ചെയ്തു. പിന്നീട് ആ ബാലികയാണ് ഗാന്ധി കാർത്യായനി എന്ന പേരിൽ അറിയപ്പെട്ടത്. 2013–ൽ വിട പറയുന്ന ദിവസം വരെയും മഹാത്മാവിന്റെ സന്ദർശനസ്മരണകൾ ആ അമ്മ എല്ലാവരോടും പങ്കുവെച്ചിരുന്നു.

### ഭാവിയുടെ ദിശാസൂചി

യു.സി. കോളേജ് 100 വർഷങ്ങൾ പിന്നിട്ട് പുതിയ കാലത്തിലേക്ക് പ്രവേശിക്കുമ്പോൾ ഗാന്ധിമാവ് ഒരു പ്രതീകവും പ്രതീക്ഷയുമായിട്ടാണ് നിലകൊള്ളുന്നത്. ഭാവിയിലെ സമരപോരാട്ടങ്ങൾക്കും രാഷ്ട്രീയബോധ്യങ്ങൾക്കും ആ മാവ് ഒരു പ്രചോദനമാകാം. ഗാന്ധിയുടെ സത്യാന്വേഷണങ്ങൾ പുതിയ തലമുറ ഏറ്റെടുക്കേണ്ടതിന്റെ അനിവാര്യതയും ഗാന്ധിമാവ് നമ്മെ ഓർമപ്പെടുത്തുന്നു. പച്ചപ്പും തണലും അന്യമാകുന്ന പുതിയ കാലത്ത് ആ മാവിനെ സംരക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും നിയോഗമാണ്.




യു.സി.

# पुस्तक समीक्षा

## अग्नि की उड़ान ( Wings of Fire )

डॉ. ए.पी.जे. अब्दुलकलाम

'विंग्स ऑफ फायर' भारत के भूतपूर्व राष्ट्रपति डॉ. ए.पी.जे. अब्दुलकलाम के द्वारा लिखित है। यह पुस्तक एक आम आदमी को एक तकनीकी विशेषज्ञ बनाने में योगदान दे सकती है। यह उनकी आत्मकथा है। इसमें डॉ. ए.पी.जे. अब्दुलकलाम ने अपनी वैज्ञानिक और अंतरिक्ष कार्यक्रम में होनेवाली तकनीकी और राजनीतिक चुनौतियों के बारे में बताया है और इसके बीच में किस तरह उन्होंने संतुलन बैठाया, इसके बारे में पूरी जानकारी दी गई है। साथ ही यह उपन्यास भारत के हिन्दू – मुस्लिम भाईयों के बीच की एकता का परिचय भी देता है।

यह पुस्तक किस तरह एक आम व्यक्ति अपनी सभी कठिनाइयों की सामना करते हुए एक विशिष्ट एवं श्रेष्ठ तकनीकी विशेषज्ञ बनने की कहानी है। इसमें कलाम की ज़िंदगी, उनके अनुभवों और जीवन के विवरणों के बारे में बताता है। यह पढ़कर हम प्रेरित हो सकते है और एक सही मार्गदर्शन प्राप्त कर सकते हैं।

कलाम ने अपनी ज़िंदगी में ऐसा क्या किया है कि वह इतने बड़े व्यक्ति बन गए और 'अपने आप को सफल एवं एक अच्छा इंसान बनाने केलिए' हमें क्या करना चाहिए जैसे सभी चीज़ों को इस पुस्तक के ज़रिए हम ग़ौर से देख सकते हैं, समझ सकते हैं।। पहले खंड में उनके प्रारंभिक यानी कि शुरुआती जीवन से तालुकात रखता है। दूसरा हिस्सा कलाम के आगे की शिक्षा और कार्य – अनुभव संबंधित है। तीसरे में 1980 से 1981 तक के वर्षों का वर्णन किया गया है। अंतिम खंड बाद के वर्षों से जुड़ा हुआ है, जहाँ कलाम के पुरस्कारों की श्रृखंला उनके विचार और गौरवशाली भारत केलिए उनके दृष्टिकोण से सम्मानित किया जाता है।



पुस्तक सरल अंग्रेज़ी में है। ऐसा लगता है कि जैसे लेखक, पाठक से बात करते है। अगर आप किसी एक ऐसी पुस्तक की तलाश कर रहे है जो आपको आपके भविष्य में एक सही मार्ग दिखाए तब हम यह 'विंग्स ऑफ फायर' पढ़ सकते है और उम्मीद करती हूँ कि आपको आपकी ज़रूरत की सारी चीज़ें इस पुस्तक के अंदर मिलेंगी।

Mithra Ashtamoorthy
B.Sc. Psychology

## हाइडी ( Heidi )

जोहाना स्पाइरी

सुप्रसिद्ध स्विस लेखिका, जोहाना स्पाइरी द्वारा लिखा गया बाल – साहित्य है 'हाइडी'। यह उनकी एक उल्लेखनीय कृति है। जोहाना स्पाइरी का जन्म सन् 1827 जून 12 को स्विट्ज़रलैंड में हुआ। एक मानवतावादी के रूप में स्पाइरी बाल – कल्याण से संबंधित रहीं, जो उनकी अधिकांश कृतियों में देखा जा

सकता है। स्पाइरी ने समाज को यह समझाने की कोशिश की कि 'बचपन' एक महत्वपूर्ण और आवश्यक विकासात्मक अवस्था है जिसमें प्रोत्साहन प्रदान करना बेहद ज़रूरी है।

'हाइडी' सन् 1880 में प्रकाशित हुई ती। इसके मुख्य पात्र है – हाइडी, टोबियास, अडलहैड़ (हाइडी के माँ – बाप), दादाजी, डेटा, पीटर, पीटर की नानी, पीटर की माँ, क्लारा, क्लारा की दादी, क्लारा के पापा, डॉक्टर, सेबास्ट्यन आदि। हाइडी एक पाँच साल की बच्ची है। उस बिन माँ – बाप की बच्ची का पालन उसकी मौसी, डेटा कर रही थी। एक बेहतर नौकरी मिलने पर डेटा को हाइडी एक बोझ लगने लगी। वह हाइडी को एल्प्स पर्वत पर उसके दादाजी के पास ज़बरदस्ती छोड़ गई। हाइडी वहाँ खुशी से जीने लगी। वहाँ के अजपालक, पीटर से उसकी दोस्ती हो गई। पीटर के घरवालों से खासकर नानी से उसे बहुत लगाव हो गया। वहाँ के पादरी के कहने पर भी दादाजी ने हाइडी को पढ़ने नहीं भेजा। हाइडी दिन भर पीटर और बकरियों के साथ ऊँचे पहाड़ों पर समय बिताती थी।

तीन साल बाद, अचानक एक दिन डेटा वहाँ आकर हाइडी को ज़बरदस्ती फ्रैंकफर्ट ले गयी। वहाँ बारह साल की क्लारा नामक एक लड़की थी जो चल नहीं सकती थी। उसका साथ देने केलिए हाइडी को लाया गया था। क्लारा की देखभाल करनेवाली संरक्षिका को हाइडी पसंद नहीं आयी। पर क्लारा और उसके पापा के कहने पर हाइडी को वहाँ रखने केलिए वह मजबूर हो गयी। क्लारा की दादी को भी हाइडी अच्छी लगी। दादी के कहने पर उसने प्रार्थना करना और पढ़ना – लिखना शुरु किया। पर हाइडी अपने घर से दूर होकर बहुत ज़्यादा दुखी थी। इसी वजह से उसकी तबीयत बिगड़ने लगी और वह रात को नींद में चलने लगी। डॉक्टर के कहने पर क्लारा के पापा ने उसे बहुत सारे तोहफ़े, ज़रूरी चीज़ें, बैंक चेक और दादाजी केलिए एक चिट्ठी देकर उसे वापस घर भेज दिया। वहाँ का नौकर सेबास्ट्यन उसके साथ उसे छोड़ने गया।

हाइडी घर वापस आकर खुश हुई। दादाजी, पीटर की नानी, पीटर की माँ और पीटर खुश हुए। बहुत समय के बाद डॉक्टर वहाँ रहने आ गये। अपनी बेटी की मौत के बाद डॉक्टर बहुत उदास थे। लेकिन उस पर्वत पर आकर उसमें सुधार आ गया। कुछ दिनों के बाद वह वापस चले गये लेकिन हाइडी से बिछुड़ना उसे भारी लगा। कुछ महीनों के बाद क्लारा अपने पापा और दादी के साथ वहाँ आ गई। क्लारा वहाँ महीनों तक रुकी। वहाँ का वातावरण, स्वच्छ हवा, बकरियों के दूध और दादाजी का बनाया हुआ स्वादिष्ट खाना सब मिलकर क्लारा की तबीयत में काफ़ी सुधार आया। धीरे – धीरे वह दूसरों का हाथ पकड़कर चलने लगी। उसकी सेहत में आये इस सुधार को देखकर उसकी दादी और पापा बहुत खुश हुए। उन्होंने सबको बहुत सारे तोहफ़े दिये। उन्होंने दादाजी से कहा कि उनके मौत के बाद भी हाइडी अकेली नहीं पड़ेगी क्योंकि डॉक्टर अपना सारा धंधा छोड़कर हमेशा केलिए पर्वत पर रहने केलिए आ रहे हैं। उन्होंने यह भी कहा कि हाइडी उनके परिवार का हिस्सा है। कहानी के अंत में पीटर और हाइडी, पीटर के घर में नानी और माँ के साथ खुशी से समय बिताती हैं।

यह कहानी पढ़कर हमें ऐसा लगता है कि इसका हर पात्र वास्तविक हैं। मानविकता की वास्तविक छवि इसमें चित्रित की गई हैं। कहानी के वर्णनात्मक गुण बहुत स्पष्ट है। इसे पढ़ते समय हम इसके अलग – अलग वातावरण को महसूस कर सकते हैं। लेखिका की भाषा शैली अत्यंत संवेदनशील है।




Krishnanjana .S
B.Sc. Physics

## 'इफ़ टुमॉरो कम्स' ( If Tomorrow Comes )

सिडनी शेल्डन

'इफ़ टुमॉरो कम्स्' एक प्रसिद्ध उपन्यास है जो विश्वप्रसिद्ध लेखक सिडनी शेल्डन द्वारा रचित है। सिडनी शेल्डन एक अमेरिकी लेखक , नाटककार एवं उपन्यासकार है जिनका जन्म 11 फरवरी 1917 को शिकागो के इलिनोइज़ में हुआ। जब सिडनी दस साल के थे तो उन्होंने अपनी कविता को दस डॉलर में बेच दिया और इससे अपनी पहली बिक्री बना ली। उन्होंने अपनी स्कूली शिक्षा डेनवर ईस्ट हाईस्कूल में पूरा किया और स्नातक की पढ़ाई केलिए वे नार्थवेस्टर्न यूनिवर्सिटी में गये थे। वहाँ सिडनी शेल्डन ने अपने लघु नाटकों से अपनी प्रतिभा का प्रदर्शन किया। उनका पहला उपन्यास 'द नेकेड  फेस' था जो 1969 में प्रकाशित हुआ। उनकी दूसरी पुस्तक 'द अदर साइड ऑफ मिडनाइट' है जो 1973 में प्रकाशित हुई थी। यह पुस्तक 'द न्यूयॉर्क टाइम्स बेस्ट सेलर' थी। शेल्डन लगभग 18 उपन्यास , 200 टीवी स्क्रिप्ट और 25 प्रमुख फिल्मों के लिए पठकथा – लेखक रहे हैं। शेल्डन की मृत्यु 30 जनवरी 2007 को निमोनिया के कारण हुई थी।

'इफ टुमॉरो कम्स' 1986 में प्रकाशित हुई थी। इस पुस्तक को तीन भागों में विभाजित किया है। यह उपन्यास एक रोमांच भरी कहानी को पाठकों के सामने रखती है। यह कहानी वास्तविक जीवन के अनुभव और सबसे उज्ज्वल क्षणों का प्रतिनिधित्व करती है जिसका लोग केवल सपना ही देख सकते हैं। यह उपन्यास जीवन की अच्छाई एवं बुराई , दोनों का वर्णन करती है। इस उपन्यास की कहानी एक साधारण बैंक – कर्मचारी ट्रेसी विटनी की है जो अपनी ज़िंदगी में खुशी और सफलता की कगार पर खड़ी है। उनको अपना हमसफ़र मिल गया था और वह आदमी अमीर एवं समाज के उच्च वर्ग का प्रतिनिधि था। लेकिन ट्रेसी की खुशी अधिक देर के लिए नहीं टिकी। अचानक उनका जीवन भयावह और बेतुकी परिस्थितियों से भर जाता है और सारी खुशियाँ धूल में परिवर्तित हो जाती है। ट्रेसी की माँ डोरिस विटनी , रोमानो नामक एक ठग द्वारा धोखा पाने पर आत्महत्या कर लेती है और इसी घटना से ट्रेसी के जीवन में अंधकार छा जाता है। रोमानो उस शहर के एक माफिया का हिस्सा है जिसके नेता का नाम ओरसट्टी है। ट्रेसी बदला लेने के लिए उस आदमी को मिलने जाती है लेकिन वह एक बहुत गहरे जाल में फंस जाती है। ट्रेसी विटनी के नाम पर एक तस्वीर चोरी करने का आरोप ओरसट्टी द्वारा लगाया गया था। ट्रेसी का वकील ट्रेसी से यह जुर्म कबूल करने के लिए कहता है। ट्रेसी ने वकील के कहे अनुसार किया। लेकिन बाद में ट्रेसी को यह पता चल जाता है कि उनका वकील भी ओरसट्टी का ही आदमी है। यहाँ से उपन्यास एक नया मोड़ लेता है।




उपन्यास में एक ऐसी कहानी है जो प्यार , बदला , विश्वासघात से भरपूर है। यह उपन्यास एक बेहतरीन थ्रिलर है। अंत में यह रचना सभी पाठक को अवाक् कर देती है। इसमें ट्रेसी विटनी की बदला लेने की कहानी है। इस पुस्तक की भाषा अत्यधिक प्रभावशाली है और पाठकों को कई नए शब्दों का परिचय देती है। पुस्तक को पूरा पढ़े बगैर पाठक उसे नीचे नहीं रख पाएँगे। उतना ज़्यादा रोचक अनुभव यह उपन्यास प्रदान करता है।

Navaneetha Bala
B.Sc. Psychology

"അല്ലേലും നീ എന്തിനാ ജോലിക്ക് പോണേ..
പിള്ളേർടെ കാര്യം ഒക്കെ നോക്കാൻ
അമ്മക്ക് ഒറ്റക്ക് ആവൂല.. പ്രായം ആയ സ്ത്രീ അല്ലേ..
നിനക്ക് എടക്ക് കൊച്ചു കറങ്ങലും വരക്കാൻ ഉള്ള
സ്വാതന്ത്ര്യം ഒക്കെ ഞാൻ തന്നില്ലേ.....
ആരേലും ഒരാൾ അഡ്ജസ്റ്റ് ചെയ്യാതെ
ജീവിതം മുന്നോട്ട് പോവില്ല..
നിനക്കാവുമ്പ പിന്നെ എളുപ്പല്ലേ.."



"ഇതെന്നോടാ എന്തൊക്കെയും നല്ലത്...ങ്ങടെ വീട്ടിൽ
പെൺകുട്ടിയോൾ ജോലിക്ക് പോയി സമ്പാദിച്ചു
കഴിക്കേണ്ട ദുരവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല...
അപ്പൊഴത്തെ ബാക്കി കാര്യങ്ങൾ ഒക്കെ..
ന്റെ മോൻ ഐ.ഐ.റ്റി എഞ്ചിനീയർ ആണേ."



"അമ്മാ.. വലുതായി അമ്മേനെ പോലെ
പോലീസ് ആവുമ്പ ഞാൻ വീട്
നെറയെ ചോക്കലേറ്റ് മേടിച്ചു
നെറക്കൂലോ.... അല്ല ഡോക്ടർ ആയാലോ..
അപ്പ എനിച്ച് കോഴൽ ഒക്കെ
വച്ച് പനി വരുമ്പ മധുരമുള്ള
മിട്ടായി കൊടുക്കാലോ എന്റെ ഫ്രണ്ട്സിന്.."



"അല്ല.. ഇനി എന്ത് ചെയ്യാനാ ചിന്തേ..
എൻട്രൻസിന് തോറ്റ് തുന്നം
പാടി ഡിഗ്രി എടുത്തു.. ഇനി എന്താ ഭാവം..
ജോലിക്കും കൂലിക്കും പോകാതെ
ഇങ്ങനെ ഇവിടെ അട
ഇരിക്കാന്ന് വിചാരിക്കണ്ടാട്ടൊ...
ഒരു മൂന്ന് കൊല്ലം കൂടി കാക്കും..
പിന്നെ ഞങ്ങൾ തീരുമാനിക്കും..
എന്ത് ചെയ്യണം എന്ന്.."



"എനിക്ക് ഒരു പൈലറ്റ് ആയ
മതി അച്ഛാ... ആകാശത്തോളം പറന്ന്
അങ്ങനെ ഉയരണം......"




" മടുത്തു.... ഇനി അതിനൊന്നുമില്ല
പോകാനൊന്നും വയ്യ ഇന്റർവ്യൂന്നും പറഞ്ഞ്...
അമ്മ അന്നേ പറഞ്ഞതാ പി എസ് സി പഠിത്തം
തുടങ്ങാൻ.. കേട്ടില്ല..
കൂടെ ഉള്ളവർക്കെല്ലാം ജോലി ആയി..."
"പത്താം ക്ലാസിൽ നല്ല മാർക്ക് ഉണ്ടല്ലോ മോൾക്ക്...
ഇപ്പോ ആശ്വാസായില്ലേ... ഇനി ഇപ്പോ സയൻസ്
എടുത്ത് മെഡിസിന് വിടാനാവുമല്ലോ കരുതണേ.. "
"എടോ.. മോളെക്കൊണ്ട് ഈ പി.എസ്. സി. ഒന്നും
പറ്റുമെന്ന് തോന്നണില്ല.. അവളുടെ കൂട്ടത്തിൽ ഉള്ള
എല്ലാവർക്കും ജോലിയും കുടുംബവും ഒക്കെ ആയി..
അവളെ ഞാൻ പറഞ്ഞു മനസ്സിലാക്കാം..
പെൺകുട്ടിയോൾ ഒരുപാട് നാൾ വീട്ടിൽ
ഇങ്ങനെ ഇരിക്കരുതെന്നാ കാർന്നോന്മാര് പറയാ...
മുക്ക് ശങ്കരന്റെ മോന്റെ ആ ആലോചന അങ്ങ്
നടത്തിയാലോ...നല്ല കുടുംബം."
"അമ്മോ.. എനിക്ക് ഒരു നല്ല ആക്ടർ
ആയ മിമിക്രിയറ്റർ ആക്കീട്ട്
പഠിക്കണം എനിക്ക്...
ഒരുപാട് എഴുതണം...
ഒരുപാട് വായിക്കണം..."

# സർവ്വം ശുഭം




മിനുസമുള്ള മുടിയും, വർണ്ണങ്ങൾ
നിറഞ്ഞ ഉടുപ്പുകളും ഉള്ള പാവകൾ
കൊണ്ടും കിച്ചൻ സെറ്റുകൾ കൊണ്ടും
കളിച്ചിരുന്ന അവളുടെ
കൂട്ടുകാർക്കിടയിൽ കൂർത്ത കൈയുള്ള
ജെ. സി. ബി."യുമായി എത്തിയ
അവൾ ഒരു കൗതുകമായിരുന്നു.
അവരുടെ നോട്ടങ്ങളും ചോദ്യങ്ങളും
പക്ഷേ അവളെ അലട്ടിയിരുന്നില്ല; ആ
കളിപ്പാട്ടം അധികം വൈകാതെ
അവൾക്ക് പ്രിയപ്പെട്ടതായി മാറി...



# FUTURE OF

BASIL ELDHOSE
BA ECONOMICS

Futurism has been in and will be in trend till the end of humanity itself. We will always be looking forward to the advancements of the future from our harsher present day. While drowning in the Scientific possibilities of tomorrow, the populace forgets to think about the detailed application and impact of such projects. Here we present a simplified idea on how Automation will affect the future society.

Automation is a term for technology applications where human input is minimized. This includes business process automation (BPA), IT automation, personal applications such as home automation and more.

The demand for workflow automation processes is expected to spike to $26 billion by 2025, up from less than $5 billion in 2018. More than 25% of companies use automation in their hiring process, and by 2022, 70% of customer service interactions will leverage some sort of AI automation technology. In fact, automated machines are expected to replace almost half of the global workforce. Multiple industries, from manufacturing to banking, are adopting automation to drive productivity, safety, profitability, and quality. Automation will bolster connectivity and reliability in a hyper-competitive ecosystem. Packaging, Agriculture, Finance, Healthcare, Manufacturing, Transportation are some industry that will get impacted by automation.

As per economist belief, introducing automation will be worser in economies using labour intensive technologies and it is much better in capital intensive technology using economy. But those belief have become underrated and come to the understanding that the results are likely to be same in every capitalist economy.

The 20th century has seen a lot of reforms which leads to the develop-





ment of that particular economy. Among them, the capitalism which rose up as a result of the industrialisation and laissez-faire lead to the thought of automation. The major feature of the capitalist economy is that it has only less government intervention. In general, the corporates need to depend on the employees to produce things and employers to get the income . When robotic machinaries are used ,this relations get damaged since machinaries have more advantage than the human labourers.

With this comes replacement, that means unemployment for millions. This results in decrease in the income level that leads to decrease in purchasing power and and there by further deepening social inequality and poverty.

The World Economic Forum concluded in a recent report that, "a new generation of smart machines, fueled by rapid advances in artificial intelligence (AI) and robotics, could potentially replace a large proportion of existing human jobs. Currently, approximately 30% of all tasks are done by machines. The organization sites that the automation will supplant about 85 million jobs by 2025. Numbers vary as some are expecting huge layoffs while some economists are still skeptical.

But chances of new jobs opening up as time progresses is probable. An optimistic prediction is that tech driven work culture might generate 80+ million jobs in the future.

""While some new jobs would be created as in the past, the concern is there may not be enough of these to go round, particularly as the cost of smart machines falls over time and their capabilities increase."

-WEF

# AUTOMATION





Automation is definitely not a new thing and human society's development was heavily based on the fact that we could deviate ourselves from labor intensive works to easier technological driven jobs. So some jobs are bound to go obsolete and replaced with better ones, right? Heck we used to have Human Alarm clocks who knocked on people's window to wake people up for work!

With increase in production and distribution, the economy might as well grow at a faster. It's a trend when any field becomes obsolete, companies start investing in other fields as the priorities can be shifted. Plus the automated system can provide new opportunities for tech suppliers and a whole new field. Optimistic yet since 1930s Job creation has declined in most countries. The high rate of population growth adds fuel to this problem by increasing the number of individuals in the workforce to be employed.

Google, one of the largest companies ever to exist which stretches across the globe currently only has 135,000 employees. That's all the men the need on the deck. Similar multinational companies could drastically change their workforce with the rise of sophisticated AI and Bots which can perform complex tasks almost Brilliantly.

Even if the new jobs are created from the innovations of technology, the underlying problem of wealth distribution doesn't change. From the last forty years of economic growth, the income of an average (American) citizen hasn't seen a visible increase. The swap to Automation would increase productivity and therefore increase profits. Yet the profits would keep flowing into the already wealthy top 1% of society. This would tip the already extremely tipped balance to the wealthy class, wounding the financial situation of millions of Average citizens and shrink the middle class considerably.



About 9.2% of the world, or 689 million people, live in extreme poverty on less than $1.90 a day, according to the World Bank. Even though modern technology and development in society itself has created a trampoline to help mil-

lions jump out of extreme poverty, there still exists way more work to be done. COVID-19 has pushed 97 million back into extreme poverty. With all that is happening in the world, more and more calamities are coming.

How much of help can machines be?

Can it create the socialist utopian great thinkers like Marx and Engels envisioned? Or is it a failed dream that would be impossible to ever achieve? Will it become the cornerstone for the end of humanity.How can we confirm it to benefit society as a whole? Here's another take on Automation. I can't say we're unbiased but we will strive for objectivity and provide all what we found.

We talked about what Automation is, what it could do to society and brought up the mild possibility of dystopian future. Such a paradigm shifting insertion of technology are bound to bring up problems in the masses, specifically the middle class and those living under the poverty line. Most individuals belonging to these classes usually work in industries that can increase productivity with Automation. So it's natural for them to be afraid of them being replaced. And how can this negative impact on society's lower levels be avoided?



Well we did bring up the probability of new jobs popping up before, but theorists have introduced rather radical ideas.

In the ancient times, our work was our survival. A life dedicated to surviving on to the next day. Later on the idea of living evolved and so did work. After a long while came the industrial revolution which entirely changed the working conditions of humanity all across the world. Exploitation lead to the creation of ideologies based on social welfare rather than individual growth which lead to the less harsher conditions of work we have relative to the earlier times. And I said relative. We still have long working hours in many parts of the world with unsafe working conditions.

While inflation drive the prices up, unemployment remains to grow. After spending thousands of dollars on your education, most of you would probably have to go on to work for a fast food chain or a tech company that barely pays you. Job dissatisfaction are at their highest in countries like India, Mexico, USA, etc. We still work to survive and most of the time survival matters more than passion in underprivileged communities.

Work is harsh and you are replaceable.

Technology lives to make human life easier and comfortable. And theorists commit to the idea of the disruption of this toxic relationship with work culture with Automation.

Alexandria Ocasio-Cortez, a Democratic Socialist told an audience at the South by Southwest conference in 2019 that "we should be excited about automation and the reason we're not excited by it is because we live in a society where if you don't have a job, you are left to die. And that is, at its core, our problem."

What! Eradicate Work! What are you crazy!

OMG ARE YOU PLANNING TO BUILD A COMMUNIST DICTATORSHIP REEEEEEE!!!!

Yeah i expected that. Yes it's radical but as everything in theory when it comes out of paper into the real world it will be conformed in a way for practicality. So the eradication of working and pushing humanity into a souless, mindless dystopia is not what I'm saying. Just like working conditions improved from 1800s, this is the next step. A next step to a possible better future.



As said , more sophisticated machines come into action productivity will drastically increase and the maintaining cost won't stand that much infront of much less efficient human counterparts. Thus eliminating many hard labour that most people from the lower rungs of society utilise to survive. Rather than pushing them out into streets, social welfare board policies like universal basic income, free education, free healthcare, etc which are basically funded by these hyperproductive automated industries could bring about the change we all wished for. Everyone will possibly have the opportunity to pursue what they really are passionate about without being worried about falling into the deep pit of poverty.

For replacing a system that is based off on maximizing profit for the upper rungs and letting everyone else dig their head down into the dirt below, automation maybe be exactly what we need. UBI can further remove the toxic work relationship between executives and employees and push forward the rising start-up culture driving

innovation. Not just technological advancements, previously "unprofitable" cultural fields may finally get their deserved attention bringing cultural revolution similar to that of the Renaissance. Imagine the number of brilliant directors we lost because they couldn't pay the plane ticket to Hollywood! Imagine the number of genius physicists we lost because they couldn't pay the tution fee! Imagine the number of brilliant artists we lost just because they couldn't pay for rent!

As these are just theories and possibilities we might never see such radical changes. The practicality of this kind of system can be debatable as these socio-economic processes tend to be intertwined with many other factors that can complicate things. But even if robots take over your eel farming industry or not, social welfare programs like UBI will be inevitable if we make the right choices.

Just like working conditions improved from 1800s, this is the next step. A next step to a possible better system. The future doesn't exist, the only thing you can do is to conform the present to be something different. It's inevitable.




വേ...
കേ...
K-Rail

എങ്ങോട്ടു പോകുന്നു ഹേ
ഇത്ര വേഗത്തിലിത്ര തിടുക്കത്തിൽ..
തണ്ണീർത്തടങ്ങളെ പിന്നിട്ട്
തെങ്ങിൻ നിരകളെപ്പിന്നിട്ട്
കണ്ടലും കാവും കുളങ്ങളും പിന്നിട്ട്
സഹ്യനെക്കുത്തി മറിച്ചിട്ട്
പമ്പയെപ്പേരാറിനെ വഴിമുട്ടിച്ച്
പൊട്ടിത്തെറിക്കാതിരിക്കാൻ ശ്രമിക്കുന്ന
മുല്ലപ്പെരിയാർ ജലബോംബ് പിന്നിട്ട്
ദുർഗന്ധമാലിന്യകേദാരമായ്ത്തീർന്ന
നല്ല നഗരത്തെരുവുകൾ പിന്നിട്ട്,
ശ്വാസത്തിനായിപ്പിടയും ഭയാകുല -
മാശുപത്രി കെട്ടിടങ്ങളെ  പിന്നിട്ട്,
ക്രുദ്ധവികസനോൽക്കർഷം കിടപ്പിടം
നഷ്ടപ്പെടുത്തിയ മൂലകൾ പിന്നിട്ട്
കുട്ടികൾ നിത്യം മരിക്കും വനവാസി
യൂരുകൾതൻ ശപ്തനേത്രങ്ങൾ പിന്നിട്ട്
മൂത്രമൊഴിക്കുവാൻ മുട്ടും വഴിയോര
കാത്തിരിപ്പിൻ കൊച്ചുകേന്ദ്രങ്ങൾ പിന്നിട്ട്,
തീവ്രദാരിദ്ര്യക്കണക്കു കൂട്ടും സർവേ
കല്ലുകൾ, പദ്ധതിക്കല്ലുകൾ പിന്നിട്ട്,
എങ്ങോട്ടു പായുന്നു ഹേ
ഇത്ര വേഗത്തിലിത്ര തിടുക്കത്തിൽ..
എന്തെടുക്കാ, നെന്തു കൊണ്ടുപോരാൻ
ഹേ ..
കേ ..?

റഫീക്ക് അഹമ്മദ്




JCB



അങ്ങനെ ഒരു ദിവസം
കളിച്ചുകൊണ്ടിരിക്കുന്നതിന്റെ
ഇടയിൽ മുറ്റത്തേക്ക് നോക്കിയ
അവൾ കണ്ടു, ഒരു വലിയ
ആൾക്കൂട്ടത്തിന്റെ ഇടയിൽ തന്റെ
കളിപ്പാട്ടത്തിനേക്കാൾ ആയിരം
മടങ്ങ് വലിപ്പമുള്ള ഒരു ജെ.സി.ബി.
അവൾ ചാടിയെഴുന്നേറ്റ്
മുറ്റത്തേക്കോടി കൗതുകത്തോടെ
അതിനടുത്തേക്ക് ചെന്നു.
തൊടാനോങ്ങിയപ്പോൾ അതിന്റെ
എഞ്ചിൻ ഭീകരമായ
മുരൾച്ചയോടെ ജീവൻ വെച്ചു.
അതിന്റെ ഇരമ്പലും ഭീമമായ
കൂർത്ത തുമ്പിക്കൈയും അവളെ
ഭയപ്പെടുത്തി. അവൾ ഞെട്ടി
പിന്നോട്ട് നീങ്ങി...



ഇന്ത്യ, ഏകദേശം 130
കോടിയോളം ജനങ്ങൾ ജി
വിക്കുന്ന ഒരു മതേതരരാജ്യം.
മതേതരത്വം കടലാസിൽ മാത്ര
മൊതുങ്ങുന്ന ഈ കാലത്ത്
ഇന്ത്യയിൽ സന്തോഷിക്കുന്ന
പൗരന്മാരുണ്ടോ? ചോദ്യമാണ്,
പരോക്ഷമായി ഒരു ഭരണകർ
ത്താവും ഉത്തരം പറയാൻ മടി
ക്കുന്ന ചോദ്യം. പ്രത്യേകിച്ചും
ലോകം സമാധാനത്തിനുള്ള
നോൾ പുരസ്കാരം നൽകി
ആദരിച്ച ഇന്ത്യൻ ഭരണാധികാ
രിക്ക്.

ഒരു നേരത്തെ വിശപ്പടക്കാൻ
കുരുന്നുകൾ തെരുവിൽ അലയു
മ്പോൾ, 2030 ൽ ഇന്ത്യ പട്ടിണി
രഹിതമാകുമെന്ന് പറയുന്ന ഭര
ണാധികാരി. സ്വന്തം രാജ്യത്തെ
പൗരന്മാരുടെ കുടിലുകൾ വെള്ള
ത്തുണികൾകൊണ്ട് മറച്ചുപിടിച്ച
അതിഥികളെ ഗുജറാത്തിൽ വര
വേറ്റ ശേഷം അതേ സ്റ്റേജിൽ
അയാൾ പറയുന്നു ഇന്ത്യ വിക
സനക്കുതിപ്പിലാണെന്ന് ജി.ഡി.
പി. റേറ്റ് മൂക്ക് കുത്തി വീഴുമ്പോൾ
അയാൾ നെഹ്റുവിനെയാണ്
പഴി ചാരുന്നത്. ആരെയാണ്
നിങ്ങൾ വിഡ്ഢികളാക്കുന്നത്.

ഇതെല്ലാം ഇന്നിന്റെ നേർക്കാഴ്ച
കൾ മാത്രം, വെറുപ്പിന്റെ കാവി
പുതച്ച രാഷ്ട്രീയം ഇന്ത്യയെ
കാർന്ന് തിന്നാൻ തുടങ്ങിയിട്ട്
നാളുകളേറെയായി. ഗുജറാത്ത്
കലാപം നിങ്ങൾ മറന്നുവോ?




ഖുത്തുബുദ്ദീൻ അൻസാരിയുടെ ജീവന് വേണ്ടി കേഴുന്ന ചിത്രം നിങ്ങളുടെ മനുഷ്യത്വത്തെ മുറിവേൽപ്പിച്ചുവോ?

ഗോധ്രയിൽ തുടങ്ങി ഗുജറാത്ത് മുഴുവനുമായി പടർന്ന ആ കലാപം എന്തിനായിരുന്നു? ആർക്ക് വേണ്ടിയായിരുന്നു?

ഗാന്ധിനഗറിൽ വെച്ച് അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി മാധ്യമങ്ങളോട് പറയുകയുണ്ടായി "എനിക്ക് ഇനി ഏകദിന ക്രിക്കറ്റ് ശൈലിയിൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്" എന്ന്.

ഏതാനും മാസങ്ങൾക്കുള്ളിൽ ഫെബ്രുവരി 27, 2002-ൽ ഗോധ്ര സംഭവം നടക്കുന്നു. സബർമതി എക്സ്പ്രസിൽ അയോധ്യ സന്ദർശിച്ച് അഹ്മദാബാദിലേക്ക് മടങ്ങുകയായിരുന്ന കർസേവകരായ 58 പേർ അടക്കം ഗോധ്രയിൽ വെച്ച് ചില ബോഗികളിൽ അഗ്നിക്കിരയാവുന്നു.

ഗോധ്ര, മുസ്ലിം ഭൂരിപക്ഷപ്രദേശമായതു കൊണ്ട് പാകിസ്ഥാൻ ഓർഡർ പ്രകാരം മുസ്ലിമുകൾ മനഃപൂർവം നടത്തിയ ആക്രമണമാണെന്ന് ബി.ജെ.പി. ആരോപിച്ചു.

മരിച്ചവരുടെ മൃതദേഹങ്ങൾ അവരുടെ കുടുംബങ്ങൾക്ക് പോലും വിട്ടുകൊടുക്കാതെ ആർ.എസ്. എസ്. ഏറ്റെടുക്കുകയും അവ ചുമന്നുകൊണ്ട് വിലാപയാത്രകൾ നടത്തുകയും ചെയ്തതിൽ തന്നെ കാണാം വർഗീയതയുടെ വിഷവിത്തുകൾ.

പിന്നീട് ഗുജറാത്ത് യുദ്ധഭൂമിക്ക് സമാനമായിരുന്നു. രണ്ടു മാസം നീണ്ടുനിന്ന രക്തച്ചൊരിച്ചിലിൽ ഒരുപാടു ഹിന്ദുക്കളും അതിന്റെ നാല് ഇരട്ടി മുസ്ലിംകളും



ആണ് കൊല്ലപ്പെട്ടത്. ആയിരക്കണക്കിന് പേർ തെരുവിലേക്ക് ഇറക്കപ്പെട്ടു. സ്ത്രീകൾ അതിനിഷ്ഠൂരമായി ബലാത്സംഗം ചെയ്യപ്പെട്ടു. പലപ്പോഴും സഹായത്തിനു വേണ്ടി മുസ്ലിമുകൾ പോലീസിനെ വിളിക്കുമ്പോൾ 'തങ്ങൾക്ക് ഇടപെടാൻ ഓർഡർ ഇല്ല' എന്നായിരുന്നു ഉത്തരം.

ഗുജറാത്ത് കലാപം സർക്കാരിന്റെ നിസ്സംഗതയായിരുന്നില്ല, മറിച്ച് അവരുടെ പദ്ധതി ആയിരുന്നു.

ഹിന്ദുക്കൾ മുസ്ലിമുകൾക്ക് നേരെ ഗോധ്രയിൽ പക പോക്കുന്നത് തടയേണ്ടതില്ല എന്ന് അദ്ദേഹം ഓർഡർ നൽകി എന്ന് പറഞ്ഞ് സത്യവാങ്മൂലം നൽകിയതിനാണ് സഞ്ജീവ് ഭട്ട് എന്ന ഐ.പി.എസ്. കാരൻ ഇപ്പോഴും ജയിലിൽ കഴിയുന്നത്. ഇതേ മൊഴി നൽകിയ അന്നത്തെ ആഭ്യന്തരമന്ത്രി ആയിരുന്ന ഹരേൻ പാണ്ഡ്യ ദുരൂഹസാഹചര്യത്തിൽ പിന്നീട് കൊല്ലപ്പെടുകയുണ്ടായി.



ഹിന്ദുവിനെയും മുസൽമാനെയും തമ്മിലടിപ്പിക്കുന്ന കാവി തീവ്രവാദം മുസാഫർ നഗറിലും ആവർത്തിച്ചു. എതിർക്കുന്നവരെയും പ്രതിഷേധിക്കുന്നവരെയും നിഷ്കരുണം ചുട്ടുതള്ളി. ഗൗരി ലങ്കേഷും കൽബുർഗിയുമെല്ലാം നീണ്ട ലിസ്റ്റിലെ രണ്ട് പേരുകൾ മാത്രം. ഇനിയും എത്ര പേരെ കൊന്നുതള്ളിയിട്ടുണ്ടാവാം. ഇനിയും എത്ര പേരെ കൊല്ലാൻ പദ്ധതിയിട്ടിട്ടുണ്ടാവാം.

ഒരു ഇന്ത്യൻ മുസ്ലിമിനെ കാണുമ്പോൾ 'പാകിസ്ഥാനിലേക്ക് പോകൂ' എന്ന് ആക്രോശിക്കാനുള്ള ധൈര്യം യു.പി.യിലെയും ഗുജറാത്തിലെയും യൗവനങ്ങൾക്ക് എങ്ങനെ ലഭിച്ചു എന്ന് ചിന്തിച്ചിട്ടുണ്ടോ?

വർഗീയതയുടെ വിത്തുകൾ അവരുടെ പാഠഭാഗങ്ങളിൽ എന്നേ ഉൾപ്പെടുത്തിയിരിക്കുന്നു. സ്വന്തം മുസ്ലിം സഹോദരൻ പാകിസ്ഥാന്റെ ചാരനാണെന്ന് ആയിരം വട്ടം കേൾക്കുമ്പോൾ ആ യൗവനങ്ങൾ വിശ്വസിച്ചു പോകുന്നു. ആ യൗവനങ്ങളുടെ കൈകളിലേക്ക് കഠാരകൾ കൊടുത്ത് കൊലക്കളത്തിലേക്ക് പറഞ്ഞയക്കുന്നതാര്?

ഓർക്കുന്നുവോ, ദാദ്രിയിലെ അഖ്ലാഖിനെ? മാംസം കയ്യിൽ സൂക്ഷിച്ചുവെന്ന് ആരോപിച്ച മതവെറിയന്മാർ തല്ലിക്കൊന്ന അഖ്ലാഖിനെ? കഫീൽ ഖാനെ നിങ്ങൾ മറന്നുവോ? യു.പി.യിലെ ആശുപത്രികളിൽ മതിയായ ഓക്സിജൻ സിലിണ്ടറുകൾ ഇല്ലാതെ കുരുന്നുകൾ മരണപ്പെട്ടപ്പോൾ നിറകണ്ണുകളോടെ മാധ്യമങ്ങളെ കണ്ട കഫീൽ ഖാൻ. അദ്ദേഹ



ത്തെ അവർ എന്ത് ചെയ്തു എന്നതിലുണ്ട് ഇന്നത്തെ ഇന്ത്യയുടെ വർഗീയ അജണ്ട.

ഹിജാബ് ധരിക്കുന്നവരെ ക്ലാസ്സിൽനിന്ന് ഇറക്കി വിട്ട്, വിദ്യാഭ്യാസത്തിനുള്ള മൗലിക അവകാശങ്ങളെ പോലും വെല്ലുവിളിക്കുമ്പോൾ നിങ്ങൾക്ക് അസാധാരണമായി ഒന്നും തോന്നുന്നില്ലേ?

ഇന്ത്യയിൽ നടന്ന വർഗീയകലാപങ്ങൾ വ്യക്തമായ താല്പര്യങ്ങളോടെ സൃഷ്ടിച്ചെടുത്തവയാണ്. ഹിന്ദുവും മുസ്ലിമും തമ്മിലുള്ള ഭിന്നത നിലനിന്നാൽ മാത്രമേ ഭരണവർഗത്തിന്റെ ദുർമോഹങ്ങൾ പൂവണിയുകയുള്ളൂ. ആർക്ക് വേണ്ടിയാണിത്? എന്തിന് വേണ്ടിയാണിത്?

ഉത്തരം ലളിതമാണ്. ഭരണവർഗത്തിന്റെ ദുർനടപ്പിനെ ചോദ്യം ചെയ്യുന്ന ഒരു സമൂഹത്തെ അവർ ഭയപ്പെടുന്നുണ്ട്. അത്തരത്തിൽ ബുദ്ധിയുറച്ച ഒരു സമൂഹം ഉണ്ടായാൽ തങ്ങളുടെ അധികാരമേൽക്കോയ്മ എന്നെന്നേക്കുമായി നഷ്ടപ്പെടുമെന്ന ബോധം അധികാരികൾക്കുണ്ട്. അതുകൊണ്ടുതന്നെ വർഗീയധ്രുവീകരണം അവർ ശക്തമായി തന്നെ പ്രാബല്യത്തിൽ വരുത്തുന്നു.

കോർപറേറ്റ് ഭീമന്മാരുടെ താല്പര്യങ്ങൾക്കനുസരിച്ച് കേന്ദ്രഭരണകൂടം ഒരു പാവയെ പോലെ പ്രവർത്തിക്കുന്നു. ചോദ്യം ചോദിക്കേണ്ട ഒരു സമൂഹം ഹിന്ദുവെന്നും മുസ്ലിമെന്നും പറഞ്ഞു തമ്മിൽ തല്ലുന്നു. കഴിഞ്ഞ എട്ട് വർഷങ്ങൾക്കിടയിൽ അംബാനിയും അദാനിയും നേടിയെടുത്ത കോടികൾ എവിടെനിന്നാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ലിറ്ററിന് 80 രൂപയിൽനിന്ന് പെട്രോൾ 117 കഴിഞ്ഞുപോയപ്പോഴും ഒരു കൂട്ടർ രാമക്ഷേത്രം പണിയാൻ വെമ്പുകയായിരുന്നുവെന്ന് ഓർക്കണം. ഗ്യാസ് സിലിണ്ടറിന്റെ വില 1500 ഉം കടന്ന് പോകുമ്പോൾ മറ്റൊരു കൂട്ടർ അഹിന്ദുക്കളെ കൊന്നൊടുക്കാൻ പ്രതിജ്ഞയെടുക്കുകയായിരുന്നു.

മതംകൊണ്ട് അവർ വേലിക്കെട്ടുകൾ തീർക്കുന്നു.



കോർപറേറ്റ് ഭീമന്മാർക്ക് അവർ ഇന്ത്യയെ വിൽക്കുന്നു. ചോദ്യങ്ങൾ ചോദിക്കേണ്ട, പ്രതികരിക്കേണ്ട ഒരു സമൂഹത്തെ അവർ വർഗീയതകൊണ്ട് നേരിടുന്നു. ഇനിയും ഇന്ത്യയിൽ സന്തോഷിക്കുന്നവർ ഉണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ നിഷ്കളങ്കരേ?

അവർ നട്ട കാവിരാഷ്ട്രീയത്തിന്റെ കൊടികൾ നാം പിഴുതെറിയേണ്ട നേരം ആഗത മായിരിക്കുന്നു. വർഗീയത പറയുന്നവനെ തുരത്തിയോടിക്കേണ്ട നേരം ആയിരിക്കു ന്നു. അത് കേരളത്തിൽ ഇരുന്ന് തഞ്ചത്തിൽ പറയുന്നവരാണെങ്കിലും, കേന്ദ്രത്തിൽ ഇരുന്ന് ഉറക്കെ പറയുന്നവരാണെങ്കിലും.

ഒരിക്കൽ ഇതിനെക്കാൾ ഭീകരമായിരുന്ന ബ്രിട്ടീഷുകാരെ നാം നേരിട്ടത് ചരിത്ര ത്താളുകളിൽ നിങ്ങൾ കണ്ടതല്ലേ? ഹിന്ദുവും മുസൽമാനും ക്രൈസ്തവനും ഒന്നിച്ചു നിന്ന് പൊരുതിയത് ഒരൊറ്റ കാര്യത്തിന് വേണ്ടിയായിരുന്നു. 'സ്വാതന്ത്ര്യം'

'സ്വാതന്ത്ര്യം' ഒരിക്കൽ നാം അത് നേടിയെടുത്തത് പോരാട്ടത്തിലൂടെയാണ്, ഇനി നിലനിർത്താനും പോരാടണം. വർഗീയതക്കെതിരെ, വർഗീയവാദികൾക്കെതി രെ സന്ധിയില്ലാത്ത പോരാട്ടം. എന്തിന് വേണ്ടിയെന്നോ?

## ഇന്ത്യയിൽ സന്തോഷിക്കുന്ന
## ഒരു സമൂഹത്തെ സൃഷ്ടിക്കാൻ.



ജനാധിപത്യം... ജനങ്ങളുടെ ആധിപത്യം... ജനങ്ങൾ... ജനങ്ങൾക്ക്
വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന പവിത്രഭരണസംവിധാനം...
ജനാധിപത്യം ചിലരുടെ വ്യക്തിതാൽപര്യങ്ങളിൽ കുരുങ്ങി ശ്വാസം
മുട്ടുന്ന ദുരാവസ്ഥ അനുഭവിക്കേണ്ടി വരിക ദുഷ്കരമല്ലേ? മനുഷ്യരുടെ
അടിസ്ഥാനപരമായ സ്വാതന്ത്ര്യങ്ങൾക്ക് മേൽ കുരുങ്ങുന്ന ജീവന്റെ
വിലയുള്ള ചോരച്ചങ്ങല പൊട്ടിച്ചെറിയാൻ ആവാത്തവണ്ണം ഒരുവശത്ത്
വലിഞ്ഞുമുറുകുമ്പോൾ മറുവശത്ത് സഹനസ്നേഹസ്വാതന്ത്ര്യ
സാഹോദര്യങ്ങളുടെ പുകമറ അതിവിദഗ്ധമായി മെനഞ്ഞെടുത്ത്
കബളിപ്പിക്കുന്ന നാടകശാലയായി അധഃപതിക്കുന്നതല്ലേ
വാസ്തവത്തിൽ ഇന്നത്തെ ജനാധിപത്യസംഹിത?
ചിന്തിക്കേണ്ടിയിരിക്കുന്നു... മനസ്സറിഞ്ഞ് പ്രവർത്തിക്കേണ്ടിയിരിക്കുന്നു...
പ്രാണന്റെ വിലയുള്ള സ്വാതന്ത്ര്യത്തിന്റെ അവസാനകണിക
ജനാധിപത്യമെന്ന വക്രീകരിച്ച് വിരൂപമാക്കപ്പെട്ട മായാരൂപം
കാർന്നെടുക്കും മുൻപേ...



# സിനിമയുടെ കുതിപ്പും കിതപ്പും

**റിസ്‌വി ചാറ്റർജി**
എക്കണോമിക്സ് വിഭാഗം

**"യഥാർഥ സിനിമ യാഥാർഥ്യം നിറഞ്ഞ ജീവിതങ്ങളിലേക്ക് തുറന്നു വെച്ച ജനാലകളാണ്"**

കഥ കവിത നോവൽ എന്നി സൃഷ്ടികളെക്കാൾ മനുഷ്യമനസ്സുകളിലേക്ക് ഒരു വിഷയത്തെ എത്തിക്കാൻ സിനിമ എന്ന മാധ്യമത്തിന് (സൃഷ്ടി) സാധിക്കും. ശ്രദ്ധിക്കപ്പെടാതെ പോയിട്ടുള്ള പല വിഷയങ്ങളും സിനിമയിലൂടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

ഓരോരോ കാലഘട്ടങ്ങളിൽ ഇറക്കിയ സിനിമകൾക്കും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. ഒരുതരത്തിൽ മനുഷ്യമനസ്സിന്റെ പുരോഗതിയെയാണ് സിനിമ വരച്ചുകാട്ടുന്നത്. കാലഘട്ടങ്ങളായി സിനിമയിൽ വരുന്ന മാറ്റങ്ങളിലൂടെ നമുക്ക് ഒരു പ്രദേശത്തിലെ (സമൂഹത്തിലെ) ജനങ്ങളുടെ മനോഭാവത്തിൽ വന്ന മാറ്റങ്ങൾ തിരിച്ചറിയാൻ സാധിക്കും. മലയാളം ഇൻഡസ്ട്രിയിൽ തന്നെ ഇറങ്ങിയ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ', 'ജനഗണമന', 'തിങ്കളാഴ്ച നിശ്ചയം', 'സാറാസ്' പോലുള്ള ചിത്രങ്ങൾക്ക് കിട്ടുന്ന സ്വീകാര്യതയിലൂടെ നമുക്കത് വ്യക്തമാകും.

പൃഥ്വിരാജ് നായകനായി എത്തിയ ജനഗണമന എന്ന സിനിമ മാധ്യമങ്ങൾക്ക് ജനങ്ങളിൽ ഉള്ള സ്വാധീനം വിളിച്ചുപറയുന്നു. മാധ്യമങ്ങളുടെ സഹായത്തോടെ അഴിമതിരാഷ്ട്രീയക്കാരും കൂടെ ചേർന്ന് ഒരു വിഷയത്തെ വളച്ചൊടിച്ച് ജനങ്ങളിലേക്ക് എത്തിക്കുന്നതെങ്ങിനെയെന്ന് ഈ സിനിമ തുറന്നുകാട്ടുന്നു. ചിത്രത്തിന്റെ ശൈലി അത്ര റിയലിസ്റ്റിക് അല്ലെങ്കിൽ കൂടി വേറിട്ടൊരു അവതരണത്തിലൂടെയും കുറച്ച് വൈകാരികമായ കോടതി സീനുകളിലൂടെയും ജനഹൃദയങ്ങളിൽ ചിത്രത്തിനൊരു ഇംപാക്റ്റ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.



വളരെ പ്രാധാന്യമുള്ള ആശയങ്ങൾ പങ്കുവെയ്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും എഴുത്തിലെ ദാരിദ്ര്യം കാരണം പൊതുവേ മലയാളം സിനിമയിൽ വന്നുകൊണ്ടിരിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ജനങ്ങളാൽ സ്വീകരിക്കപ്പെടാതെ പോവുകയാണ് ചെയ്യാറ്. എഴുത്തുകാരന് സ്ത്രീകളുടെ ജീവിതത്തോടുള്ള അപരിചിതത്വം ആണ് ഈ ചിത്രങ്ങൾ പരാജയപ്പെട്ടുപോകാനുള്ള മുഖ്യകാരണം. കാലങ്ങളായി സ്ത്രീയെ പ്രത്യുല്പാദനത്തിന് വേണ്ടിയുള്ള വെറും ഉപകരണമായും പുരുഷന്മാരുടെ ആയമാരായും മാത്രം കണ്ടുവരുന്ന സമൂഹത്തോട് സ്ത്രീകൾക്കും തന്റേതായ വ്യക്തിസ്വാതന്ത്ര്യമുണ്ടെന്നും അവർക്കത് നൽകേണ്ടതുണ്ടെന്നുമുള്ള വലിയൊരു സന്ദേശമാണ് സാറാസ് പങ്കുവെയ്ക്കുന്നത്. മറ്റേതൊരു മനുഷ്യനും കിട്ടുന്ന സ്വാതന്ത്ര്യം പോലെ തന്റെ ശരീരത്തിൽ എന്ത് സംഭവിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കും വേണമെന്ന് സിനിമ ആവശ്യപ്പെടുന്നു.

മറ്റൊരു ശ്രദ്ധിക്കപ്പെടേണ്ട ചിത്രം നിരൂപകർക്ക് ഇടയിൽ വളരെ അധികം സ്തുതിക്കപ്പെട്ട 2022 ൽ ഇറങ്ങിയ 'പട'യാണ്. 1996 ൽ നായനാർ മന്ത്രിസഭ പാസാക്കിയ ആദിവാസി ഭൂനിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ പാലക്കാട് ജില്ലാ കലക്ടറെ ബന്ദിയാക്കിക്കൊണ്ട് സമരം ചെയ്ത 'അയ്യങ്കാളിപ്പട' എന്ന് സ്വയം വിശേഷിപ്പിച്ച സംഘത്തിനെ പറ്റിയുള്ള സിനിമയാണ് 'പട'. സർക്കാരും അതിന്റെ പുറകിൽ പ്രവർത്തിക്കുന്ന ചില മാഫിയ കരങ്ങളും ആദിവാസികളോട് ചെയ്ത അനീതിയെ പറ്റി ഓർമിപ്പിക്കുകയാണ് ഈ ചിത്രം. സർക്കാരിന്റെ പല നീക്കങ്ങളും ആദിവാസികൾക്ക് തങ്ങളുടെ ഭൂമിയുടെ മുകളിൽ അവകാശം നിഷേധിക്കുന്ന തരത്തിൽ ഉള്ളതായിരുന്നു. വ്യക്തമായി ആസൂത്രിതമല്ലാതെ ലാഭേച്ഛയോടെ ഇന്ന് കേരളത്തിൽ നടന്നുവരുന്ന കെ-റെയിൽ പോലുള്ള പല പദ്ധതികൾ മൂലം സാധാരണക്കാർക്ക് പാർപ്പിടങ്ങൾ പോലും നിഷേധിക്കപ്പെടുന്ന അവസ്ഥ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇത്തരമൊ രു സാഹചര്യ



ത്തിൽ പട പോലുള്ള ചിത്രങ്ങൾ കൂടുതൽ ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ആദിവാസികളുടെ ദുരവസ്ഥകളെ പറ്റി നമുക്ക് കൂടുതൽ കാണിച്ച് തരുന്ന നമ്മൾ കണ്ടിരിക്കേണ്ട മറ്റൊരു സിനിമയാണ് 2021 ൽ നീ സ്ട്രീമിൽ റിലീസ് ചെയ്ത കെഞ്ചിറ (Kenjira).

ലോകസിനിമകൾ എന്ന് പറയുമ്പോൾ പ്രേക്ഷകർ പൊതുവേ കടന്നുവരുന്നത് ഹോളിവുഡ് സിനിമകളുടെ പണക്കൊഴുപ്പിന്റെയും ദൃശ്യസാങ്കേതികവിദ്യയുടെയും മായക്കാഴ്ചകളിലേക്കാണ്. അതിൽനിന്നും വ്യത്യസ്തമായ ഒരു അനുഭവം പ്രേക്ഷകർക്ക് നൽകാൻ സാധിക്കുന്നത് തന്നെയാണ് ഇപ്രാവശ്യത്തെ IFFK യെയും സമ്പന്നമാക്കുന്നത്. സ്ത്രീ ശാക്തീകരണം വിഷയമാക്കിയ ചിത്രങ്ങളായിരുന്നു ഏറെ ശ്രദ്ധേയമായി തീർന്നതും. സ്ത്രീ ലൈംഗികത, സ്വത്വബോധം, ആവിഷ്കാരസ്വാതന്ത്ര്യം, സഞ്ചാരബോധം, പ്രകൃതിയോടുള്ള ചേർന്നുനിൽപ്പ് ഇവകളെല്ലാം നിറഞ്ഞുനിന്ന ചലച്ചിത്രങ്ങളാണ് മികച്ചവയെന്ന രീതിയിൽ പ്രേക്ഷകപ്രീതി പിടിച്ചുപറ്റിയതും. ഏറ്റവും മികച്ച ചലച്ചിത്രമായി തെരഞ്ഞെടുക്കപ്പെട്ട സ്പാനിഷ് ഭാഷ ചലച്ചിത്രം ക്ലാരസോള മികച്ച ഉദാഹരണമാണ്. രഹന, ഹൈവ, മുറിന, പരാലൽ മദേഴ്സ്, അംപരോ എന്നിവ നിറഞ്ഞ സദസ്സിലാണ് പ്രദർശിപ്പിക്കപ്പെട്ടത്. മികച്ച നവാഗതസംവിധായികക്കുള്ള പുരസ്കാരത്തിന് താരാ രാമാനുജനെ അർഹയാക്കിയ നിഷിദ്ധോ എന്ന ചലച്ചിത്രവും സ്ത്രീകളുടെ സാമൂഹികപിന്നോക്കാവസ്ഥയെ ആവിഷ്കരിക്കുന്നതായിരുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ പ്രമേയമാക്കിയ മലയാളചലച്ചിത്രമായ ആവാസവ്യൂഹവും അറബി ചിത്രമായ കോസ്റ്റാബ്രാവാ ലെബനൻ എന്ന ചലച്ചിത്രവുമെല്ലാം മികച്ച തിരക്കാഴ്ചകളായിരുന്നു.

കാഴ്ചക്കാർ സിനിമയുടെ വളർച്ചയെ സ്വാധീനിക്കുന്നത് പോലെ തന്നെ സിനിമക്ക് അത് കാണുന്ന കാഴ്ചക്കാരെയും സ്വാധീനിക്കാൻ കഴിയും. ബോക്സ് ഓഫീസ് ഹിറ്റ് ആവാൻ വേണ്ടി ഭൂരിപക്ഷത്തിന്റെ ആവശ്യങ്ങളോട് സഹകരിക്കുന്ന വിധത്തിലുള്ള സിനിമ കൂടാതെ തന്നെ തികച്ചും പ്രൊപഗണ്ടയും കള്ളങ്ങളും മാത്രം പടച്ചുവിടുന്ന സിനിമകളും ഇപ്പോൾ കൂടുതലായി കണ്ടുവരുന്നുണ്ട്.

ഓരോരോ ഭരണകൂടങ്ങൾ മാറുമ്പോഴും അപ്പോഴുള്ള സിനിമ ഇൻഡസ്ട്രി അതിനനുസരിച്ച് അവരുടെ സിനിമയുടെ ആശയങ്ങളും ഉള്ളടക്കങ്ങളും വ്യത്യാസപ്പെടുത്തേണ്ടി വരുന്നത് കലാകാരന്മാരുടെ ആവിഷ്കാരസ്വാതന്ത്ര്യത്തിനു മുകളിലുള്ള ഭരണപക്ഷത്തിന്റെ കടന്നുകയറ്റം മൂലമാണ്. 2017-ന ശേഷം ഹിന്ദി ഫിലിം നിർമാതാക്കളിൽനിന്നും വസ്തു






നിഷ്പക്ഷമല്ലാത്ത നിലവാരം കുറഞ്ഞ വലതുപക്ഷ-പ്രൊപഗണ്ട മാത്രം ഉദ്ദേശിക്കുന്ന ഒരുപാട് സിനിമകൾ വരുന്നത് കാണാം. ഇതിൽ പല സിനിമകളും സമൂഹത്തിൽ വർഗീയവിദ്വേഷം കൂട്ടാൻ മാത്രം ഗുണം ചെയ്തിട്ടുള്ളതാണ്. ഏറ്റവും അടുത്തിറങ്ങിയിട്ടുള്ള 'ദ കശ്മീർ ഫയൽസ്'' എന്ന സിനിമ ഇതിനൊരു ഉദാഹരണമാണ്. കശ്മീരി മുസ്ലീങ്ങളെ മൊത്തമായി നിന്ദിക്കാൻ വേണ്ടി തയ്യാറാക്കിയ ചിത്രമാണിത് എന്നതിൽ യാതൊരു സംശയവുമില്ല. സിനിമയിൽ കാണിച്ചിരിക്കുന്ന കണക്കുകൾ വസ്തുതാവിരുദ്ധവും മുസ്ലിം സമുദായത്തെ ചിത്രീകരിച്ചിരിക്കുന്ന രീതി അപലപനീയവുമാണ്. ഈ ചിത്രം ഇന്ത്യയിൽ പല ഭാഗത്തും വിദ്വേഷപ്രസംഗങ്ങൾക്കും മുസ്ലീങ്ങൾക്കെതിരായ ആക്രമണങ്ങൾക്കും കാരണമായി. പി എം നരേന്ദ്രമോദി, ഥാക്കരെ, ആക്സിഡന്റൽ പ്രൈം മിനിസ്റ്റർ, താഷ്കന്റ് ഫയൽസ് എന്നിവ ഈ കൂട്ടത്തിൽ പെടുത്താവുന്ന മറ്റു ചിത്രങ്ങളാണ്.

എന്നാൽ സ്വതന്ത്ര സിനിമാ നിർമാതാക്കളുടെ ഭാഗത്തുനിന്നും ചില തെന്നിന്ത്യൻ സിനിമകളിൽനിന്നും സർക്കാരിനെ വിമർശിക്കുന്ന നിലപാടുകൾ ഉള്ള സിനിമകൾ വരുന്നത് ജനാധിപത്യത്തിൽ ഒരു ശുഭപ്രതീക്ഷ തരുന്ന കാര്യമാണ്.

കോവിഡ് പശ്ചാത്തലത്തിൽ എല്ലാവരും വീട്ടിൽ ഇരിക്കേണ്ടി വന്ന സാഹചര്യത്തിൽ തിയറ്ററുകൾ പൂട്ടിയിടേണ്ടി വന്നു. ഈയൊരു സാഹചര്യമാണ് തിയറ്റർ സമ്പ്രദായത്തിന് പുറമേ ഒ.ടി.ടി. എന്ന സാധ്യതയെ ജനങ്ങൾക്ക് സുപരിചിതമാവാൻ സഹായിച്ചത്. തിയറ്ററുകളിൽ ഇറങ്ങിയിരുന്നെങ്കിൽ ശ്രദ്ധിക്കപ്പെടാതെ പോകുമായിരുന്ന പല സിനിമകളും ഒ.ടി.ടി.യിലൂടെ ജനശ്രദ്ധ ആകർഷിച്ചു. സൂപ്പർസ്റ്റാറുകളുടെ സിനിമകൾക്കിടയിൽ സ്വതന്ത്ര സിനിമാ നിർമാതാക്കളുടെ സിനിമകൾക്ക് സ്ക്രീൻ പോലും ലഭിക്കാറില്ല. എന്നാൽ ജനങ്ങൾക്ക് ഒ.ടി.ടി.
സുപരിചിതമായതിനുശേഷം ചെറിയ കലാകാരന്മാർക്ക് പോലും അവരുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുവാൻ വേദി ലഭിച്ചു. 'തിങ്കളാഴ്ച നിശ്ചയം', 'ഭൂതകാലം', 'മധുരം', 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' പോലുള്ള സിനിമകൾ ഒരുപക്ഷേ തിയറ്ററിൽ ഇറങ്ങിയിരുന്നെങ്കിൽ ഇപ്പോൾ കിട്ടിയ സ്വീകാര്യത കിട്ടുമോ



എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്ന പല വിഷയങ്ങളുമാണ് സ്വതന്ത്രസിനിമാനിർമാതാക്കളുടെ സിനിമകളുടെ പ്രമേയമായി വരുന്നത്. ഈ സാഹചര്യത്തിൽ ഇതുപോലുള്ള വേദി ലഭിക്കുന്നത് ഇത്തരം ആശയങ്ങൾ ഭൂരിപക്ഷത്തിനു മുന്നിലേക്ക് എത്തിക്കുവാൻ വഴിയൊരുക്കുന്നു. 2021ൽ സൂപ്പർഹീറോ ജോണറിൽ പുറത്തിറക്കിയ 'മിന്നൽ മുരളി' എന്ന മലയാളചലച്ചിത്രം റിലീസ് ചെയ്തുകൊണ്ട് ലോകശ്രദ്ധ പിടിച്ചുപറ്റി. ദൃശ്യസാങ്കേതികവിദ്യയെ കൂടുതൽ ആശ്രയിക്കാതെ കുറഞ്ഞ ചെലവിൽ നിർമിച്ച ഈ ചിത്രം തിയറ്ററുകളിൽ റിലീസ് ചെയ്തിരുന്നെങ്കിൽ പ്രാദേശികമായി ഒതുങ്ങി കൂടി പോയേനെ. 'മാലിക്", 'സാർപ്പട്ടാ പരമ്പരൈ', 'ദൃശ്യം 2' പോലുള്ള ചില ചിത്രങ്ങൾ ക്രൗഡ് മെന്റാലിറ്റി  ആവശ്യപ്പെടുന്ന സിനിമകളാണ്. ഇത്തരം സിനിമകൾ തിയറ്ററുകളിൽ ജനസദസ്സുകളുടെ ഇടയിൽ ഇരുന്നു കാണുമ്പോഴാണ് പൂർണമായും ആസ്വാദനം ലഭിക്കുന്നത്.

അങ്ങനെ വരുമ്പോൾ ഒ.ടി.ടി. ഒരിക്കലും തിയേറ്ററിന് പകരം വയ്ക്കുവാൻ ഉള്ളതല്ല. ഈ സിനിമകൾ തിയേറ്ററിൽ ഇറങ്ങാതെ ഒ.ടി.ടി.യിൽ ഇറങ്ങിയത് ദുഃഖകരമായ വസ്തുതയാണ്.

2021–ൽ ഒ.ടി.ടി.യിലൂടെ ജനങ്ങളിലേക്ക് എത്തിയ വേറിട്ട ഒരു സിനിമയാണ് ലിജോ ജോസ് പെല്ലിശ്ശേരിയുടെ 'ചുരുളി'. ചലച്ചിത്രത്തിലെ 'അസഭ്യവർഷം' മൂലം ഒരുപാട് വിവാദങ്ങൾക്ക് വഴിതെളിച്ച ചിത്രമാണിത്. ആശയത്തെക്കാൾ ഏറെ അവതാരകന്റെ അവതരണ ശൈലിയെ ചൊല്ലിയാണ് ഈ സിനിമ ശ്രദ്ധ നേടിയത്. ന്യൂസ് ചാനലുകളിലെ പ്രൈം ടൈം ചർച്ചകളിൽ ആർഷഭാരത സംസ്കാരത്തിന്റെ വക്താക്കൾ ഈ സിനിമ എങ്ങനെ കുടുംബസമേതം കാണുമെന്ന് ചോദിക്കുന്നുണ്ടായിരുന്നു. 18+ ലേബലിൽ ഉള്ള  അഡൾട്ട് ഓൺലി സിനിമ കുടുംബസമേതം കാണാൻ വേണ്ടിയുള്ളതല്ല എന്ന് ഒരുപക്ഷേ അവർക്കറിയില്ലായിരിക്കും. ഭാരതീയസംസ്കാരത്തിന് ചേർന്നതല്ല എന്ന് മുടന്തൻ ന്യായം പറയുന്ന കുറച്ചുപേർക്ക് സിനിമ കാണുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന് പറഞ്ഞ് ബാക്കിയുള്ളവരും കൂടി സിനിമ കാണരുത് എന്ന് പറയുന്നത് ജനാധിപത്യവിരുദ്ധതയാണ്. നെറ്റ്



ഫ്ലിക്സ്, പ്രൈം വീഡിയോ പോലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിലൂടെ ഇന്ത്യൻ കാണികൾ കണ്ടുവരുന്ന ലോകസിനിമകളുടെ സംവിധായകർക്ക് ലഭിക്കുന്ന ആവിഷ്കാര സ്വാതന്ത്ര്യം എന്തുകൊണ്ട് ഇന്ത്യൻ സംവിധായകർക്ക് ലഭിച്ചുകൂടാ എന്ന് ചോദിക്കേണ്ടിയിരിക്കുന്നു. അവതരിപ്പിച്ചിരിക്കുന്ന ശൈലിയെക്കാൾ ഏറെ പ്രാധാന്യം കിട്ടേണ്ടത് സിനിമയുടെ ആശയത്തിനാണ്. സിനിമയുടെ ആശയംകൊണ്ട് വർഗീയവിദ്വേഷം, റേപ് കൾച്ചർ പോലുള്ള മാനവികതയ്ക്ക് ദോഷകരമായ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കാത്ത പക്ഷം ഒരു സംവിധായകന് തന്റെ ആശയങ്ങൾ സിനിമയിലേക്ക് യാതൊരുവിധ ഒളിയും മറയും ഇല്ലാതെ പകർത്താനുള്ള അവകാശമുണ്ട്.

ഒരു സമയം വരെ ഇന്ത്യൻ ബോക്സ് ഓഫീസ് ഭരിച്ചിരുന്ന ബോളിവുഡ് ബിഗ് ബജറ്റ് സിനിമകളുടെ ഒരു വൻകിതപ്പ് 2022 കാലഘട്ടത്തിൽ നമുക്ക് കാണാൻ സാധിക്കും. നോർത്ത് ഇന്ത്യൻ സിനിമ പ്രേമികൾ പോലും തങ്ങളുടെ സിനിമകളെക്കാൾ തെന്നിന്ത്യൻ സിനിമകൾക്ക് മുൻഗണന നല്കുന്ന കാഴ്ചയാണ് കഴിഞ്ഞുപോയ വർഷങ്ങളിൽ ഉണ്ടായത്. വിക്രം, കെ.ജി.എഫ്., ആർ.ആർ.ആർ. പോലുള്ള തെന്നിന്ത്യൻ സിനിമകൾ റെക്കോർഡുകൾ സൃഷ്ടിക്കുമ്പോൾ സമ്രാട്ട് പൃഥ്വിരാജ് പോലുള്ള ബോളിവുഡ് സിനിമകൾ ബോക്സ് ഓഫീസിൽ പരാജയപ്പെടുന്നു. മാധ്യമങ്ങളുടെ സ്വാധീനവും ഒ.ടി.ടി. പ്ലാറ്റ്ഫോമുകളും കാഴ്ചക്കാരെ സ്വാധീനിക്കുന്നതിൽ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. സമാനമായ കുറെ കഥകൾ മാത്രം കണ്ടിരുന്ന പ്രേക്ഷകരുടെ ഇടയിലേക്കാണ് തെന്നിന്ത്യൻ സിനിമ അവർക്ക് പരിചിതമല്ലാത്ത അനേകം സിനിമകൾ സമ്മാനിച്ചത്. ധാക്കഡ്, അറ്റാക്ക് പോലുള്ള സിനിമകൾ ബോളിവുഡ് കൊണ്ടുവന്നെങ്കിലും അടിത്തറയുള്ള തിരക്കഥകളുടെ അഭാവം മൂലം ബോക്സ് ഓഫീസിൽ പരാജയപ്പെടുകയുണ്ടായി. അതിനാൽ തന്നെ 'THE FACE OF INDIAN CINEMA' എന്ന സ്ഥാനം ബോളിവുഡ് ഒഴിയേണ്ട സമയമായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.



പിന്നീടവൾ കാണുന്നത് ആ
ജെ.സി.ബി. മുന്നോട്ട്
നീങ്ങുന്നതും, അതിന്റെ
ക്രൂർത്ത കൈകൾ തന്റെ
വീട് തകർക്കുന്നതുമാണ്.
ആരൊക്കെയോ അവളെ
വഴിയിൽ നിന്ന് പിടിച്ചു മാറ്റി.
കരച്ചിലുകൾക്കിടയിലും
എഞ്ചിന്റെ
അലർച്ചകൾക്കിടയിലും,
അവൾ നോക്കിനിൽക്കേ
അവളുടെ വീട്
തകർന്നടിഞ്ഞു.
“അനധികൃത
കടിയേറ്റമെന്ന്” മുദ്രകുത്തി
നശിപ്പിച്ച അവളുടെ വീടിന്റെ
ഉടഞ്ഞ ഇഷ്ടിക
കൂമ്പാരങ്ങൾക്ക് ഇടയിൽ
അവളുടെ കുഞ്ഞു
കളിപ്പാട്ടവും ഞെരിഞ്ഞു
കഷണങ്ങളായി...







# DESTRUCTED

**Christeena Joe**
**MSc. Psychology**

Serenity wasn't an option recently
Dreams of a Flourished Life
Was now Shattered.
Mellow Blues and Lime Yellows
Were now Blood Red.
Shell bombs took pride in
Assassination.

Funeral flowers bloomed all way
Suffering souls left suffocating beneath
Trapped between missiles and medi-kits
Life was now a Devil's Game.

# DREAMS

'Living our enemies' dream' they say
Fear becoming a common factor indeed
We are immune as the hourglass turns
Adjusted Underground the life's new Luxury
Gun Powder and Coffee was the new normal.

Label of a Refugee, a tag of bane
Fake assurance as the media's trend
Memes of Gen Z fleeing from War
Hit the latest Headlines
Survival of the fittest remains
The only option left.






കൂർത്ത അറ്റങ്ങൾ കൈയിൽ തറയ്യുന്ന വേദന
വകവെക്കാതെ തകർന്നു തരിപ്പണമായ തന്റെ
കളിപ്പാട്ടത്തിന്റെ കഷണങ്ങൾ അവൾ
പറ്റാവുന്നിടത്തോളം പെറുക്കി എടുത്തു. ഒരു
കൈയിൽ ആ കഷണങ്ങളും മറ്റുകൈയ്യിൽ
കണ്ണീരണിഞ്ഞിയ തന്റെ അച്ഛന്റെ കൈയും
പിടിച്ച് ആ പതിനൊന്നു വയസുകാരിയും
അങ്ങനെ തെരുവിലേക്കിറങ്ങി.




# ജാതിയുടെ പരിപ്രശ്നങ്ങൾ

**അക്തർ കെ. പി.**
ഹിസ്റ്ററി ബിരുദം



നാം എത്ര പുരോഗമിച്ചാലും ഭൂരിഭാഗം പേരുടെയും രക്തത്തിൽ ലയിച്ചു ചേർന്ന ഒന്നാണ് സ്വജാതീയചിന്ത. സമകാലിക ഇന്ത്യയിൽ ജാതിയെ കുറിച്ചും ജാതിവിവേചനങ്ങളെ കുറിച്ചും നിരന്തരം ശബ്ദിക്കുന്നത് ഒരു വിപ്ലവമായിട്ട് തന്നെ കണക്കാക്കാം. ഇന്ത്യയുടെ ജാതിസമ്പ്രദായം ദൈവങ്ങളോളം തന്നെ പഴക്കമുള്ളതാണ്, മനുഷ്യർ തങ്ങളുടെ ജന്മംകൊണ്ട് മറ്റുള്ളവരുടെ മേൽ മേൽക്കോയ്മയും കഷ്ടപ്പാടും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഏറ്റവും അപകടകരവും പരിണമിച്ചതുമായ ഉദാഹരണമാണിത്. ബ്രഹ്മാവിന്റെ മുഖത്തുനിന്ന് ബ്രാഹ്മണരും കൈകളിൽ നിന്ന് ക്ഷത്രിയരും തുടകളിൽനിന്ന് വൈശ്യരും കാലടികളിൽനിന്ന് ശൂദ്രരും പിറന്നുവെന്ന് പറഞ്ഞുവെക്കുന്നതിലൂടെ സവർണജാതീയ മേൽകോയ്മ ഈ സമൂഹത്തിൽ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്.

ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും എത്ര സവർണ കുടുംബാംഗങ്ങൾ അവരുടെ മകളെയോ മകനെയോ പൂർണസമ്മതത്തോടെ ഒരു ദളിത് കുടുംബത്തിലേക്ക് വിവാഹം ചെയ്ത് കൊടുക്കും? ഒരു ആദിവാസിയെ വിവാഹം കഴിക്കാൻ എത്ര പേർ മുതിരും? വളരെ സങ്കീർണമായ വിഷയമാണ് ജാതീയത എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.



"It is a pity that Caste even today has its defenders."

ജാതി അടിച്ചമർത്തലുകൾക്ക് ഇരയായ മനുഷ്യർക്ക് മതത്തിനും ജാതിക്കുമപ്പുറത്തേക്ക് ഒരു പുതിയ ലോകം കാണിച്ചുകൊടുത്ത ഡോ. ബി.ആർ. അംബേദ്കറിന്റെ ഈ മൂർച്ചയേറിയ വാക്കുകൾ ജാതീയതയെയും അതിന്റെ പിന്തുറക്കാരെയും രൂക്ഷമായി പരിഹസിക്കുകയാണ്. അസമത്വവും സവർണതയും ഉറഞ്ഞുതുള്ളുന്ന ഇന്ത്യൻ സമൂഹത്തിൽ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ബൃഹത്തായ ഭരണഘടന അംബേദ്കർ നമുക്ക് സംഭാവന ചെയ്തു. അതുകൊണ്ടുതന്നെയാണ് വാരാണസിയിലെ ആ കൊച്ചുപയ്യൻ അംബേദ്കറെ സ്മരിക്കുന്നതും, അമ്പലങ്ങളും ദൈവങ്ങളും ഞങ്ങൾക്ക് ഒന്നും നൽകിയിട്ടില്ലെന്ന് ഉറക്കെ വിളിച്ചുപറയുന്നതും. പിന്നോക്കവിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കുമുള്ള സംവരണസമ്പ്രദായത്തിന്റെ തുടക്കക്കാരനായ അദ്ദേഹം എല്ലാ അരികുവത്കരിക്കപ്പെട്ടവർക്ക് വേണ്ടിയും നിലകൊണ്ടു. ജാതീയതക്കെതിരെയുള്ള പോരാട്ടം തുടരുന്ന കാലത്തോളം അംബേദ്കർ നമുക്കൊപ്പമുണ്ടായിരിക്കും.

വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരാശയമാണ് ജാതിസംവരണം. ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ പ്രധാന ലക്ഷ്യം എല്ലാ സാമൂഹികവിഭാഗങ്ങളിലേക്കും അവസരങ്ങളുടെ ശരിയായ തുല്യത സ്ഥാപിക്കുകയും തൊഴിലില്ലായ്മ, സാമ്പത്തികസമ്മർദ്ദം മുതലായവയുടെ പിടിയിൽനിന്ന് അടിച്ചമർത്തപ്പെട്ട ജാതികളെ രക്ഷിക്കുകയും ചെയ്യുക എന്നതാണ്. കഷ്ടതകൾ മൂലം പറമ്പ് കിളക്കാൻ പോകുന്ന നമ്പൂതിരിയെ നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമോ? തോട്ടിപ്പണി ചെയ്യുന്ന ബ്രാഹ്മണരെ കണ്ടിട്ടുണ്ടോ? ഒരു സവർണൻ ദരിദ്രനായാലും സാമൂഹികവിവേചനം അയാൾ നേരിടുന്നില്ല. സംവരണം ഒരു ദാരിദ്ര്യനിർമാർജനപദ്ധതിയല്ല. ചാതുർവർണ്യവ്യവസ്ഥയിൽ താഴെത്തട്ടിലുള്ള മനുഷ്യരെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് സവർണർ ഒഴിവാക്കുന്നത് തടയുക എന്ന ഒരു ലക്ഷ്യം കൂടിയാണ് സംവരണത്തിനുള്ളത്. സാമ്പത്തികമായി മുന്നിട്ട് നിൽക്കുന്ന ദളിതർക്കെന്തിനാ സംവരണം എന്ന് ചിന്തിച്ച് തലപുകക്കുന്നവരുണ്ടെങ്കിൽ ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല

അവരുടെ സാമ്പത്തികപുരോഗതി. അടിച്ചമർത്തലുകളെ ഭേദിച്ച് നിരന്തരം പോരാടി നേടിയെടുത്തതാണെന്ന സത്യം മനഃപൂർവം വിസ്മരിക്കരുത്. അവകാശങ്ങളും സംവരണങ്ങളും ആരുടെയും ഔദാര്യമോ സമ്മാനമോ അല്ല, നൂറ്റാണ്ടുകളോളം പൊരുതി നേടിയെടുത്തതാണ്.

ഇവിടെ ജാതി ഇല്ല അതൊക്കെ പണ്ടല്ലേ എന്ന നിഷ്കളങ്കചോദ്യങ്ങളെ വലിച്ചുകീറേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണല്ലോ ഇന്ത്യയുടെ ഉപ-പ്രധാനമന്ത്രി ഡൽഹിയിലെത്തും മുമ്പേ അദ്ദേഹം അനാവരണം ചെയ്ത പ്രതിമ ശുദ്ധികലശം നടത്തിയത്, കെവിനും ആരതിയും ഒക്കെ ദുരഭിമാനത്തിന്റെ പേരിൽ കൊല്ലപ്പെട്ടത്, നാം എല്ലാം തുല്യരാണെങ്കിൽ രോഹിത് വെമുല ഉൾപ്പെടെ നൂറുകണക്കിന് വിദ്യാർഥികൾ ഇന്ന് നമ്മോടൊപ്പം അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കില്ലേ? കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി പിണറായി വിജയൻ അത്രയും വലിയ പദവിയിൽ ഇരിക്കുമ്പോഴും ഇന്നും ജാതി അധിക്ഷേപം നേരിടുന്നില്ലേ? വലതുപക്ഷ സവർണജാതീയചിന്തകൾ കൊടി കുത്തി വാഴുന്ന കാലത്തോളം നമ്മളാരും തുല്യരല്ല. പുലയാടിയും കഴുവേറിയും എങ്ങനെ തെറികളായി പരിണമിച്ചു എന്നതിന് പിന്നിൽ കൃത്യമായ സവർണ ആധിപത്യം ഉണ്ട്.

ജാതിയും ജെൻഡറും പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന ഒന്നാണ്. സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ എൽ.ജി.ബി.ടി.ക്യു. കമ്മ്യൂണിറ്റി വ്യക്തികളുടെയും സ്വതന്ത്ര്യജീവിതത്തെ ബ്രാഹ്മണ-പിതൃകേന്ദ്രിതവ്യവസ്ഥ വരിഞ്ഞു മുറുക്കുകയാണ്. ലിംഗ വേർതിരിവിന്റെയും ജാതിശ്രേണിയുടെയും ഏറ്റവും താഴ്ന്ന നിലയിലാണ് ദളിത് സ്ത്രീകൾ നിലനിൽക്കുന്നത്. അതിനാൽ ദളിത് സ്ത്രീകൾക്കെതിരായ ലൈംഗിക



# SC/ST ഒഴികെ ?

അതിക്രമങ്ങൾ ഇന്ത്യൻ സാമൂഹത്തിൽ വർധിച്ചു വരികയാണ്. ദളിത് സ്ത്രീകൾക്കെതിരെയുള്ള ക്രൂരമായ ലൈംഗിക അതിക്രമങ്ങളെ അവഗണിച്ച ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. അമേരിക്കയിലെ റേസിസത്തിനെതിരെ ഘോരഘോരം പ്രസംഗിക്കുമ്പോഴും ജാതിയുടെ പേരിൽ കൊല്ലപ്പെടുന്നതും ആക്രമിക്കപ്പെടുന്നതും ഇന്നും ഇവിടെ സ്വാഭാവികവൽക്കരിക്കപ്പെടുകയാണ്. ഒരു സവർണ മധ്യവർഗസ്ത്രീയുടെ പോരാട്ടം സമാനമായി സ്ഥിതി ചെയ്യുന്ന താഴ്ന്ന ജാതിക്കാരിയായ സ്ത്രീയുടെ പോരാട്ടത്തിന് തുല്യമാകണമെന്നില്ല. പുരുഷാധിപത്യവ്യവസ്ഥയിൽ ലിംഗ അസമത്വങ്ങൾക്ക് ജാതി പല രീതികളിൽ വഴിയൊരുക്കുന്നു. കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെടുന്ന സവർണ്ണകുറ്റവാളികളിൽ ഒരു ശതമാനത്തിൽ താഴെ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ. ദളിതർക്കെതിരെ ഉള്ള കുറ്റകൃത്യങ്ങൾ മുൻനിർത്തി മാധ്യമകവറേജുകളും പ്രതികരണങ്ങളും എത്രത്തോളം മൗനം പാലിക്കുന്നുണ്ടെന്ന് നമുക്കറിയാം. ഉത്തർപ്രദേശിലെ ഹത്രസിലെ ക്രൂരമായ ബലാത്സംഗക്കേസ് അതിലൊരുദാഹരണം മാത്രം.

ജാതീയത എന്നാൽ വെറും തൊട്ടുകൂടായ്മ മാത്രമല്ല, അതിനു നിരവധി സൂക്ഷ്മതലങ്ങളുണ്ട്. ജാതി മാട്രിമോണികളിൽ ജാതി പ്രശ്നമില്ല എന്ന് പറയുന്നവർ എസ്.സി./എസ്.ടി. ഒഴികെ എന്ന് കൂട്ടി ചേർക്കുന്നത് കേരളത്തിലൊരു ട്രെൻഡ് ആയി മാറിക്കൊണ്ടിരിക്കുകയാണ്. മിശ്രവിവാഹങ്ങളിലൂടെ ജാതി വേർതിരിവിനെ ഒരു പരിധി വരെ തടയാൻ കഴിയും. ശ്രീനാരായണഗുരുവും സഹോദരൻ അയ്യപ്പനും ജാതീയത കൊടുമ്പിരികൊണ്ട കേരളത്തിൽ മിശ്രവിവാഹങ്ങളെയും സമ്മേളനങ്ങളെയും പ്രോത്സാഹിപ്പിച്ചതിലൂടെ ലഭ്യമായ മാറ്റത്തിന്റെ അലയൊലികൾ ഇന്നും ഇവിടെ അവശേഷിക്കുന്നു. ജാതിയിൽ താഴ്ന്ന പ്രേമിച്ച ആളെ വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനെക്കാൾ ഭേദം ജയിലിൽ കിടക്കുന്നതാണ് നല്ലതെന്ന് കരുതി ദുരഭിമാനകൊലകൾ നടത്തുന്ന സവർണരെ കാണാൻ അങ്ങ് നോർത്തിലോട്ടൊന്നും പോകേണ്ട കാര്യമില്ല. കെവിനും ആതിരയും നമ്മളെ വിട്ടുപിരിഞ്ഞിട്ട് അധികം നാളുകളായിട്ടില്ല.

ജാതീയതയുടെ മറ്റൊരു ക്രൂരമുഖം പ്രത്യക്ഷമായി തന്നെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ, അധികാര മേഖലകളിൽ കാണാം. എത്ര വിദ്യാഭ്യാസം നേടിയാലും ഉള്ളിലെ ജാതിബോധം മറികടക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. ഉന്നത സർവകലാശാലകളിൽ പഠനം സ്വപ്നം കാണുന്ന ദളിത് വിദ്യാർഥി



കൾക്ക് അവഗണനയുടെയും അടിച്ചമർത്തലിന്റെയും മറ്റൊരു ലോകം കൂടി കാത്തിരിക്കുന്നുണ്ട്. 40000 രൂപയുടെ കടവുമായി രോഹിത് വെമുല ആത്മഹത്യ ചെയ്യുമ്പോൾ യൂണിവേഴ്സിറ്റി ലക്ഷക്കണക്കിന് രൂപ നൽകാനുണ്ടായിരുന്നു. ആനുകൂല്യങ്ങൾ വൈകിപ്പിക്കുന്നത് മിക്ക യൂണിവേഴ്സിറ്റികളുടെയും സൂത്രമാണ്. ജാതിവിവേചനം മൂലം വിദ്യാഭ്യാസ അവകാശം നഷ്ടപ്പെട്ട ദീപ മോഹന്റെ നിരാഹാരസമരം നാം ആരും മറക്കരുത്. എത്ര യുക്തിവാദികളും ലിബറലുകളും അതിനു വേണ്ടി ശബ്ദിച്ചു? ഇന്നത്തെ കേവല യുക്തിവാദികൾ സംവരണവിരുദ്ധത പറയുന്നതിന്റെയും ദളിത് ആക്റ്റിവിസ്റ്റുകളെ ജാതിവാദികളാക്കുന്നതിന്റെയും തിരക്കിലാണ്.

മെറിറ്റ് ഇല്ലാതാക്കുന്നതിനെതിരെയും പട്ടികജാതി–വർഗ പീഡനനിരോധനിയമം ദുരുപയോഗം ചെയ്യുന്നതിനെതിരെയും വാതോരാതെ സംസാരിക്കാനും ലേഖനങ്ങൾ എഴുതാനുമുള്ള തിരക്കിലാണ് മിക്ക സവർണയുക്തിവാദികളും. അവരുടെ ആ പരിശ്രമത്തെ ആരും കാണാതെ പോകരുത്. ദളിതരുടെ സാമൂഹികസാമ്പത്തികസാഹചര്യങ്ങളെ അപ്പാടെ റദ്ദ് ചെയ്ത് മോട്ടിവേഷൻ നൽകാൻ വെമ്പുന്നവരുടെ തിരക്കാണ് മറ്റൊരു വശത്ത്.

ജാതിയെ അഡ്രസ് ചെയ്യുക സാമൂഹികവിവേചനങ്ങളെ ചെറുത്തുനിൽക്കുക. ജാതി ഇല്ലെന്ന് എത്ര മുറവിളി കൂട്ടിയാലും മെറ്റീരിയൽ കണ്ടിഷൻ മാറില്ല. ഈ പരിഷ്കൃതസമൂഹത്തിൽ ജാതിയെക്കുറിച്ച് പറയുന്നതും എഴുതുന്നതും വിഡ്ഢിത്തമാണെന്ന് ധരിക്കുന്നത് സവർണ പ്രിവിലേജിന്റെ ഭാഗമാണ്. സവർണന് മാത്രമേ ജാതി ഇല്ല എന്ന് പറയാൻ കഴിയൂ. അത് വേണ്ടെന്ന് വച്ചാൽ ഇല്ലാതാവുന്നതല്ല.



നിങ്ങൾ നിങ്ങളായി ഇരിക്കുന്ന കാലത്തോളം ഞങ്ങൾ നായയെ പോലെ ആവണമെന്ന് നിങ്ങൾ കരുതുന്നിടത്തോളം കാലം ഇവിടെ ഒന്നും മാറില്ല എന്ന് മാരി സെൽവരാജ് പാരിയേറും പെരുമാളിലൂടെ പറഞ്ഞു വെക്കുന്നു. ജാതീയതയുടെ ആഘാതങ്ങൾ സമൂഹത്തിൽ ഇനിയും അലയടിച്ചുകൊണ്ടേയിരിക്കും. കൃത്യമായ രാഷ്ട്രീയ ഇടപെടലുകളിലൂടെ അംബേദ്കറിനെ പോലെ മനുഷ്യപക്ഷമായി പ്രതിരോധിക്കുക.







Looking up straight,
is beyond impossible,
for my head is hung low
by the dreams I shattered

Letting the tears flow,
seems unfathomable,
for the eyes have barrened
from the ends they've witnessed.

Not the mightiest of waves
from the deepest of oceans
were mighty enough to soften the rock
which the heart has now become.

Years of loath,
decades of wrath,
enraged a brute.
Years of loath,
decades of wrath,
a living carcass was born.

Throw my ashes
to all those I killed,
to all the fragments I murdered,
for they deserve to master,
atleast my dust,
and I deserve to be slaved
after death .

Sana Nazier
BSc Psychology



സാറ പത്മ ദാസ്
ഇംഗ്ലീഷ് വിഭാഗം

ലോഹത്തിന്റെ ചവർപ്പ് നാവിൽ പടർന്ന് തുടങ്ങിയപ്പോഴാണ് അയാൾ ഞെട്ടിയുണർന്നത്. വീണ്ടും ഒരേ ദുഃസ്വപ്നം. ലോഹത്തിന്റെ ചവർപ്പ് നാവിലും ഗ്രീസിന്റെ വഴുവഴുപ്പ് വിരലുകൾക്കിടയിലും ഡീസലിന്റെ രൂക്ഷഗന്ധം നാസികകളിലേക്കും തുളഞ്ഞുകയറുന്ന ആദ്യനിമിഷങ്ങളിൽ തന്നെ അയാൾ ഉണരുമായിരുന്നെങ്കിലും രണ്ട് മൂന്ന് ദിവസമായി കണ്ണടക്കാൻ ഭയമാണ്. വീണ്ടും ഈ സ്വപ്നം ആവർത്തിക്കുമോ എന്ന ഭയം, കണ്ടാൽ ഉണരാൻ കഴിയുമോ എന്ന ഭയം. കാണാൻ കഴിയാഞ്ഞതിനെ ആണ് ഇത്രയും നാൾ ഭയന്നിരുന്നത്. ആഴമറിയാത്തതിനെ, അളക്കാനാവാത്തതിനെ, ചെറുക്കാനാവാത്തതിനെയാണ് ഇത്രയും നാൾ ഭയന്നിരുന്നത്. കണ്ണടച്ചാൽ തെളിയുന്ന ഇരുട്ടിനെയും ഭയമായിരുന്നു. കാഴ്ചയെ, കാണുമെന്ന് ഉറപ്പുള്ളതിനെ, ഭയക്കുന്നത് ആദ്യമായായിരുന്നു. കാർന്നുതിന്നുന്ന, ഭ്രാന്തമാക്കുന്ന ഭയം.



തിരിഞ്ഞു കിടന്നു. ഇപ്പോൾ ജനാല കാണാം. അതിനുമപ്പുറം തെളിഞ്ഞുവരുന്ന ആകാശം കാണാം. ഷെഡിന്റെ മറവിൽ കിടക്കുന്ന മണ്ണുമാന്തിയന്ത്രം നിലാവും വെയിലും

മാറിമാറി പ്രതിഫലിപ്പിക്കുന്നത് കാണാം. അതിലേക്ക് നോക്കുമ്പോൾ കനൽ വാരിയിട്ടത് പോലെ നെഞ്ച് എരിയുന്നു. അതിന്റെ കൂടെ പിന്നെയും ചവർപ്പ്, വഴുവഴുപ്പ്... കണ്ണ് തുറന്നുവച്ചാലും ആവർത്തിക്കുന്ന ദുഃസ്വപ്നങ്ങളെ എങ്ങനെയാണ് കാണാതിരിക്കുക?

ഇത് പരിചയമില്ലാത്തതല്ലല്ലോ, അയാൾ സ്വയം പറഞ്ഞു. ഭയം വാക്കുകളെയും പൊള്ളയാക്കിയതുകൊണ്ട് അവ അയാളെ ആശ്വസിപ്പിച്ചില്ല. എന്നാലും അയാൾ പറഞ്ഞുകൊണ്ടേയിരുന്നു. ഈ ചവർപ്പും വഴുവഴുപ്പും ഡീസലിന്റെ ഗന്ധവും പരിചയമില്ലാത്തതല്ലല്ലോ. പ്രായാധിക്യത്താൽ ചുളുങ്ങിയ കൈകൾ വെളിച്ചത്തിലേക്ക് ഉയർത്തി, തഴമ്പിച്ച വിരലുകൾ നോക്കി പിന്നെയും ഉരുവിട്ടു. പരിചിതമാണ്. പരിചിതം ആയതുകൊണ്ട് ഭയക്കാനില്ല.

യന്ത്രങ്ങൾ, അയാളുടെ മനസ്സ് ഓർമിപ്പിച്ചു. നിയന്ത്രിക്കുന്നവരുടെ മുഖങ്ങളുള്ള യന്ത്രങ്ങൾ. നിയന്ത്രിക്കുന്നവരെ ഭയന്ന് തുടങ്ങിയാൽ യന്ത്രങ്ങളേയും...
ഇല്ല. ഇല്ല, അയാൾ സ്വയം തിരുത്തി. ഓർക്കുന്നില്ലേ. പ്രളയക്കെടുതിയുടെ സമയം. തകർന്ന വീടുകളുടെയിടയിൽ ഞെരുങ്ങിയമരുമായിരുന്ന എത്ര പേരെ.... മണ്ണിടിച്ചിലിൽപ്പെട്ട് ശ്വാസം മുട്ടി പിടഞ്ഞ എത്ര പേരെ... പൊലിയാമായിരുന്ന എത്രകുരുന്ന് ജീവനുകളെയാണ് രക്ഷിക്കാനായത്? ഈ യന്ത്രമില്ലായിരുന്നെങ്കിൽ....

അയാൾ ദീർഘമായി നിശ്വസിച്ചു. ചെറുതായ ഒരു ആശ്വാസം തോന്നി. ഊതിയാൽ അണയുന്നവയല്ലല്ലോ കനലുകൾ. ആയാസത്തോടെ കട്ടിലിൽനിന്നെഴുന്നേറ്റു, വിറയ്ക്കുന്ന കൈകൾകൊണ്ട് ഒരു കവിൾ വെള്ളം കുടിച്ചു. കനലുകൾ എരിഞ്ഞുതന്നെയിരുന്നു.

നേരം തെല്ല് വെളുത്തപ്പോൾ വാതിൽക്കൽ ആരോ മുട്ടിവിളിച്ചു പറഞ്ഞു:

"വണ്ടിയെടുക്കണം."

ഊതി കുടിച്ചുകൊണ്ടിരുന്ന കട്ടന്റെ ചവർപ്പ് വായിൽ ശക്തിയോടെ പടർന്നു. യാന്ത്രികമായ ശബ്ദം. പല വട്ടം പറഞ്ഞു തഴമ്പിച്ച പോലെ വികാരരഹിതമായാണ് അയാളിലൂടെ വാക്കുകളായി പുറത്തേക്ക് വന്നത്. അനധികൃതകുടിയേറ്റം. കോടതി ഉത്തരവ്. കുടിയേറ്റക്കാരുടെ വീടുകളും കടകളും എല്ലാം തന്നെ നാമാവശേഷമാക്കണം.

"അത് ചെയ്യാൻ എന്റെ വണ്ടി എടുക്കില്ല."

വെളിച്ചം നന്നായി തെളിഞ്ഞിരുന്നെങ്കിലും അയാളുടെ മുഖം വ്യക്തമ



ല്ലായിരുന്നു. തന്റെ പ്രതികരണം അയാളുടെ മുഖഭാവത്തിൽ ഏതെങ്കിലും രീതിയിലുള്ള മാറ്റം കൊണ്ടുവന്നോ എന്നറിയാൻ സാധ്യമല്ലായിരുന്നു. അയാളുടെ അടുത്ത വാക്കുകളും തണുത്ത് തന്നെയായിരുന്നു. യന്ത്രങ്ങൾക്ക് ചേരുംപോലെ തണുത്തത്.

"താനല്ലെങ്കിൽ മറ്റൊരാൾ." അയാൾ പറഞ്ഞു. "പക്ഷേ ഇത് ഉത്തരവാണ്. അനുസരിച്ചില്ലെങ്കിൽ..."

പറയാതിരുന്നത് ഭീകരമായിരുന്നു. പറഞ്ഞത് അതിലും ഭീകരമായിരുന്നു. താനല്ലെങ്കിൽ മറ്റൊരാൾ. ഒന്നല്ലെങ്കിൽ മറ്റൊന്ന്. യന്ത്രങ്ങൾ പകരം വയ്ക്കാനാവാത്തതല്ലല്ലോ. കൂടുതൽ കൃത്യതയോടെ, കൂടുതൽ ക്രൂരതയോടെ, കൂടുതൽ നിർവികാരതയോടെ ഇനിയും ഇനിയും യന്ത്രങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. ഒരേ മുഖവും പല മുഖംമൂടികളുമായി.



"താനല്ലെങ്കിൽ മറ്റൊരാൾ" അയാൾ ചിന്തിച്ചു. എങ്കിൽപ്പിന്നെ ഞാൻ തന്നെ ആയിക്കൂടെ? എരിയാൻ കനലുകൾ ബാക്കിയുള്ള ഒരാൾ. മനസ്സാക്ഷി ഇനിയും തണുത്തുറയാത്ത ഒരാൾ. കൈകൾ മാത്രം നിയന്ത്രണത്തിനർപ്പിച്ച, ചിന്തിക്കുന്ന, ചെറുക്കുന്ന അപൂർണമായ യന്ത്രം. ഒരു മാറ്റമല്ലേ അത്? ഒരു മാറ്റത്തിന്റെ തുടക്കമെങ്കിലും?

"ഞാൻ തന്നെ വരാം."

അകത്ത് പൊള്ളിയടരുമ്പോഴും അയാളുടെ രോമങ്ങൾ എഴുന്നു. ഒന്ന് തണുത്ത കാപ്പി ഒറ്റയിറക്കിനു കുടിച്ച്, മുഖം അറിയാത്ത ആ യന്ത്രമനുഷ്യന്റെ കൂടെ അയാൾ പുറത്തേക്ക് നടന്നു...

ആ ചേരികൾ സുപരിചിതമായിരുന്നു. വണ്ടിയിലായും അല്ലാതെയും പലതവണ അയാൾ കണ്ടതും നടന്നതുമായ റോഡുകൾ, നടപ്പാതകൾ, ഗലികൾ. ഇടുങ്ങിയ ഒറ്റമുറി വീടുകൾ. വിശപ്പടങ്ങാത്ത നഗരം കടിച്ചുതുപ്പുന്ന അവശിഷ്ടങ്ങൾ പെറുക്കി വിറ്റ് ജീവിക്കുന്ന ഒരുപറ്റം ജനങ്ങൾ. അവരുടെ ആകെയുള്ള സമ്പാദ്യമായ ഈ ഭൂമി, ഈ കടകൾ, ഈ വീടുകൾ... എല്ലാം ഏതാനും നിമിഷങ്ങൾക്കുള്ളിൽ...

നാവിൽ നിറയുന്ന ചവർപ്പിനെ ആയാസത്തോടെ അയാൾ വിഴുങ്ങി. പണ്ട് വരുമ്പോൾ ശബ്ദമയമായിരുന്ന ഈ തെരുവുകളിൽ ഇപ്പോൾ യന്ത്രങ്ങളുടെ മുഴക്കം മാത്രം. ആളപായമൊഴിവാക്കാൻ പോലീസ് നേരത്തെതന്നെ ഗലികൾ അടച്ചിരുന്നു. ഇരുമ്പഴികൾക്കിടയിലൂടെ ഒരുപറ്റം ജനം കാലങ്ങളായി അടിച്ചമർത്തപ്പെട്ടവരുടെ നിസ്സംഗതയോടെ നോക്കിനിന്നു. എന്നാൽ അഴികളിൽ മുറു



ക്കിയ കൈകളിൽ തൊലി എല്ലുകൾക്ക് മീതെ വലിഞ്ഞും ഞരമ്പുകൾ എഴുന്നും കാണപ്പെട്ടു.

അയാളുടെ കണ്ണുടക്കിയതും എന്നാലയാൾക്ക് നോക്കാൻ കഴിയാതിരുന്നതും കുഞ്ഞുങ്ങളെയായിരുന്നു. ലോകത്തെ കൗതുകത്തോടെ മാത്രം നോക്കാൻ പ്രായമുള്ള, ലോകത്തിനു മരിപ്പിക്കാൻ നിഷ്കളങ്കത ബാക്കിയുള്ള കുഞ്ഞുങ്ങൾ. പണ്ട് ഈ യന്ത്രവുമായി വരുമ്പോഴെല്ലാം സന്തോഷത്തോടെയും ചെറിയ സങ്കോചത്തോടെയും അടുത്തേക്ക് ഓടിവരികയും, എഞ്ചിന്റെ ഇരമ്പലും പൊങ്ങിത്താഴുന്ന യന്ത്രക്കൈയുടെ പ്രവർത്തനവും കണ്ട് ആഹ്ലാദം നിറഞ്ഞ് ചിരിക്കുകയും ചെയ്ത കുഞ്ഞുങ്ങൾ. അവർ ആശ്ചര്യത്തോടെ യന്ത്രത്തിൽ തൊട്ടുനോക്കിയതും, നൂറായിരം ചോദ്യങ്ങൾ ചോദിച്ചതും, തനിക്കറിയാവുന്ന രീതിയിൽ ഉത്തരങ്ങൾ നൽകിയതും ഓർക്കുമ്പോൾ കനലുകളുണ്ടാക്കുന്ന പുകച്ചിൽ താങ്ങാനാവാത്തതായി. അവരുടെ കണ്ണിലെ കൗതുകത്തെ കൊല്ലാൻ പോകുന്നതും നിസ്സംഗത നിറയ്ക്കാൻ പോകുന്നതും താനാണെന്ന അറിവിൽ അയാൾ നടുങ്ങി. ഭയം അയാളെ ദുർബലനാക്കി. ദുർബലത അയാളെ ഭീരുവാക്കി.

കഠിനപ്പെട്ടേ പറ്റുമായിരുന്നുള്ളൂ. തണുത്തുറഞ്ഞേ പറ്റുമായിരുന്നുള്ളൂ. കൈകൾ മാത്രമല്ല, കണ്ണുകളും കാതുകളും ചിന്താശേഷിയും അയാളെ തന്നെയും യന്ത്രത്തിന് സമർപ്പിച്ചേ പറ്റുമായിരുന്നുള്ളൂ. അത് ചെയ്തപ്പോൾ അത്രയും നേരം ചെറുത്തുനിന്ന കനലുകൾ പതുക്കെ അണഞ്ഞു. മരിച്ചതുപോലെ അയാളുടെ ശരീരം മരവിച്ചു.

"യന്ത്രങ്ങൾ തയ്യാറാണോ?" ആരോ വിളിച്ചു ചോദിച്ചു. യന്ത്രങ്ങൾക്ക് ഉത്തരം പറയാനാകുമോയെന്ന് അയാൾ ചിന്തിച്ചു.

"തയ്യാറാണ്", അയാൾ പറഞ്ഞു. ആ സമയത്ത് അയാളുടെ ശബ്ദവും യാന്ത്രികവും നിർവികാരവുമായിരുന്നു. താനും യന്ത്രവും പിരിച്ചെടുക്കാനാവാത്തത് പോലെ ഒന്നാകുന്നത് അയാൾ തിരിച്ചറിഞ്ഞു. വിചാരിച്ചതിലും എത്രയോ, എത്രയോ മടങ്ങ് എളുപ്പത്തിൽ.

പൊടിയടങ്ങിയപ്പോൾ ആ ചേരികൾ ഒരു ശ്മശാനത്തെ ഓർമിപ്പിച്ചു. മരണത്തിനെയും കല്ലറകളെയും ഓർമിപ്പിച്ചു. ഒരാൾക്കും ഒരു പോറൽ പോലും ഏറ്റില്ലെങ്കിലും ആരുടെയൊക്കെയോ മരണം നടന്നതായി അയാൾക്ക് തോന്നി. ഒരിറ്റ് ചോര പോലും പൊടിഞ്ഞില്ലെങ്കിലും അയാളുടെ കൈകൾ കഴുകിക്കളയാനാവാത്ത വിധം ചോരയിൽ മുങ്ങി. ഒരാളെ എതെല്ലാം, രീതിയിൽ കൊലപ്പെടുത്താം? ഒരാൾക്ക് എതെല്ലാം തരം മരണങ്ങളിലൂടെ ജീവിച്ചിരിക്കുമ്പോഴും കടന്നുപോകാം? വേരോടെ പിഴുതെറിയുന്നത്, കയ്യെത്തും ദൂരത്തു നിന്ന യാഥാർഥ്യങ്ങളെ

വീണ്ടും സ്വപ്നങ്ങൾ മാത്രമാകുന്നത്. സ്വാതന്ത്ര്യം ചങ്ങലകളിലാകുന്നത്. തലയുയർത്താൻ ശ്രമിക്കുന്നവരുടെ തല താഴ്ത്തിപ്പിക്കുന്നത്. പറക്കമുറ്റി നിൽക്കുന്നവരുടെ ചിറകുകൾ അരിയുന്നത്. എല്ലാം ഓരോരോ മരണങ്ങൾ. ഓരോരോ കൊലപാതകങ്ങൾ. കെട്ടിടങ്ങൾ യന്ത്രങ്ങൾക്ക് കീഴിൽ തകർന്നമർന്നപ്പോൾ അയാളും കൊലപാതകിയായി മാറി. തിരിച്ചുനടക്കാൻ കഴിയാത്ത വിധം, തിരിച്ചുപോയാൽ കൂടുതൽ നാശം മാത്രം വന്നുഭവിക്കത്തക്കവണ്ണം അയാൾക്ക് പിന്നിൽ വഴികൾ അപ്രത്യക്ഷമായി.

അന്നും ഉറക്കം വരില്ലെന്നാണ് ഓർത്തത്. സ്വപ്നങ്ങളുടെയും ജീവിതങ്ങളുടെയും ശ്മശാനത്തിൽനിന്ന് തിരിച്ചെത്തിയ ഒരാൾക്ക് ഉറക്കം എങ്ങനെ സാധ്യമാകും? അയാൾ എങ്ങനെ വിശപ്പും ദാഹവും അടക്കും? പ്രേതങ്ങൾ അലട്ടില്ലേ? ചോരയുടെ ഗന്ധത്തിന്റെയും, കുഞ്ഞുകണ്ണുകളിലെ നിസ്സംഗതയുടെയും, ഒരേ മുഖമുള്ള മനുഷ്യരുടെയും, ശബ്ദമില്ലാത്ത ശബ്ദങ്ങളുടെയും, കെട്ട കനലുകളുടെയും ആയിരമായിരം പ്രേതങ്ങൾ? അയാളതറിഞ്ഞില്ല. യന്ത്രങ്ങൾ പ്രേതങ്ങളെ ഭയക്കാറില്ലല്ലോ. ഭയം അയാൾക്ക് അപ്രസക്തമായിരുന്നു. അതുകൊണ്ട് കിടന്നപാടെ അയാളുറങ്ങി കണ്ണടച്ചപ്പോൾ തന്നെ സ്വപ്നം വീണ്ടും തെളിഞ്ഞു. അയാളുടെ തൊലിക്ക് തുരുമ്പിച്ച മഞ്ഞനിറവും ലോഹത്തിന്റെ തണുപ്പും. അയാളുടെ കൈകൾ നേർത്തും നഖങ്ങൾ കൂർത്തുമിരുന്നു. ഗ്രീസിന്റെ വഴുവഴുപ്പ് അയാൾ അസ്ഥികൾക്കിടയിൽ അറിഞ്ഞു. ഡീസലിന്റെ രൂക്ഷഗന്ധം നാസികയിൽ നിറഞ്ഞു. ഹൃദയം നേരത്തെ നിലച്ചിരുന്നു. ആദ്യത്തെ കെട്ടിടം തകർക്കാൻ കൈ ഉയർത്തിയ ആ നിമിഷം തന്നെ. അതിനു പകരം എഞ്ചിന്റെ ഇരമ്പൽ നെഞ്ചിൻകൂടിൽനിന്നുയർന്ന് ചെവി തുളച്ചു. അയാളും അങ്ങനെ ഒരു മണ്ണുമാന്തിയന്ത്രമായി മാറി. പൂർണമായ, തികഞ്ഞ ഒരു യന്ത്രം. യന്ത്രങ്ങളുടെ ഇരമ്പലിനും മുകളിൽ ശബ്ദമുയർത്തിയില്ലെങ്കിൽ നമ്മളും യന്ത്രങ്ങളായി മാറും. ഒരേ മുഖമുള്ള, മനുഷ്യനെ മനുഷ്യനാക്കുന്നതിനെ മാന്തിയെറിയുന്ന യന്ത്രങ്ങൾ. ഞാനും നീയും... നമ്മളോരോരുത്തരും.

The Bulldozers are ready!!!





# THE BULLDOZER

Have you seen a bulldozer?
It closely resembles the brain of an eccentric ruler
Who never ponders
it requires just command
it unleashes all-round destruction
When the eccentric ruler comes out from his dreamy world
the country gets reduced to debris
The eccentric ruler tries to stand on the debris But he had lost his spinal cord
He seeks to laugh loudly
The bulldozer knocked down his jaw, and all teeth
the bulldozer recognizes none!"

Rajesh Joshi





തലക്കെട്ടിലൂടെയെല്ലാം കണ്ണോടിച്ചു കഴിഞ്ഞെങ്കിൽ...
ചിത്രങ്ങളെല്ലാം കണ്ട് ആസ്വദിച്ചു കഴിഞ്ഞെങ്കിൽ...
ഇപ്പോൾ ഇത് അടച്ചുവയ്ക്കുക.

മാഗസിന്റെ താളുകൾ മറിച്ചു തീർക്കാനുള്ള വ്യഗ്രതയിൽ
നിങ്ങൾ ഇത് വായിക്കാൻ മറന്നിരിക്കാം...

പിന്നീടൊരിക്കൽ പൊടിപിടിച്ച പുസ്തകങ്ങൾ ഒതുക്കി
വെയ്ക്കുന്നതിനിടയിൽ ഇത് നിങ്ങളുടെ കണ്ണിൽ
ഉടക്കിയെന്നിരിക്കാം.

അന്ന് അല്പം സമയം മാറ്റിവെച്ച് നിങ്ങൾ ഇത് വായിക്കുക.
തുടക്കം മുതൽ ഒടുക്കം വരെ സസൂക്ഷ്മം വായിക്കുക.

തലക്കെട്ടിനും ചിത്രങ്ങൾക്കും അമിതപ്രാധാന്യം കൊടുക്കാതെ
ഉള്ളടക്കത്തിൽ ലയിച്ച് ചേരുക.

നിങ്ങൾ ജീവിച്ചുപോന്ന ഒരു കാലഘട്ടത്തിന്റെ അന്തരീക്ഷവും
അനിശ്ചിതത്വവും അടയാളപ്പെടുത്തിയ ഒരു പുസ്തകം
നിങ്ങൾക്ക് അന്ന് പരിചിതമാകും.

അന്ന് നിങ്ങൾ ഇതിനെ ചരിത്രരേഖ ആയി വിലയിരുത്തുക.

എമിൽ എൽദോ



എസ്ലി എലിയാസ്   സാറാ ചന്ദന ഭാസ്   ഡോ. സാജു മാത്യു   എമിൽ എൽദോ   ഡോ. ഗീതിക ജി.

# മാഗസിൻ കമ്മിറ്റി

എമിൽ എൽദോ സ്റ്റുഡന്റ് എഡിറ്റർ
ഡോ. സാജു മാത്യു സ്റ്റാഫ് എഡിറ്റർ
റിസ്‌വി ചാറ്റർജി സബ് എഡിറ്റർ/ഡിസൈനർ
ഡോ. ഗീതിക ജി.
തരുൺ ജോർജ് ഫിലിപ്പ്
ഗീതു ചോൾ
ടോം ജോസ്
അനീറ്റ അജി
ബേസിൽ എൽദോസ്
ബേസിൽ രാജു
എസ്ലി എലിയാസ്
സാറാ ചന്ദന ഭാസ്

## ഭാഷാസഹായം

മലയാളം ഡോ. സാജു മാത്യു
ഹിന്ദി ഡോ. ആർ. എസ്. രാധിക
ഇംഗ്ലീഷ് അനു എസ്.

## കടപ്പാട്



റിസ്‌വി ചാറ്റർജി അനീറ്റ അജി തരുൺ ജോർജ് ഫിലിപ്പ് ബേസിൽ എൽദോസ്

ചിത്രത്തിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയവർ –
ഗീതുവും ബേസിലും ടോമേട്ടനും

# നന്ദി

**കവർ ഡിസൈൻ** ഭാഗ്യലക്ഷ്മി പി. ജെ.

**വരകൾ** ഗീതു പോൾ, വീണ വർഗീസ്, ശ്രീലക്ഷ്മി എസ്. എസ്., അമീന കെ.ജെ., സാനിയ വി. എസ്., സഹൽ, അമീന സിയാദ്, ഹൃസ്റ്റ കെ., കൃപ സൊരബി തോമസ്, സാറാ സിജി, അനഘ കെ. വി., ജുമാന ഹസീൻ, ഫാത്തിമ സഹ, ഫസീൽ യൂസഫ്, ജി. സൗപർണിക, ഷിഫാസ് റഹമാൻ സിദ്ദിഖി, അമൃത ബൈജു, ഋതു

**ശബ്ദം നൽകിയവർ** സാന്ദ്ര സുധാകരൻ, ജെഫി തോമസ്, ജെസ്‌ലി ജോഷി, ഹൃദ്യ പി. എസ്.

**വരികൾക്ക്** സാറ ചന്ദ്ര ദാസ്, അപർണ ഹരീഷ്

**തുടക്കം മുതൽ ഒടുക്കം വരെ ഒപ്പം നിന്നവർ** ജയകൃഷ്ണൻ, പാർവതി രാജീവ്, മുസ്‌ഫിർ

ഇനിയും പൂർത്തിയാവാത്ത നിങ്ങളുടെ
എഴുത്തുകൾ പൂർത്തിയാവുന്നപക്ഷം
ഇവിടെ കുറിക്കാം.
നിങ്ങളുടെ വാക്കുകൾക്ക് വിലങ്ങിടാൻ
ഇവിടെ ആരുമില്ല.

Finished,
it's finished,
nearly finished,
it must be nearly finished."

**Endgame**

Samuel Beckett

യൂ.സി. കോളേജ്, ആലുവ
മാഗസിൻ 2021-22